# ഡി. എം. പൊറ്റേക്കാട്
# സ്മരണിക



920
DMP

30–ാം ചരമവാർഷികം

2001 നവംബർ

TAFI

IATA

# OLYMPUS TRAVELS PVT. LTD.

**Safa Complex, M.G. Road,**
**Ravipuram, Cochin-682016**


**Tel: 365811, 369544, 353852, 373640, 370275, 370276, 380677**
**Fax: 0484-370845**

**BRANCH:**

**SIVATHA COMPLEX,**
**MODEL SCHOOL JUNCTION**
**TRIVANDRUM-695001**

TEL: 321106, 326971, 326979, 332548
FAX: 0471-326972


# ഡി.എം. പൊറ്റേക്കാട്
# സ്മരണിക



PC Library & Research Center

4661


**സാരഥി പബ്ലിക്കേഷൻസ്**
**തൃപ്രയാർ, പി.ഒ. നാട്ടിക**
**തൃശ്ശൂർ, പിൻ - 680 566**
**ഫോൺ 0487 - 397164**



Ajayakumar.P.G

Premlal Pottekkat





Valsan Pokkanchery

# D.M POTTEKKAT SMARANIKA

920 Dmp

Chief Editor : Premlal Pottekkat

Editors : Valsan Pokkanchery
Ajayakumar.P.G
Dinesh Raj.K
Vasudevan. T.K.

Photographer : Salim Jose

Artist : Ganesan

D.T.P : Ramachandran.P
J.P. Computers
Thriprayar

Published by : Saradhi Publications
Thriprayar, Post Nattika
Thrissur
Ph: 0487 - 397164

For Private Circulation Only - November 2001



Vasudevan.T.K



Dinesh Raja. K

**ഡി.എം** എന്ന പേരിൽ അറിയപ്പെട്ടിരുന്ന, വളരെ അടുത്തവർ 'ദാമു' എന്ന് വിളിച്ചിരുന്ന ഡി.എം. പൊറ്റേക്കാട് അകാലചരമം പ്രാപിച്ചിട്ട് നവമ്പർ പതിനൊന്നിന് മുപ്പത് വർഷങ്ങൾ തികയുന്നു. കൊതിതീരും വരെ പടപൊരുതാൻ കഴിഞ്ഞില്ലല്ലോ എന്നൊരു ദുഃഖം മാത്രമേ മരണസമയത്തും ആ ഒറ്റയാന്റെ മനസ്സിലുണ്ടായിരുന്നിരിക്കുവാൻ സാദ്ധ്യതയുള്ളൂ. പുരോഗമന സാഹിത്യകാരൻ, രാഷ്ട്രീയപ്രവർത്തകൻ, പത്രപ്രവർത്തകൻ, സിനിമാസംവിധായകൻ, നിർമ്മാതാവ് എന്നീ നിലകളിൽ അക്കാലത്ത് കേരളം മുഴുവൻ നിറഞ്ഞു നിന്നിരുന്ന വ്യക്തിയായിരുന്നു ഡി.എം. പൊറ്റേക്കാട്. വിപ്ലവപാർട്ടികൾക്ക് വേണ്ടി അക്ഷരാർത്ഥത്തിൽ തൂലിക പടവാളാക്കിയ ഡി.എം. ആ പാർട്ടികൾക്കുപോലും വിസ്മൃതനാണിപ്പോൾ.

**നവംബർ പതിനൊന്ന് ....**

**കൊടി തോരണങ്ങൾ ഉയർന്നില്ല !**
**രക്ത പുഷ്പാർച്ചന നടന്നില്ല !**
**ഉച്ചഭാഷിണികൾ ഗർജ്ജിച്ചില്ല !**
**അച്ചടിശാലകളിൽ ഡി.എമ്മിന്റെ ഛായാചിത്രങ്ങളിൽ മഷിപുരണ്ടില്ല !**

മാധ്യമ, ദൃശ്യമാധ്യമസങ്കേതങ്ങളിലൂടെ സമരസായൂജ്യം പുണരുന്ന ജനനേതാക്കൾക്ക് മുന്നിൽ പൊരുതുന്ന സാഹിത്യകാരനായിരുന്ന ഡി.എം. പൊറ്റേക്കാടിനെപ്പോലെയുള്ളവർക്ക് എന്ത് പ്രസക്തി ?!
ഇല്ല, ഞങ്ങൾ നൊമ്പരപ്പെടുന്നില്ല...
ദൈവങ്ങളും ആചാരങ്ങളും അന്യമായ ഡി.എമ്മിന്റെ ആത്മാവിന് ഞങ്ങൾ ശാന്തി നേരുന്നില്ല...
ഏതിനും സ്മാരക സ്തൂപങ്ങളും മന്ദിരങ്ങളും പടുത്തുയർത്തുവാൻ മനസ്സും മോഹവുമില്ലാത്ത ഒരു പിടി സാധാരണക്കാർ പൊറ്റേക്കാടിനെ ഇന്നത്തെ തലമുറക്ക് പരിചയപ്പെടുത്തുവാൻ തീവ്രശ്രമം നടത്തുകയാണ്. ഡി.എമ്മിന്റെ തന്നെ ഭാഷ കടമെടുത്താൽ "ആശ്ലേഷിക്കാൻ വളരെയൊന്നും വക കണ്ടില്ലെങ്കിൽ പോലും നിങ്ങൾക്ക് വളരെ പെട്ടെന്ന് അവഗണിക്കാൻ കഴിയില്ലെന്ന് ഞാൻ ഉറപ്പു നൽകുന്നു."


11/11/01

പ്രേംലാൽ പൊറ്റേക്കാട്
ചീഫ് എഡിറ്റർ

തൃപ്രയാർ,
11.11.2001.



**പി. സുശീല, രാമു കാര്യാട്ട്, വയലാർ, ദേവരാജൻ, ഡി. എം, യേശുദാസ് – പടം – കളിത്തോഴി)**



**ഡി. എം. റഷ്യയിൽ (ഇടത്തുനിന്ന് രണ്ടാമത്)**

# ഡി.എം. പൊറ്റേക്കാട് കൈപ്പടയിലെഴുതിയ "രമണന്റെ" മുഖക്കുറിപ്പ്

ഇന്നും, ഇതിലുണ്ടായേക്കാവുന്ന പോരായ്മകളുടെ
ഭാരം പോലും എനിക്കിന്നു കൊതിപ്പിക്കുന്ന
ഒരു ദിവ്യ വിശേഷമാണ്. കാരണം എന്നെ-
സ്സംബന്ധിച്ചിടത്തോളം ഈ രമണന്റെ നിർമ്മാണ
വേളയിൽ, ഞാനും പരിശ്രമിച്ചുകൊണ്ട് കൂടി വിരോധ-
ങ്ങളൊക്കെ പൊറുത്തിരുന്ന ഒരു നീണ്ട
സുഖഭൂമിയാണ്.

അങ്ങനെ, ഉദ്യാനപാലകരുടെ ഇപ്പുറമെ
മാത്രം. ഒക്കെയായി, മലയാളസാഹിത്യവേദി-
യിലെത്തുന്ന ഈ പുതിയ പതിപ്പിന് കാരണം,
ഇതിലെ സന്ദേശം സ്വീകരിക്കുക — ഇതുപോലിരിക്കാൻ
ങ്ങളൊന്നും പകർന്നെടുക്കാൻ പോലും
അവരെ നിങ്ങൾ വളരെയധികം
സാഹസികരാക്കിയില്ലെന്ന് ഞാൻ വിശ്വ-
സിക്കുന്നു.

ആദരപൂർവ്വം
[illegible]
ഡി.എം. പൊറ്റേക്കാട്ട്.

# ഡി.എം. പൊറ്റേക്കാടിന്റെ ചരമത്തിൽ അനുശോചനം

**മദിരാശി, നവംബർ 24:** വിപ്ലവകാരിയായ സാഹിത്യകാരനും ചലച്ചിത്ര സംവിധായകനുമായിരുന്ന ശ്രീ ഡി.എം. പൊറ്റെക്കാടിന്റെ ചരമത്തിൽ മദിരാശി കേരളസമാജം അനുശോചനം രേഖപ്പെടുത്തിയിരിക്കുന്നു.

യോഗത്തിൽ സുപ്രസിദ്ധ ചലച്ചിത്ര നിർമ്മാതാവ് എം.ഒ.ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ശ്രീ പൊറ്റെക്കാട് സ്വന്തം അഭിപ്രായങ്ങളിൽ അടിയുറച്ചുനിന്ന ഒരു വിപ്ലവകാരിയായിരുന്നെന്ന് ശ്രീ രാമു കാര്യാട്ട് പ്രസ്താവിച്ചു. സോഷ്യലിസ്റ്റ് റിയലിസം സ്വന്തം ചെറുകഥകളിലൂടെ കേരളീയർക്ക് പരിചയപ്പെടുത്തിയ അദ്ദേഹം 'പൊരുതുന്ന സാഹിത്യം' എന്ന ഒരു പുതിയ ശൈലി തന്നെ രൂപപ്പെടുത്തിയെന്നും ജീവിതത്തിന്റെ എല്ലാ തുറകളിലും സാഹസികനായ ഒരു പോരാളിയായിരുന്നെന്നും ശ്രീ കാര്യാട്ട് പറഞ്ഞു.

ആരുടെ മുന്നിലും സഹായത്തിന് കൈനീട്ടാതെ സ്വന്തം ആശയാദർശങ്ങളിൽ അടിയുറച്ചുനിന്ന ശ്രീ പൊറ്റേക്കാടിന് ചലച്ചിത്രരംഗത്തേക്ക് വന്നപ്പോൾ, സാമ്പത്തിക സഹായത്തിന്റെ അഭാവം മൂലം സ്വന്തം കഴിവുകൾ മുഴുവൻ പ്രകടിപ്പിക്കാൻ കഴിഞ്ഞില്ലെന്നു ശ്രീ പി. ഭാസ്കരൻ അറിയിച്ചു. ആദർശധീരനായ ഒരു കലാകാരനായിരുന്നു ശ്രീ പൊറ്റേക്കാട് എന്നദ്ദേഹം പറഞ്ഞു.

1948-51 ൽ കമ്മ്യൂണിസ്റ്റ് പ്രവർത്തനകാലത്ത് ഒളിവുജീവിതം മുതൽ മരണകാലം വരെ തന്റെ ഒരടുത്ത സുഹൃത്തായിരുന്ന ശ്രീ പൊറ്റേക്കാടിന്റെ സാഹിത്യസൃഷ്ടികളിൽ വിപ്ലവാദർശങ്ങളോടൊപ്പം അന്തർലീനമായ റൊമാന്റിസവും കാണാമെന്ന് തുടർന്നു പ്രസംഗിച്ച ശ്രീ പി.രാമൻ മേനോൻ പറയുകയുണ്ടായി. അതിസാഹസികത്വം പോലെ തന്നെ അതിർ കവിഞ്ഞ മനുഷ്യസ്നേഹവും ശ്രീ പൊറ്റേക്കാടിന്റെ വ്യക്തിമുദ്രകളായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു.

സാഹിത്യരംഗത്ത് തന്നെ ഉറച്ചു നിന്നിരുന്നെങ്കിൽ ഇന്നത്തേക്കാൾ മഹത്തായ സ്ഥാനം മലയാള സാഹിത്യത്തിൽ നേടിയെടുക്കാൻ സാധിയ്ക്കുമായിരുന്ന സർഗ്ഗ പ്രതിഭ ശ്രീ പൊറ്റേക്കാടിനുണ്ടായിരുന്നുവെന്നും സാഹിത്യസരണയിൽ സ്വന്തമായ ഒരു വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞ ഒരാളാണദ്ദേഹമെന്നും ശ്രീ പാറപ്പുറത്തും, സരളവും വളച്ചുകെട്ടില്ലാത്തതുമായ വ്യക്തത്വമായിരുന്നു ശ്രീ പൊറ്റേക്കാടിന്റേതെന്നും സോദ്ദേശവും ഹൃദയത്തിൽ ആഴ്ന്നിറങ്ങുന്നതുമായ ചെറുകഥളിലൂടെ അദ്ദേഹം സ്വന്തമായ ഒരു സ്ഥാനം മലയാളസാഹിത്യത്തിൽ സൃഷ്ടിച്ചിട്ടുണ്ടെന്ന് ശ്രീ പവനനും അഭിപ്രായപ്പെട്ടു.

മയക്കോവ്സ്കിയെക്കുറിച്ച് സ്റ്റാലിൻ പറഞ്ഞതുപോലെ 'മുഖഛായയുള്ള ഒരു ശബ്ദ'മായിരുന്നു ഡി.എം. പൊറ്റേക്കാടിന്റേതെന്നും, അന്വേഷണകുതുകമായ ഒരു ക്യാമറ സ്വന്തം ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന അദ്ദേഹം അതിലൂടെ വേദനിക്കുന്ന മനുഷ്യന്റെ അനുഭവങ്ങളെ പകർത്തിയെടുത്ത് കലാസുഭഗമായി ആവിഷ്കരിക്കാൻ കഴിഞ്ഞിരുന്ന ഒരു നല്ല ചെറുകഥാകൃത്തായിരുന്നുവെന്നും ശ്രീ വയലാർ രാമവർമ്മ പ്രസ്താവിച്ചു.

# താളുകൾ സമ്പുഷ്ടമാക്കിയവർ

പ്രൊഫ. എം.എൻ. വിജയൻ

വൈക്കം ചന്ദ്രശേഖരൻ നായർ

പവനൻ

കാറളം ബാലകൃഷ്ണൻ

സി.വി. ശ്രീരാമൻ

ധീരപാലൻ ചാളിപ്പാട്ട്

വിജയൻ കരോട്ട്

ദേവസ്സിക്കുട്ടി

ദത്ത്

ഡി.എം. പൊറ്റേക്കാട്

എം.എസ്. ദേവദാസ്

ഒ. ദിവാകരൻ

ഒ. മാധവൻ

കൊച്ചനുജപ്പിഷാരോടി

വിജയരാജ്

എ.സി.സാബു

സലിംരാജ്.പി

അശോകൻ ചരുവിൽ

പി.യു. ഗംഗാധരൻ

കെ.പി. മോഹനൻ


പുഷ്പൻ ചെമ്മാപ്പിള്ളി

എം. കുട്ടികൃഷ്ണൻ

പി.ജി. അജയകുമാർ

പി. ഗോവിന്ദപ്പിള്ള





# "വിപ്ലവം ജയിക്കട്ടെ" രണ്ടു വാക്കല്ല ഒരു ജനതയുടെ ഇച്ഛയാണ്

പ്രൊഫ. എം. എൻ. വിജയൻ

ഡി.എം. പൊറ്റേക്കാട് ഇടതുപക്ഷ പുരോഗമന സാഹിത്യകാരനായിരുന്നു. ഇടതുപക്ഷ പുരോഗമനസാഹിത്യം സാംസ്കാരിക വളർച്ചയുടെ ഭാഗമാണ്. പുരോഗമനസാഹിത്യം ആരംഭിക്കുന്ന കാലത്തുണ്ടായിരുന്ന സാഹിത്യാഭിരുചി പഴയ ഫ്യൂഡൽ കാലഘട്ടത്തിലെ അനുഭവത്തിന്റെയും അഭിരുചിയുടേയും തുടർച്ചയാണ്. അന്നുണ്ടായിട്ടുള്ള സാഹിത്യാനുഭവങ്ങളും, സാഹിത്യ രചനകളും പലരീതിയിൽ സാഹിത്യം മാറ്റിമറിച്ചു. അതെല്ലാം സഹിയ്ക്കാൻ കാലഘട്ടത്തിന് വളരെ വിഷമമായിരുന്നു. അത് പലതരത്തിലും പ്രത്യക്ഷപ്പെട്ടു. എഴുത്തും സാഹിത്യവും എല്ലാ കലകളും വിനോദത്തിനുള്ള ഒരു ഉപകരണമാണ് എന്ന ഇടക്കാലധാരണയിൽ നിന്ന് അത് സമുദായത്തിന്റെ മാറ്റത്തിനുള്ള ഉപകരണം കൂടിയാണ് എന്നുള്ള ധാരണയിലെത്തി. വിശക്കുന്ന ആളുകളുടെ അഭിരുചി യുടെ-ടേസ്റ്റിന്റെ-ഒരു ഭാഗം കൂടി ഈ പാരമ്പര്യത്തിന്റെ ഭാഗമായിരുന്നു. പുരോഗമന സാഹിത്യപ്രസ്ഥാനങ്ങളുടെ പോരാട്ടം ഉയർന്നുവന്നത് അക്കാലത്താണ്. ഡി.എം.പൊറ്റേക്കാടിനെപ്പോലുള്ളവരുടെ തൂലികകൾ പടവാളായതും ഇക്കാലത്തു തന്നെ.. അതുകൊണ്ടാണ് ഡി. എമ്മിനെ മുദ്രാവാക്യ എഴുത്തുകാരൻ എന്ന് ഒരുകൂട്ടം ആൾക്കാർ പരിഹസിച്ചിരുന്നത്. അത് ഒരു നിലക്ക് പകുതി ശരിയുമാണ്. കാരണം മുദ്രാവാക്യം വാക്യത്തിനുവേണ്ടി എഴുതുന്ന ഒന്നല്ല, മറിച്ച് മാറ്റത്തിനുവേണ്ടി എഴുതുന്ന ഒന്നാണ്. അതുകൊണ്ട് മുദ്രാവാക്യം ഒരു വ്യക്തിയുടെ മാത്രമല്ല ഒരു സമൂഹത്തിന്റേയും കാലഘട്ട ത്തിന്റേയും സംഗ്രഹമാണ്. വിപ്ലവം ജയിക്കട്ടെ എന്നുപറയുന്നത് രണ്ടു വാക്കല്ല, മറിച്ച് അത് ഒരു ജനതയുടെ ഇച്ഛയാണ്. അതുകൊണ്ടാണ് അത് ഒരു ജനതയുടെ കവിതയായിത്തീരുന്നത്. എന്നാൽ ഇതിനു പകരം ഇണകളുടെ സൗന്ദര്യത്തേയോ പൂക്കളുടെ സൗന്ദര്യത്തേയോ വർണ്ണിക്കുന്നതായ കഥകളോ, കവിതകളോ ഉള്ള സാഹിത്യസൃഷ്ടികൾ മാത്രം ആസ്വ ദിച്ചു പോരുന്ന ആളുകളും നമ്മുടെ ഇടയിലുണ്ട്. അവർക്ക് സാഹിത്യം നാടുമാറ്റിയെടുക്കാനുള്ള ഒരു ഉപകരണം കൂടിയാണ് എന്ന ആശയം വളരെ പെട്ടെന്ന് ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നായിരുന്നില്ല. അതുകൊണ്ട് മുദ്രാവാക്യം എഴുത്തുകാരൻ എന്നുപറയുന്നത് ഭാഗികമായി ശരിയും ഒരു തരത്തിൽ പ്രശംസയുമാണ് എന്നു വേണമെങ്കിൽ പറയാം. മുദ്രാവാക്യം ഇന്നത്തെ ലോകത്തുനിന്ന് വ്യത്യസ്തമായ നാളത്തെ ലോകത്ത് മാറ്റം നേടാനുള്ള ഒരു സാമൂഹ്യഇച്ഛാശക്തിയും അതു നേടിയെടുക്കാനുള്ള കൂട്ടായ പ്രവർത്തനവുമാണ്.

ഇതു പിന്നീടുള്ള കാലഘട്ടത്തിൽ മറ്റൊരു മാറ്റം വരുത്തി. പ്രത്യേകിച്ച് ആധുനിക കാലഘട്ടത്തിൽ. വിശപ്പിന്റെ കാലമെന്നു പറയുന്ന ഞങ്ങളുടെ കാലം-സാഹിത്യകാരൻമാർ വിശപ്പ് എന്താണെന്ന് അറിയുകയും, വിശപ്പ് ആണ് ലോകത്തിലെ ഏറ്റവും വലിയ സത്യം എന്ന് മനസ്സിലാക്കുകയും ചെയ്തു. ഇന്ന് വിശപ്പ് അത്ര പ്രധാനമല്ലാതായിത്തീരുന്ന ഒരു കാലഘട്ടത്തിലേക്ക് നാം മാറിയിരിക്കുന്നു. വീണ്ടും തിരിച്ച് അങ്ങോട്ടും ഇങ്ങോട്ടും നോക്കിയപ്പോൾ ആളുകളെ അത്ഭുതപ്പെടുത്തുന്നത് വാസ്തവത്തിൽ ഇങ്ങിനെ വിശക്കുന്ന ഒരു കാലം ഉണ്ടായിരുന്നോ എന്നാണ്.

പലനാൾ പട്ടിണി കിടന്ന കേരളീയരാണ് പട്ടിണിയെപ്പറ്റി കഥയെഴുതിയിട്ടുള്ളത്, വിശപ്പിനെപ്പറ്റി കവിതയെഴുതിയിട്ടുള്ളത്. ഇതിന്റെ അവസാനത്തിൽ ഇവരുടെ ഇത്തരം പ്രവർത്തനങ്ങൾ കൊണ്ട് ശ്രീനാരായണ സ്വാമികളുടെ പ്രവർത്തനം മുതൽക്കുള്ള സാമൂഹ്യ പ്രവർത്തനങ്ങളുടേയും രാഷ്ട്രീയ പ്രവർത്തനങ്ങളുടേയും ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളുടേയും ഫലമായിട്ട് മാറിത്തീർന്ന സുഖകരമായ കേരളത്തിലാണ് ഇന്ന് മലയാളികൾ ജീവിക്കുന്നത്. ഇങ്ങനെ ജീവിക്കുമ്പോൾ മുമ്പുള്ള കേരളം എന്തായിരുന്നെന്നോർക്കേണ്ട ഒരു ബാധ്യത നമുക്കുണ്ടെങ്കിലും ആ ബാധ്യതയെ പോലും നാം ഓർക്കാറില്ല. അതുകൊണ്ടാണ് പല പ്പോഴും ഈ സ്വാതന്ത്ര്യത്തിനു മുമ്പുള്ള വർഷങ്ങളിലേയോ, കഴിഞ്ഞ നൂറ്റാണ്ടിലേയോ ഒരു പക്ഷേ ഭൂപരിഷ്കരണത്തിന്, വിദ്യാഭ്യാസ പരിഷ്കരണത്തിനും മുമ്പുള്ള കാലത്തേയോ കേരളത്തെപ്പറ്റി

ഉണ്ടായിരുന്ന യഥാർത്ഥമായ ബോധം ഇന്നത്തെ ജനങ്ങൾക്കില്ലാത്തത്. അതുകൊണ്ടാണ് ആ കാലഘട്ടം ഉണ്ടാക്കിയ സാഹിത്യത്തെക്കുറിച്ചും അവർക്കിന്ന് വളരെ വ്യത്യസ്തമായ അഭിപ്രായമുണ്ടായത്. ഇതുരണ്ടും മാറ്റമാണ്. ഒന്ന് അഭിരുചിയുടെ മാറ്റമാണ്. കുറേ ആളുകൾ പട്ടിണികിടക്കുമ്പോഴും പട്ടിണി കിടക്കുന്ന ആൾ പട്ടിണിയെ പറ്റിയല്ല പാടേണ്ടത്, പനിനീർപൂവിനെ പറ്റിയാണ് പാടേണ്ടത് എന്ന ഫ്യൂഡൽ ബോധവും, പിന്നീട് വന്ന സമുദായത്തിന് സുഖകരമായി ജീവിതം നയിക്കുന്ന ഒരു സമുദായത്തിന് ഇത്രയും ദുഃഖം പണ്ടുണ്ടായിട്ടുണ്ടോ എന്നുള്ള ഒരു സംശയവും ഇതുരണ്ടും കൂടിയിട്ട് പുരോഗമന പ്രസ്ഥാനത്തിന്റെ മേലെ ഒരു സമ്മർദ്ദം കൊണ്ടുവരുന്നുണ്ട്. അതായത്, കാര്യങ്ങളെല്ലാം മാറ്റിത്തീർത്ത വലിയ പ്രസ്ഥാനങ്ങൾ ജാതിവിരുദ്ധ സംരംഭങ്ങൾ ക്ഷേത്രപ്രവേശനത്തിന് വേണ്ടിയും മനുഷ്യത്വത്തിന് വേണ്ടിയും ഉള്ള സമരം മുതൽ ഇവിടെ ഉണ്ടായിട്ടുള്ള എല്ലാ സമരങ്ങൾ കൊണ്ടും രൂപാന്തരപ്പെടുത്തപ്പെട്ട ഭ്രാന്തില്ലാത്ത ഒരു കേരളമാണ് നിലവിലുള്ളത്. ഡി.എം. ചിത്രീകരിച്ചിട്ടുള്ള ദാരിദ്ര്യത്തിന്റേയും, വിശപ്പിന്റേയും, പീഡനങ്ങളുടേയും കഥകൾ വാസ്തവത്തിൽ ഉണ്ടായതാണോ എന്നുള്ളൊരു സംശയം പോലും വളരെ കാലങ്ങളിൽ വളരെ അകലെ നിൽക്കുന്ന പുതിയ ആളുകൾക്കു തോന്നാം. പക്ഷേ ഒരു എഴുത്തുകാരന്റെ സാഫല്യം വളരുന്നത് യാഥാർത്ഥ്യങ്ങളെ പച്ചയായി ചിത്രീകരിക്കുമ്പോഴാണ്. ഒരെഴുത്തുകാരനും എഴുതുന്നത് വരാനിരിക്കുന്ന അല്ലെങ്കിൽ നൂറ്റാണ്ടുകൾക്കുശേഷമുള്ള തലമുറകൾക്ക് വേണ്ടിയൊന്നുമല്ല, അയാൾ പറയാറുണ്ട് വായിക്കാൻ ഞങ്ങൾ എഴുതുന്നത് നിങ്ങളുടെ കാലത്തിലിരുന്നുകൊണ്ട്, നിങ്ങളുടെ നാട്ടിലിരുന്നുകൊണ്ട് നിങ്ങളുടെ ചുറ്റുമുള്ള ആളുകൾക്ക് വേണ്ടിത്തന്നെയാണ്. അത് പിന്നീട് മറ്റു പലരും വായിക്കുന്നു എന്നു മാത്രമേയുള്ളു. അപ്പോൾ, ഡി.എം.ന്റെ കൃതികളിൽ അദ്ദേഹത്തിന്റെ കാലത്തിന്റെ സത്യവും-ആ കാലത്തിന്റെ ഏറ്റവും വലിയ സത്യം വിശപ്പാണ് ദാരിദ്ര്യമാണ്-അതുകൊണ്ട് മനുഷ്യോചിതമല്ലാത്ത പീഡനങ്ങളുമുണ്ട്. ഇതിനെ കുറിച്ച് പറയുന്നതിന്റെ ഫലമായിട്ട് കേരളത്തിന്റെ രൂപം മാറിത്തീരുകയും ചെയ്തു എന്നുള്ളതുകൊണ്ട് ആ പ്രവർത്തനം പൂർണ്ണമായിട്ടുള്ളൊരു സാഫല്യമാണ്. അതു പിന്നീട് വായിക്കുവാനായിട്ടുള്ളതല്ല. മറിച്ച് നാം ജീവിക്കുന്ന ലോകത്തേയും കാലത്തേയും മാറ്റിത്തീർത്തു എന്നുള്ളതായ ഒരു പ്രവർത്തനത്തിന്റെ സാഫല്യമാണ്. അങ്ങനെയാണ് പലപ്പോഴും അതിനെ പറ്റിയുള്ള തെറ്റിദ്ധാരണ കൊണ്ട് നാം ശ്രദ്ധിക്കാറുണ്ട്. തുഞ്ചത്തെഴുത്തച്ഛന്റെ കൃതികൾ വായിക്കുന്നതു പോലെയല്ല എല്ലാക്കാലത്തും ആളുകൾ രാമായണം വായിച്ചുകൊണ്ടിരിക്കുന്നത്. തെറ്റിദ്ധാരണയ്ക്കുള്ള ധാരണകൾ ജനങ്ങളുടെ മനസ്സിലുണ്ട്.

ഊണ് കഴിച്ചതിന്റെ കണക്കുകൾ നാം സൂക്ഷിക്കാറില്ല. ഊണ് കഴിച്ചത് നമ്മുടെ ശരീരമായിട്ട്, നമ്മുടെ ബുദ്ധിയായിട്ട്, നമ്മുടെ പ്രവർത്തനമായിട്ട്, അവ നമ്മിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ തുടങ്ങിയവയായിട്ടാണ് ഈ ഭക്ഷണം രൂപാന്തരപ്പെടുന്നത്. ഇതു കഴിഞ്ഞിട്ട് ഭക്ഷണം എവിടെ പോയി എന്നാരും ചോദിക്കാറില്ല. ഈ രൂപാന്തരമാണ് ഭക്ഷണങ്ങളുടെ രൂപാന്തരമാണ് സാഹിത്യസൃഷ്ടിയുടെ ഫലം. അതുകൊണ്ട് സാഹിത്യത്തിന്റെ പ്രയോജനം കവിഞ്ഞുനിൽക്കുന്ന ഒന്നാണ് എന്നു കരുതിയിരുന്ന ഒരു കാലഘട്ടത്തിന്റെ ഉഷ്ണമാണ് ഡി.എം.ന്റെ കൃതികൾ. ആ ഒരർത്ഥത്തിൽ തിരിഞ്ഞുനിന്ന് നോക്കുമ്പോൾ ഇതൊക്കെ നമ്മൾ വളരെ വ്യത്യസ്തമായ ഒരു വെളിച്ചത്തിൽ കാണുകയും അതിന്റെ യഥാർത്ഥമായ മൂല്യം, യഥാർത്ഥമായ ലക്ഷ്യം നേടിയതിന് ശേഷമാണ് നാം ഇപ്പോൾ യാത്ര ചെയ്തുകൊണ്ടിരിക്കുന്നത് എന്നുള്ളൊരു ഉൾബോധത്തിൽ നാം എത്തിച്ചേർന്നു. പലനേരം ഭക്ഷണം കഴിക്കാതെ ജീവിച്ചിരുന്ന സാഹിത്യകാരന്മാരിൽ നിന്നുണ്ടായ സാഹിത്യത്തിനാണ് ഇന്ന് ജനങ്ങൾ സ്മാരകങ്ങളും അവാർഡുകളും ഒക്കെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അവർ എങ്ങിനെ ജീവിച്ചു എന്നറിയില്ല. എങ്ങിനെയാണ് മുട്ടത്തുവർക്കി ജീവിച്ചത് ? അദ്ദേഹത്തിന് കിട്ടിയിട്ടുള്ള അടിയുടെ ഊക്ക് ആരും അറിയില്ല. അതുകൊണ്ട് താരതമ്യേന ഭദ്രമായിട്ടുള്ള വരുമാനം വർദ്ധിച്ചു. വള്ളത്തോൾ എഴുതിയിട്ടുള്ള ഒരു വരി കവിതയ്ക്ക് അമ്പതു പൈസ അല്ലെങ്കിൽ അരയുറുപ്പിക വേണം എന്ന് പറഞ്ഞപ്പോൾ അത് ലോ കത്തിലെ തന്നെ വലിയ അശ്ലീലമായിട്ടാണ് അന്ന് ആളുകൾ കരുതിയിരുന്നത്. അത് ഒരു സ്ത്രീ തന്റെ ശരീരത്തിന് വിലപറയുന്നത് പോലെ കവി തന്റെ കവിതയ്ക്ക് വില പറയുന്നു എന്ന് പറഞ്ഞ് അന്ന് ആക്ഷേപിച്ചിരുന്നു. ഇതൊന്നും വാസ്തവത്തിൽ ഒരു സാധാരണ വ്യക്തിക്ക് ഉൾക്കൊള്ളാൻ

കഴിയുന്നതിനപ്പുറമായിരുന്നു.

വളരെ ക്രൂരമായിട്ട് ജീവിതസത്യങ്ങളറിയുന്ന ആളിൽ നിന്ന് വരുന്ന ഒരു സാധനവും അതിനേക്കാളുപരി സൗമ്യമായിട്ടുള്ള അനുഭവങ്ങളുള്ള ആളുകളുടെ രചനകളിലും വളരെ വ്യത്യാസങ്ങളുണ്ടാകും, അങ്ങിനെ വരുമ്പോൾ മറ്റു പല കാര്യങ്ങളിലേക്കും മനസ്സിന്റെ ഉള്ളറകളിലേക്ക്, ഓർമ്മകളിലേക്ക്, സ്വപ്നങ്ങളിലേക്ക് സഞ്ചരിച്ച് എഴുതിക്കൊണ്ടിരുന്നു എന്നു വരാം. വിശ്വസാഹിത്യത്തിൽ മറ്റു പലതുണ്ടെങ്കിലും ഒക്കെ ആകാം. അതിനെ കുറ്റം പറയാതെ തന്നെ ഒരു കാലത്തിന്റെ, ആ കാലഘട്ടത്തിൽ ജീവിക്കുന്ന വ്യക്തികളുടെ വളരെ തീക്ഷ്ണമായ വളരെ യഥാർത്ഥമായ അനുഭവങ്ങളാണ് ഈ കൃതികൾ. പത്തിരുപതു കൊല്ലക്കാലം കഥയെഴുതുകയും അതിന്റെ പ്രാതിനിധ്യങ്ങളാണ് ഡി.എം.ന് ഉള്ളതെന്നും നാം തിരിച്ചറിയുന്നു. അനുഭവമാണ് സാഹിത്യമുണ്ടാക്കാൻ അന്നുപയോഗിച്ചിരുന്ന മാധ്യമം. അനുഭവം കൊണ്ട് എന്ന് പറഞ്ഞാൽ അനുഭവം കൊണ്ടല്ലേ സാഹിത്യമുണ്ടാക്കുക, അല്ല അനുഭവം കൊണ്ടല്ല മറ്റുള്ളവർ സാഹിത്യമുണ്ടാക്കിയിരുന്നത്. വാക്കുകൊണ്ടു വാക്കുണ്ടാക്കിയിരുന്നു, വാക്കുകൊണ്ട് വാക്യവും, വാക്കുകൊണ്ട് കവിതയും, വാക്കുകൊണ്ട് ശ്ലോകവും, സർഗ്ഗവും കാവ്യവും ഒക്കെ ഉണ്ടാക്കിയിരുന്നു. അനുഭവം വേണമെന്നില്ല. അതങ്ങനെ ഒരു സാങ്കേതിക ഉല്പന്നമെന്നുള്ള നിലയിൽ സ്വന്തം അനുഭവങ്ങളുടെ ആവിഷ്കാരമെന്ന നിലയിലേക്ക് വരുമ്പോൾ അനുഭവവും കൃതിയും തമ്മിലുള്ള വളരെ അടുത്ത ബന്ധമുണ്ടായിത്തീരുമ്പോൾ ആധുനിക കാലഘട്ടത്തിലെ സാഹിത്യത്തിന് അതേ അനുഭവതീഷ്ണത കൈവരുന്നു. ഇതിൽ നിന്ന് സാഹിത്യകാരൻ വേറെ ദിക്കിലേക്ക് പോകുകയും കൂടുതൽ എഴുതുകയും കൂടുതൽ പല ദിക്കിലും പല രീതികളി ലും സഞ്ചരിക്കുകയും ചെയ്തിട്ട് അനുഭവങ്ങളെ സമാഹരിക്കുന്ന ഒരു രീതിയിൽ കൃതികൾ രചിക്കുകയും ചെയ്യുന്നു. അങ്ങിനെ വരുമ്പോൾ അതായത് തനിക്കുവേണ്ടി എടുത്ത് വെച്ചിരിക്കുന്നത് നായ തിന്നിട്ട് പട്ടിണി കിടക്കുന്ന നാലു പേരുടെ മുമ്പിലിരുന്നുകൊണ്ട് ആ നായക്ക് ഒരു ഗ്ലാസ്സ് പച്ച വെള്ളം എടുത്ത് കൊടുത്തിട്ട് നായേ നീ ഊണുകഴിച്ചല്ലൊ, വെള്ളം കുടിച്ചിട്ടില്ലല്ലോ എന്ന് പറയുന്ന ഒരു വീട്ടുകാരന്റെ രീതിയിലേ ആകു. ഇത് ഒരു കഥയല്ല, ഒരു സംഭവമാണ്. അങ്ങിനെ ഒരു എഴുത്തുകാരനെ മനസ്സിലാക്കാൻ ഒരുപക്ഷേ ഇന്നത്തെ ഒരെഴുത്തുകാരന് വളരെ വിഷമമാണ്. അതാണ് അത്തരത്തിലുള്ള തീഷ്ണമായിട്ടുള്ള കൃതികൾ ഉണ്ടാകാത്തത്. ഒരു പക്ഷേ സാഹിത്യപരമായിട്ടുള്ള നിരന്തര സൗഷ്ടവപദത്തിൽ കവി വളരെ മേലെയായിരിക്കും. പക്ഷെ അനുഭവത്തിന്റെ പ്രൗഢത ഉൾക്കൊണ്ടിട്ടുള്ള ഒരുകാല ജനതയുടെ ആവിഷ്കാരം എന്നുള്ള നിലയിൽ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിൽ നമ്മുടെ സമുദായത്തിലെ ദരിദ്രകാലഘട്ടത്തിലെ ദരിദ്രനായിരിക്കുന്നു എന്നു മാത്രമല്ല അന്ന് നാം ദരിദ്രരാണ് എന്ന ബോധം കൂടി ഉണ്ടാവുക അതിന്റെ അമർഷമുണ്ടാവുക, അത് മാറ്റി തീർക്കാനുള്ള കൊതി ഉണ്ടാവുക ഇതെല്ലാം കൂടി ചേർന്നിട്ട് ഉണ്ടായ ഒരു ഉല്പന്നമാണ്. വാസ്തവത്തിൽ മുപ്പതുകൾക്ക് ശേഷമുണ്ടായ 'പൊരുതുന്ന സാഹിത്യം'. അന്ന് ആളുകൾ 'പൊരുതുന്ന സാഹിത്യം' എന്ന് മാത്രമല്ല പറഞ്ഞിരുന്നത്. 'പൊരുതുന്ന സൗന്ദര്യം' എന്നും പറയും. ഉള്ളവർ പോലും പൊരിയുന്നവന്റേതായി കരുതിയിരുന്ന കാലം. അതൊരു മെന്റൽ സെറ്റപ്പാണ്. ഒരു പ്രത്യേക കാലഘട്ടത്തിന്റെ മനോഭാവമാണ് അവിടെ നാം തിരിഞ്ഞുനോക്കിയാൽ പെട്ടെന്ന് തിരിച്ചെടുക്കാൻ കഴിയാത്ത കാഴ്ച.

..............................

## ഡി.എം. പൊറ്റേക്കാടിന്റെ നിര്യാണം :

## എ.കെ.ജി യുടെ അനുശോചനം

**കണ്ണൂർ : നവംബർ 13. തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിനുവേണ്ടി ബോധപൂർവ്വം സാഹിത്യസൃഷ്ടി നടത്തിയ സ: ഡി.എം. പൊറ്റേക്കാടിന്റെ അകാല നിര്യാണം നമ്മുടെ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന് വമ്പിച്ച നഷ്ടമാണുണ്ടാക്കിയിരിക്കുന്നത് എന്ന് സ: എ.കെ.ജി പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദു:ഖിക്കുന്ന കുടുംബാംഗങ്ങളേയും സുഹൃത്തുക്കളേയും എ.കെ.ജി അനുശോചനം അറിയിച്ചിരിക്കുന്നു.**

(ദേശാഭിമാനി–1971 നവംബർ 13)

# കരുത്തുള്ള എഴുത്തുകാരനെപ്പറ്റി അൽപ്പം.

## വൈക്കം ചന്ദ്രശേഖരൻ നായർ

പ്രസിദ്ധ സാഹിത്യകാരനായ ഡി.എം. പൊറ്റേക്കാട്ട് നിര്യാതനായ വിവരം അറിഞ്ഞപ്പോൾ ഒരു ഉത്തമ സുഹൃത്തിന്റെ നഷ്ടമാണ് എനിക്ക് അനുഭവപ്പെട്ടത്. വളരെ കാലമായി അദ്ദേഹം സാഹിത്യരചനയിൽ നിന്നും എന്തുകൊണ്ടോ പിൻവാങ്ങിയിരുന്നു. ചലച്ചിത്ര നിർമ്മാണത്തിലുള്ള താൽപ്പര്യമാണ് അദ്ദേഹത്തെ അങ്ങനെ പിൻമാറാൻ പ്രേരിപ്പിച്ചതെന്നു എനിക്ക് തോന്നിയിട്ടുണ്ട്. അദ്ദേഹം എഴുതാതിരുന്നത് മലയാളത്തിന് ഒരു നഷ്ടമായിരുന്നു എന്ന് കരുതുന്നതുകൊണ്ടാണ് ഇക്കാര്യം എടുത്തുപറഞ്ഞത്. അദ്ദേഹത്തിന്റെ നിര്യാണം മലയാളത്തിനു അത്യന്തം ദുഃഖകരമാണ്.

1947 ൽ പുന്നപ്ര - വയലാർ സമരം കഴിഞ്ഞ് വൈക്കത്ത് ഒരു സമ്മേളനത്തിൽ സംബന്ധിക്കാൻ സ: പി.ഡി. പുന്നൂസിന്റെ കൂടെ ഡി.എം. വന്നു. അന്ന് ലോകത്തോടുള്ള വൈരാഗ്യം മൂലം മിണ്ടാതിരിക്കുന്ന ഒരു മനുഷ്യനായിട്ടാണ് എനിക്കദ്ദേഹത്തെപ്പറ്റി തോന്നിയത്. പക്ഷെ സമ്മേളനസ്ഥലത്തേക്ക് ഘോഷയാത്ര പുറപ്പെട്ടപ്പോൾ, അതുവരെ വായ് മൂടിക്കെട്ടിയിരുന്ന ആ വൈരാഗി, പൊട്ടിത്തെറിച്ചു. മുഷ്ടി ചുരുട്ടി ഇന്നുപോലും സാഹിത്യകാരൻമാർ കണ്ടാൽ ഞെട്ടിപ്പോകും വിധം മുദ്രാവാക്യം വിളിച്ചു : "രക്തസാക്ഷികൾ സിന്ദാബാദ് !"

അന്നാണ് ഡി.എം. പൊറ്റെക്കാട്ട് എന്ന എഴുത്തുകാരനെ ഞാൻ കണ്ടത് ; മനസ്സിലാക്കിയത്. മലയാളത്തിൽ സോഷ്യലിസ്റ്റ് റിയലിസത്തെക്കുറിച്ച് ഒട്ടേറെ ചർച്ചകൾ നടന്നിട്ടുണ്ട്. എന്നാൽ ആ സങ്കേതത്തിൽ കഥയെഴുതുകയെന്ന പരീക്ഷണം ആദ്യമായി നടത്തിയത്, ഡി.എം. ആണ്. അദ്ദേഹത്തിന്റെ 'രക്തസാക്ഷിക്കലു...' 'ഏഴു ദിവസങ്ങൾ' തുടങ്ങിയ കഥകൾ അന്ന് ഈ രാജ്യത്തെ രാഷ്ട്രീയപ്രവർത്തകരിലും അദ്ധ്വാനിക്കുന്ന ജനങ്ങളിലും വളർത്തിയ വികാരാവേശം, ഒരു പക്ഷെ ഇന്നു പറഞ്ഞാൽ അധികം പേർക്ക് ബോധ്യമാവുകയില്ല. ഞാനോർമ്മിക്കുന്നു, 'ഏഴു ദിവസങ്ങൾ' ഒരു കഥയേയല്ല എന്നു വാദിച്ച ചില പുരോഗമന സാഹിത്യകാരൻമാർക്കെതിരെ അന്നത്തെ 'കേരളപത്ര'ത്തിൽ എന്റെ ചില എഴുത്തുകാരായ സുഹൃത്തുക്കളും ഞാനും പല ലക്കങ്ങളിൽ ലേഖനമെഴുതി. അത്, അത്ര കണ്ട് വിപ്ലവ വികാരം കലർന്ന ഒരു പുതിയ കഥാവസ്തുവിന്റെ നവീനാവിഷ്കരണമായിരുന്നു. അതിന്റെ കർത്താവായ ഡി.എം. ന് മലയാള ത്തിൽ സവിശേഷമായ സ്ഥാനമുണ്ട്. ഡി.എം. പൊറ്റേക്കാട്ട് രണ്ട് ചലച്ചിത്രങ്ങൾ നിർമ്മിക്കുകയും അവയുടെ സംവിധാനം നിർവ്വഹിക്കുകയും ചെയ്തു. രണ്ടും ചങ്ങമ്പുഴക്കൃതികളാണ്. രമണനും കളിത്തോഴിയും. സിനിമ എന്ന മാധ്യമവും അദ്ദേഹത്തിന് അത്ര വിദൂരമല്ലായിരുന്നുവെന്ന്, ആ പടങ്ങൾ-പ്രത്യേകിച്ചും രമണൻ തെളിയിച്ചു.

കരുത്തുള്ള ഒരു തൂലികയായിരുന്നു, ഡി.എം.ന്റേത് ; അതുപോലെ കരുത്തുള്ള മനസ്സും. അദ്ദേഹം എഴുതിയ കാലത്ത് വിപ്ലവപ്രസ്ഥാനത്തിന് വേണ്ടി തന്നെ മുന്നും പിന്നും നോക്കാതെ എഴുതി. അദ്ദേഹം സിനിമയിലേക്ക് തിരിഞ്ഞപ്പോഴും തനിക്ക് ധാരാളം വശമായിരുന്ന കഥയെഴുത്ത് മാറ്റി വെച്ചിട്ട് മലയാളത്തിലെ അനശ്വര പ്രതിഭയായ ചങ്ങമ്പുഴയിലേക്കാണ് തിരിഞ്ഞത്. പ്രത്യേക സ്വഭാവക്കാരനായിരുന്ന ആ സാഹിതീസേവകന്റെ, കലാകാരന്റെ, സ്മരണക്കു മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കട്ടെ.

സിനിരമ 21-11-1971

മലയാളത്തിൽ സോഷ്യലിസ്റ്റ് റിയലിസത്തെക്കുറിച്ച് ഒട്ടേറെ ചർച്ചകൾ നടന്നിട്ടുണ്ട്. എന്നാൽ ആ സങ്കേതത്തിൽ കഥയെഴുതുകയെന്ന പരീക്ഷണം ആദ്യമായി നടത്തിയത്, ഡി.എം. ആണ്. അദ്ദേഹത്തിന്റെ 'രക്തസാക്ഷിക്കലു...' 'ഏഴു ദിവസങ്ങൾ' തുടങ്ങിയ കഥകൾ അന്ന് ഈ രാജ്യത്തെ രാഷ്ട്രീയപ്രവർത്തകരിലും അധ്വാനിക്കുന്ന ജനങ്ങളിലും വളർത്തിയ വികാരാവേശം, ഒരു പക്ഷെ ഇന്നു പറഞ്ഞാൽ അധികം പേർക്ക് ബോധ്യമാവുകയില്ല.

# ഡി. എം. പൊറ്റേക്കാട്ട്

## ഒരു സുഹൃത്തിന്റെ അനുസ്മരണം

### പവനൻ

ഡി. എം. പൊറ്റേക്കാട്ട് മരിച്ചു. മരിച്ചാൽ ഖേദപ്രകടനം വേണ്ടതാണ്. അതാണ് ചടങ്ങ്. പക്ഷേ പൊറ്റേക്കാട്ട് മരിച്ചതിൽ ഞാൻ ഖേദിക്കുന്നില്ല. ആരും ഖേദിക്കരുതെന്നാണ് എന്റെ പക്ഷം. അദ്ദേഹം തന്നെ മരണം ആഗ്രഹിച്ചിരുന്നു. ജീവിതത്തോട് കൂറില്ലാത്തതുകൊണ്ടല്ല; ജീവിതത്തോടു കൂറുള്ളതുകൊണ്ട്. കാരണം കഴിഞ്ഞ അഞ്ചാറുമാസമായി അദ്ദേഹം മരിച്ചുജീവിക്കുകയായിരുന്നു. അത്രമാത്രം അവശത അദ്ദേഹം സഹിച്ചിരുന്നു. വേദനയുണ്ട്. അദ്ദേഹത്തെ അറിയാവുന്നവരൊക്കെ വേദനിക്കും. കാരണം അദ്ദേഹത്തിന്റെ ജീവിതം ആരോഗ്യവത്തായിരുന്ന കാലത്ത് അതുനാടിന്ന് പ്രയോജനപ്പെട്ടിരുന്നു. അദ്ദേഹത്തിന് മരിക്കുമ്പോൾ അത്രയൊന്നും പ്രായമായിരുന്നില്ല. യുവത്വം അവസാനിക്കേണ്ട കാലമായിരുന്നില്ല. മാത്രമല്ല , മരണത്തോട് മല്ലിടുമ്പോൾ പോലും ആ ഹൃദയത്തിന് അനാരോഗ്യമുണ്ടായിരുന്നില്ല. ചിന്തയിലും അദ്ദേഹം യുവാവായിരുന്നു ; പ്രവൃത്തിയിൽ അദ്ദേഹം സാഹസികനായി

ഡി. എം. പൊറ്റേക്കാടിന്റെ കുട്ടിക്കാലത്തേയോ കുടുംബത്തേയോ പറ്റി എനിക്ക് അധികമൊന്നും അറിഞ്ഞുകൂടാ. ഞാൻ അന്വേഷിക്കാൻ പോയിട്ടുമില്ല. അന്വേഷണത്തിന്റെ ആവശ്യമില്ലായിരുന്നു. തമ്മിൽ കാണുമ്പോൾ തന്നെ മറ്റൊന്നും ആലോചിക്കാതെ, അടുക്കാൻ കഴിയുന്ന ചിലരുണ്ടല്ലോ. അക്കൂട്ടത്തിലൊരാളാണ് പൊറ്റേക്കാട്ട്. പ്രായമേറെ ആയിട്ടില്ലെങ്കിലും അദ്ദേഹം കത്തിനിന്ന കാലം ഒരു ദശാബ്ദത്തിനപ്പുറമായതുകൊണ്ട് ഇടക്കാലത്ത് സാഹിത്യരംഗത്ത്, വളർന്ന തലമുറക്ക് ആ മനുഷ്യന്റെ വ്യക്തിത്വത്തേയും കഴിവിനേയും കുറിച്ച് അത്രയൊന്നും വിവരമുണ്ടായിരിക്കയില്ല.

സ്റ്റാൻലി ഹോസ്പിറ്റലിൽ അദ്ദേഹം കിടന്ന കിടപ്പ് കണ്ടാൽ അദ്ദേഹത്തെ സ്നേഹിക്കുന്ന ആർക്കും അതേ തോന്നുകയുള്ളൂ. അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി ഏറെ ശ്രമിച്ച രാംസ്കിക്കുപോലും (പി.രാമൻ മേനോൻ) അങ്ങിനെയാണ് തോന്നിയത്. ഞാനാ സുഖക്കേടിനെ പറ്റി അധികം പറയാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹത്തിന് കാൻസറായിരുന്നു. കുടൽമാലക്കാണ് അർബ്ബുദം പിടിച്ചത്. ചികിത്സിച്ച് മാറ്റാമെന്ന് കരുതി. ചികിത്സ ശസ്ത്രക്രിയയിലേക്ക് നീങ്ങി. ശസ്ത്രക്രിയ ഒന്നിലധികം തവണ നടന്നു. ഡോക്ടർമാർ ആവുന്നതൊക്കെ ചെയ്തു. പക്ഷെ ആ മനുഷ്യൻ രക്ഷപ്പെട്ടില്ല. രക്ഷപ്പെടാൻ സാധ്യതയില്ലാത്ത വിധം പടർന്നു പിടിച്ചു ശരീരത്തെ ദ്രവിപ്പിച്ച രോഗമായിരുന്നു അത്. അർബ്ബുദത്തിന് പ്രതിവിധിയില്ലേ ? ശാസ്ത്രം ഏറെ പുരോഗമിച്ച ഈ കാലഘട്ടത്തിൽ പോലും ഇങ്ങനെ ചോദിക്കേണ്ടി വരുന്നു.

പൊറ്റേക്കാട്ടിന്റെ വേർപാടിൽ എനിക്ക് രുന്നു. ആരേയും കൂസാത്ത, ആർക്കും വഴങ്ങാത്ത, നിസ്വാർത്ഥനായ, അകമഴിഞ്ഞു സ്നേഹിക്കാൻ കഴിയുന്ന ഒരു സ്നേഹിതൻ കൂടിയായിരുന്നു അദ്ദേഹം.

ഡി. എം. പൊറ്റേക്കാടിന്റെ കുട്ടിക്കാലത്തേയോ കുടുംബത്തേയോ പറ്റി എനിക്ക് അധികമൊന്നും അറിഞ്ഞുകൂടാ. ഞാൻ അന്വേഷിക്കാൻ പോയിട്ടുമില്ല. അന്വേഷണത്തിന്റെ ആവശ്യമില്ലായിരുന്നു. തമ്മിൽ കാണുമ്പോൾ തന്നെ മറ്റൊന്നും ആലോചിക്കാതെ, അടുക്കാൻ കഴിയുന്ന ചിലരുണ്ടല്ലോ. അക്കൂട്ടത്തിലൊരാളാണ് പൊറ്റേക്കാട്ട്. പ്രായമേറെ ആയിട്ടില്ലെങ്കിലും അദ്ദേഹം കത്തിനിന്ന കാലം ഒരു ദശാബ്ദത്തിനപ്പുറമായതുകൊണ്ട് ഇടക്കാലത്ത് സാഹിത്യരംഗത്ത്, വളർന്ന തലമുറക്ക് ആ മനുഷ്യന്റെ വ്യക്തിത്വത്തേയും കഴിവിനേയും കുറിച്ച് അത്രയൊന്നും വിവരമുണ്ടായിരിക്കയില്ല.

ഏതൊരു നിർഭാഗ്യത്തിനെന്നു പറയട്ടെ, അദ്ദേഹത്തിന് സിനിമാകമ്പം പിടിപെട്ടു. സ്വത:സിദ്ധമായ സാഹസികത്വവും കറകളഞ്ഞ ഉദ്ദേശ്യശുദ്ധി

യുമല്ലാതെ മറ്റൊന്നും കൈമുതലായിട്ടില്ലാത്ത അദ്ദേഹം ചലച്ചിത്രനിർമ്മാണത്തിലേർപ്പെട്ടു. ഏറെ വർഷത്തെ യാതനകൊണ്ട് ഒരു രമണനെ പുറത്തിറക്കി. (ഞാനാ സിനിമ കണ്ടില്ല. കാണാൻ ആഗ്രഹം തോന്നിയില്ല. കാരണം എനിക്കറിയാവുന്ന പൊറ്റേക്കാട്ട് അതിലുണ്ടായിരിക്കുകയില്ലെന്നെനിക്ക് തോന്നി.) മറ്റൊരു സിനിമക്ക് പ്ലാനിട്ടു. അത് പൂർത്തിയായിട്ടില്ലെന്നാണ് തോന്നുന്നത്. കഴിഞ്ഞ ഒരു ദശവർഷക്കാലം സിനിമയുടെ ശ്വാസം മുട്ടിക്കുന്ന മത്സരരംഗത്തല്ല ഈ മനുഷ്യൻ നിന്നി രുന്നതെങ്കിൽ, തന്റെ രാഷ്ട്രീയത്തിലും സാഹിത്യത്തിലുമാണ് നിന്നിരുന്നതെങ്കിൽ, അദ്ദേഹം ഇപ്പോൾ ആരാകുമായിരുന്നു ? ഓ, അതൊക്കെ ഓർത്തിട്ടെന്തുകാര്യം.

പൊറ്റേക്കാട്ടിനെ ഞാൻ കാണുന്നത് നാല്പതുകളുടെ അവസാനത്തിൽ കോഴിക്കോട്ടെ ദേശാഭിമാനിയിൽ വെച്ചാണ്. അന്നു ഞാനൊരു സർക്കാരുദ്യോഗസ്ഥനായിരുന്നു; അദ്ദേഹമാകട്ടെ സർക്കാരിനാൽ വേട്ടയാടപ്പെട്ട കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പത്രത്തിലും. എങ്കിലും ഞങ്ങൾക്കുദ്ദേശൈക്യമുള്ളതുകൊണ്ടു വേഗം അടുക്കാൻ കഴിഞ്ഞു. അടുക്കാൻ കഴിഞ്ഞതിന്റെ കാരണം ഉദ്ദേശൈക്യം മാത്രമല്ല, അകവും പുറവും വ്യത്യാസമില്ലാത്ത, തെളിനീരാണെന്ന പോലെ ഉള്ളം കാണാൻ കഴിയുന്ന ഒരു മനുഷ്യനെയാണ് ഞാനദ്ദേഹത്തിൽ കണ്ടത്. ആരേയും കൂസാത്ത ഭാവം, ഏതു സന്ദർഭത്തിലും പൊട്ടിച്ചിരിക്കാൻ കഴിയുന്ന പ്രകൃതം, വിപ്ലവത്തിന്റെ ചുടലകളിൽ കിടന്നു സ്വപ്നം കാണുന്ന ജീവിതം എന്നിവയാണ് എന്നെ അദ്ദേഹത്തിന്റെ സുഹൃത്താക്കിയത്.

അക്കാലത്തു അദ്ദേഹം എഴുതിയ കഥകൾ പ്രസിദ്ധങ്ങളായിരുന്നു. സമരം കാരണം സർക്കാർ ജോലി നഷ്ടപ്പെടുത്തുകയും പിന്നീടു രാഷ്ട്രീയത്തിലേക്കും പത്രപ്രവർത്തനത്തിലേക്കും നീങ്ങുകയും ചെയ്തപ്പോൾ, ഈ കഥകളിൽ പലതും എനിക്കു ഒരു സമരായുധമായിരുന്നു. അവയിൽ ചിലതിന്റെ സ്മരണകൾ കലാസമിതി പ്രവർത്തനത്തിന്റെ കാലത്തും എനിക്കും ഊഷ്മളത പകർന്നു തന്നു. എന്റെ പല പ്രസംഗങ്ങളിലും ഞാനവയെക്കുറിച്ചു എടുത്തു പറയുമായിരുന്നു.

ഒരു കഥയിലെ ഒരു സന്ദർഭം ഇപ്പോഴും എനിക്കോർമ്മവരുന്നു. ഒരു പാവപ്പെട്ട മനുഷ്യനാണ് കഥാനായകൻ. അയാൾക്ക് അഞ്ചാറുകുട്ടികളുണ്ട്. അവർ തമ്മിലുള്ള പ്രായത്തിന്റെ വിടവു വളരെ കുറവ്. ചെറുതും, അതിൽ ചെറുതും, അതിലും ചെറുതുമായിട്ടാണ് അവരെക്കാണുക. പൊറ്റേക്കാട്ട് ഈ കുട്ടികളെ അവതരിപ്പിച്ചത് റേഷൻ കടയിലെ അളവുപാത്രങ്ങളോടുമപിച്ചുകൊണ്ടാണ്. അക്കാലത്തു റേഷൻകടയിൽ നിന്ന് കിട്ടുന്ന അരി മോശം. അതുതന്നെ വളരെ ചെറിയ അളവിൽ. അളവൊപ്പിക്കാൻ വേണ്ടി, ഉരിയുടേയും ഉഴക്കിന്റേയും ആഴക്കിന്റേയുമൊക്കെ കൊച്ചളവുപാത്രങ്ങൾ ധാരാളമുണ്ടാകും. ഇത്തരം അളവുപാത്രങ്ങളോടു മുൻചൊന്ന ഗൃഹനാഥന്റെ കുട്ടികളെ ഉപമിച്ചതിന്റെ സാരസ്യം എത്രമാത്രമാണെന്നു പറഞ്ഞറിയിക്കുക പ്രയാസം. അക്കാലത്തെ കഷ്ടപ്പാട്, വറുതി, വീടുപുലർ ത്താനുള്ള പ്രയാസം, റേഷനരി, മണ്ണെണ്ണയും പഞ്ചസാരയുമില്ലായ്മ, സ്റ്റാന്റേഡുതുണി എന്നിവയുമായി ബന്ധപ്പെടുത്തി വേണം ഇതിനെപ്പറ്റി ആലോചിക്കാൻ.

ജീവൽസ്പർശിയായ, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ ഏറെ ആസ്വദിച്ച, സാഹിത്യ സുന്ദരങ്ങളായ എത്രയെത്ര കഥകളാണ് അന്നു പൊറ്റേക്കാട്ട് എഴുതിയത് ! അവയെക്കുറിച്ചു എത്രമാത്രം സജീവമായ ചർച്ചയാണ് വായനക്കാർ നടത്തിയത് !

അദ്ദേഹം ഏതുകാര്യത്തിലും ആവേശപൂർവ്വമാണ് ഇടപെട്ടിരുന്നത്. രാഷ്ട്രീയത്തിലും അങ്ങിനെതന്നെ. പ്രതിഫലമൊന്നും ഉദ്ദേശിച്ചിരുന്നില്ല. കാര്യമായൊന്നും കിട്ടിയിരുന്നുമില്ല. കഷ്ടിച്ചു അഷ്ടിക്കു കിട്ടും. അതിലദ്ദേഹം സംതൃപ്തനായിരുന്നു. എന്നു വെച്ചു സുഖഭൂയിഷ്ഠമായ ജീവിതത്തോടു ഒരു ഗാന്ധിയൻ സമീപനം അദ്ദേഹം കൈകൊണ്ടുവെന്നു കരുതരുത്. അതു കിട്ടിയാൽ അതും ആകാം. കിട്ടിയില്ലെങ്കിൽ കാര്യമായ എന്തോ നഷ്ടപ്പെടുന്നു എന്ന വിചാരം അദ്ദേഹത്തിന്നുണ്ടായിരുന്നില്ല.

'ദേശാഭിമാനി' നിരോധിക്കുകയും ഞങ്ങൾ രണ്ടുപേരും രണ്ട് വഴിക്ക് പോവുകയും ചെയ്തശേഷം വീണ്ടും കണ്ടുമുട്ടിയത് തൃശൂരിൽ വെച്ചാണ്. പുരോഗമന സാഹിത്യസംഘടനയെപ്പറ്റി പാർട്ടിയുടെ സാഹിത്യ രംഗത്തെ കടമയെപ്പറ്റി ചർച്ചചെയ്യാൻ വേണ്ടി അന്നു തൃശൂരിലുണ്ടായിരുന്ന വള്ളത്തോൾ പ്രസ്സിൽ ഉണ്ടായ കൂടിച്ചേരലിന്റെ ഭാഗമായിട്ടായിരുന്നു ഞങ്ങളുടെ കൂടിച്ചേരൽ. അന്നും എന്റെ സുഹൃത്തിന് ക്ഷീണമൊന്നുമുണ്ടായിരുന്നില്ല, മാനസികമായും കായികമായും.

'ഒന്നു സുഖിച്ചാലെന്താ ?' അദ്ദേഹം എന്നോട് ചോദിച്ചു. 'ഒരു വിരോധവുമില്ല' , ഞാൻ പ്രതിവചിച്ചു.

തിരിച്ചു പോകാനുള്ള വണ്ടിക്കൂലി കഴിച്ചു ബാക്കി എന്റെ പക്കലുണ്ടായിരുന്ന രണ്ടുറുപ്പികയും അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്ന മുക്കാലുറുപ്പികയും കൊണ്ടു ഞങ്ങൾ 'സുഖിച്ചു !' അത്ര സുഖകരമായ 'സുഖം' പിന്നീട് എനിക്ക് അനുഭവപ്പെട്ടിട്ടില്ല. അദ്ദേഹത്തിനുമങ്ങനെ ആകാനാണ് വഴി. തൃശൂർ പൂരമായിരുന്നു അന്ന്. വെടിക്കെട്ടിന്റേയും ആൾക്കാരുടേയും ഇടയിൽ വെച്ച്, സൂര്യനുതാഴെയുള്ള എല്ലാറ്റിനേയും കുറിച്ച് ഞങ്ങൾ ചർച്ച ചെയ്തു.

ഒരൊറ്റ ബീഡി പോലും കൈയ്യിൽ ശേഷിക്കാത്ത സന്ദർഭം വന്നു. അപ്പോൾ ഞങ്ങളൊരു പ്ലാനുണ്ടാക്കി. അരമണിക്കൂറിനകം 10 ബീഡി ഓരോ ആളും സംഭരിക്കുക. തൃശൂർപൂരമായിരുന്നതുകൊണ്ട് സംഗതി എളുപ്പമായിരുന്നു. രണ്ടാളും രണ്ട് വഴിക്ക് പോകുക. വഴിയിൽ കാണുന്ന ചിലരെ പിടിച്ചുനിർത്തുക. മുൻപരിചയമുണ്ടോ എന്ന പ്രശ്നമില്ല. ' അല്ല , കണ്ടിട്ടു കുറേ കാലമായല്ലോ' എന്നു കുശലപ്രശ്നം ചെയ്യുക. ഒന്നു രണ്ടു വർത്തമാനം പറഞ്ഞാൽ 'കൈയ്യിൽ ബീഡിയുണ്ടോ?' എന്ന് ചോദിക്കുക. ഓരോ ആളും അങ്ങനെ 10 ബീഡി വീതം സംഭരിച്ചാൽ നിർദ്ദിഷ്ട സ്ഥലത്ത് തിരിച്ചുപോരുക - അരമണിക്കൂർകൊണ്ട് 20 ബീഡി ! പുലരുന്നതുവരെ ഇരുന്ന് സംസാരിച്ചു. എന്റേയും അദ്ദേഹത്തിന്റേയും ജീവിതത്തിൽ ഇത്തരം ഒരു സംരംഭം ആദ്യത്തേതുമവസാനത്തേതുമായിരിക്കണം.

അദ്ദേഹം മദിരാശിക്ക് തിരിച്ച വിവരം അറിഞ്ഞപ്പോൾ എനിക്ക് കുണ്ഠിതം തോന്നി. തന്നോടൊപ്പം വളർന്നവർ പലേടത്തും എത്തിയപ്പോൾ താനെവിടെയും എത്തുന്നില്ലെന്നൊരു നിരാശ അദ്ദേഹത്തെ അപ്പോഴേക്കും ബാധിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിളർന്നതോടെ രാഷ്ട്രീയമായ അദ്ദേഹത്തിന്റെ ആവേശം തീരെ അസ്തമിച്ച മട്ടുമായി.

രണ്ടുവർഷങ്ങൾക്കുമുമ്പ് ഞാൻ മദിരാശിയിൽ വന്ന ശേഷം അദ്ദേഹത്തെ രണ്ടുപ്രാവശ്യം കണ്ടു. ഒരിക്കൽ ഒരു സിറ്റിബസ്സിൽ വെച്ച്, കാര്യമായി ഒന്നും സംസാരിക്കാൻ ഒത്തില്ല. പിന്നീട് വീട്ടിൽ പോയി കാണാമെന്ന് വെച്ചു. പക്ഷെ അത് നടന്നില്ല. അവസാനം ചെന്നുകണ്ടത് ആശുപത്രിയിൽ വെച്ചായിരുന്നു. എഞ്ചിനീയർ ശ്രീ. എ.കെ. ഗോപാലനും ജനയുഗം പത്രാധിപർ സ: കാമ്പിശ്ശേരിയും ഉണ്ടായിരുന്നു കൂടെ. കണ്ടപ്പോൾ കാണേണ്ടിയിരുന്നില്ല എന്ന് തോന്നി. ജീവിതം പുഷ്കലമായിരുന്ന കാലത്തെ പൊറ്റേക്കാട്ടായിരുന്നു എന്റെ ഹൃദയത്തിൽ നിറയെ. തൽസ്ഥാനത്ത് ഈ അവശനെ, കുഴലിലൂടെ കുടിനീരായി ഞരമ്പിൽ കയറ്റിയ ഭക്ഷണം കഴിക്കുകയും കുഴലിലൂടെ വിസർജ്ജിക്കുകയും ചെയ്യുന്ന ഈ അവശനെ കയറ്റി ഇരുത്തുക വളരെ പ്രയാസകരമായി. പിന്നെ വിവരമറിയുകയല്ലാതെ, പോയി കണ്ടില്ല.

അവസാനം അദ്ദേഹം മോർച്ചറിയിലും അവിടെ നിന്ന് വലപ്പാട്ടെ ശ്മശാനത്തിലും എത്തി. ഹോസ്പിറ്റലിൽ പോയെങ്കിലും മൃതദേഹത്തെ യാത്രയാക്കാൻ കാത്തുനിന്നില്ല. അതിനു ബന്ധുക്കളെ സഹായിക്കാൻ കഴിവുള്ള അദ്ദേഹത്തിന്റെ അനേകം സുഹൃത്തുക്കൾ അവിടെയുണ്ടായിരുന്നു. രാമു കാര്യാട്ട്, കെ.പി. ഉമ്മർ, പ്രഭു, എ.കെ.ജി, കെ.ജി, ഏറീസു വാസു, രാംസ്കി, ശോഭനാപരമേശ്വരൻ നായർ, എ. കെ. തങ്കപ്പൻ അങ്ങനെ പലരും . ഞാനവിടെ നില്ക്കുന്നത് വെറുതെയാണെന്ന് തോന്നി തിരിച്ചു പോന്നു. പക്ഷെ ഹൃദയത്തിലൊരൊഴിവ്. അത് എന്നെ സംബന്ധിച്ചേടത്തോളം മാത്രമല്ല, അദ്ദേഹത്തെ അറിയുന്നവർക്കൊന്നും അത്രവേഗം നികത്താനാവില്ല.

നവയുഗം 20-11-1971


Chulliparambil Agencies
VATANAPPALLY
THICHUR DISTRICT, KERALA STATE - 680 614.

Dealers : DREAMFOAM, DUROFLEX, MATTRESSES, PILLOWS, CUSHIONS, NILKAMAL, WOODEN, ALUMINIUM, STEEL & CANE FURNITURE AND HOME APPLIANCES.

PROP : JAYADEVAN MASTER

PH(Shop) : 633461
RES : 290372

# കൈവിട്ട പേന ആചാര്യന് വീണ്ടും

സ്വന്തം ലേഖകൻ

തൃപ്രയാർ: നാൽപ്പതാണ്ടുകൾക്കുശേഷം നിനച്ചിരിക്കാത്ത മുഹൂർത്തത്തിൽ പ്രിയപ്പെട്ട പാർക്കർ പേന തന്നെ തേടി വന്നപ്പോൾ ഇ. എം. എസിന്റെ മുഖം വികാരസാഗരമായി. ഉറ്റ സൗഹൃദത്തിന്റെ പ്രിയപ്പെട്ട ഓർമയുടെ തെളിച്ചെഴുത്തു കനംവച്ചു നിന്ന മൗനത്തിന്റെ ആ വേളയിൽ മാർക്സിസ്റ്റ് താത്വികാചാര്യന്റെ മിഴിയിൽ നീർപൊടിഞ്ഞുവോ?

ഇരുപത്തിരണ്ടു വർഷം മുൻപു തന്റെ മരണവേളയിൽ ഡി. എം. പൊറ്റക്കാട്ട് ജ്യേഷ്ഠനെ ഏൽപിച്ചതാണ് ആ പാർക്കർ പേന. ഇ. എം. എസിനു കൊടുക്കാൻ. അത് ഇ. എം. എസിന്റെ പേനയാണ്. നാൽപതു കൊല്ലം മുൻപു പൊലീസ് പിടിച്ചു കൊണ്ടുപോകുമ്പോൾ കൈയിൽ നിന്നു പോയത്. അൻപതുകളിൽ കോഴിക്കോട് ദേശാഭിമാനി ഓഫിസിൽനിന്ന് ഇ. എം. എസിനെ പൊലീസ് അറസ്റ്റ് ചെയ്തു പോകുമ്പോഴാണ് അവിടെഅദ്ദേഹത്തിന് സഹപ്രവർത്തകനും സഖാവുമായിരുന്ന ഡി. എം. പൊറ്റക്കാടിന്റെ കൈയിൽ പേന കിട്ടിയത്. സാഹിത്യകാരൻകൂടിയായ അദ്ദേഹം അതു പൊന്നുപോലെ സൂക്ഷിച്ചു.

ഡി. എം. പൊറ്റക്കാട് 1971-ൽ മരിച്ചു. മരണവേളയിൽ അദ്ദേഹം ജ്യേഷ്ഠൻ പി. എം. രാമനുണ്ണിയെ വിളിച്ച് പേനയും സ്വന്തം കൈപ്പടയിലെഴുതിയ കത്തും അദ്ദേഹത്തെ ഏൽപിച്ചു. ഇ. എം. എസിനു നൽകണമെന്ന അഭ്യർഥനയോടെ. ഇ.എം. എസിനെ അടുത്തു കാണാനും പേനയും കത്തും ഏൽപിക്കാനും രാമനുണ്ണിക്ക് ഇന്നലെയാണ് അവസരം കിട്ടിയത്. ചെന്ത്രാപ്പിന്നി സി. പി. എം. ലോക്കൽ കമ്മിറ്റി പണിതീർത്ത സർദാർ ഗോപാലകൃഷ്ണൻ സ്മാരക ഓഫിസ് കെട്ടിടത്തിന്റെ ഉദ്ഘാടനവേളയിൽ ചടങ്ങിനു മുമ്പ് ഇ. എം. എസ്. കെട്ടിടത്തിനുള്ളിൽ നിൽക്കുമ്പോൾ രാമനുണ്ണി അനുജൻ ഏൽപിച്ച ദൗത്യം നിർവഹിച്ചു.

സി. പി. ഐ. നേതാവും നാട്ടിക ഫർക്കാ റൂറൽ ബാങ്ക് വൈസ് പ്രസിഡന്റുമാണു പൈനൂർ സ്വദേശ്യായ രാമനുണ്ണി.

പേനയും കത്തും ഇ. എം. എസിന്റെ അരുമയായ സ്വത്ത്. കത്തിലെന്തായിരുന്നു - അത് ആചാര്യനു മാത്രമറിയാം.



ഇ.എം.സും ഡി.എമ്മിന്റെ സഹോദരൻ രാമനുണ്ണിയും

മലയാള മനോരമ ഒക്ടോബർ 8 1993

# *EMS gets back his pen after 43 years*

**From our correspondent**

TRICHUR — Veteran Marxist leader E.M.S. Namboodiripad thought it incredible that his Parker pen lost for 43 years, should eventually find its way back to him. But that is just what happened at Chendrappinni, near here.

His favourite Parker pen had been a constant fixture in his shirt pocket during his youthful days. But in the heat of party activities, he never knew how or where he had lost it. This was in 1950.

But the pen was picked up by a colleague, D.M. Pottekatt in Calicut. It remained in his custody, although he knew the pen belonged to Mr Namboodiripad. Somehow, the opportunity for returning it to Mr Namboodiripad never came until 1971, when Pottekatt passed away.

However, he had not forgotten the pen's case. With a covering letter, he entrusted the pen to his brother Ramanunni just before his death. As fate would have it, Mr Ramanunni kept the letter and pen safely all these years.



Just the other day, when Mr Namboodiripad was at the party office after a function at Chendrappinni, Mr Ramanunni contacted the Marxist leader and handed it over to him.

**KHALEEJ TIMES DUBAI**
**OCTO- 9-1993.**

### ജനകീയ കലാകാരനായ

# ഡി.എം. പൊറ്റേക്കാട്

**കാറളം ബാലകൃഷ്ണൻ**

ഡി. എം. പൊറ്റേക്കാട്ട് അന്തരിച്ചിട്ട് ഇന്നേക്ക് ഒരു വർഷം തികയുന്നു. മുക്തിയുദ്ധം, ചോരപ്പൂക്കൾ, പ്രേമപൂജ, രക്തസാക്ഷികൾ, ആദ്യപ്രേമം, അപരാധിനി, കന്നിമണ്ണ്, രംഗപൂജ, എന്നീ കരുത്തുറ്റ കൃതികൾ കേരളത്തിന്റെ ചിന്താധാരക്കു സമ്മാനിച്ച കരുത്തനായ സാഹിത്യകാരനും 'രമണൻ', 'കളിത്തോഴി' എന്നീ ചങ്ങമ്പുഴക്കൃതികൾക്കു ചലച്ചിത്രാവിഷ്ക്കരണം നല്കിയ ഫിലിം ഡയറക്ടറുമായ ഡി. എം. പൊറ്റേക്കാടിന്റെ സ്മരണ നിലനിർത്തുന്നതിനു ഒരു സംരംഭം തൃശ്ശൂരിൽ മുളപ്പിച്ചെടുക്കുന്നുണ്ട്. ഈ സംവിധാനം പുരോഗമിക്കട്ടെ. സാഹിത്യ കലാരംഗത്തെ കക്ഷിതീയിൽ വെന്തെരിഞ്ഞുപോയ വിപ്ലവ ബീജമായിരുന്ന ഡി.എം. പൊറ്റേക്കാട് എന്നും സ്മരണീയനും അനുസ്മരണീയനുമായിരിക്കുമെന്നുറപ്പുണ്ട്.

പുതിയസംരംഭത്തെക്കുറിച്ചറിഞ്ഞ എ.കെ.ജി. ഇങ്ങനെ അറിയിച്ചു. 'എന്റെ എല്ലാ സഹായസഹകരണങ്ങളും നിങ്ങൾക്കുണ്ടാകുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്'.

മുഖ്യമന്ത്രി സ: അച്ചുതമേനോൻ അയച്ച കത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു. 'ഡി.എം. പൊറ്റേക്കാട് മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസ്' എന്ന സംരംഭം നന്നായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിന്റെ സാംസ്കാരിക രംഗങ്ങൾക്കു വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ശ്രീ. പൊറ്റേക്കാട്ടിനു ഇതു ഉചിതമായ ഒരു സ്മാരകമായിരിക്കും.

കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) കേരള കമ്മറ്റി ഓഫീസിൽ നിന്നും കഴിഞ്ഞ മാർച്ചിൽ അഴീക്കോടൻ രാഘവൻ എനിയ്ക്കെഴുതി. കോഴിക്കോട്ടുണ്ടായിരുന്നപ്പോൾ ഒന്നിച്ചു സഖാക്കളായും സുഹൃത്തുക്കളായും കഴിഞ്ഞവരാണ് ഞാനും പൊറ്റേക്കാടും . അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനുള്ള നിങ്ങളുടെ പരിശ്രമത്തിൽ അതീവസന്തുഷ്ടനാണ്. പഴയ 'നവയുഗ' ത്തിലും 'ദേശാഭിമാനി' സ്പെഷലുകളിലും നിരവധി കഥകൾ പൊറ്റേക്കാട് എഴുതിയിട്ടുണ്ട്. അതൊക്കെ സമാഹരിച്ചു ഗ്രന്ഥമാക്കുന്നതു കൊള്ളാം.

കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി നേതാക്കളും കലാപ്രേമികളുമായവരുടെ വിവിധ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന കത്തുകൾ കിട്ടി. പക്ഷെ അധികം മുന്നോട്ടുപോകാനൊക്കുന്നില്ല. ഓരോ പരിപാടിയുമായി ചിലരെയൊക്കെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. എന്തുചെയ്യണമെന്ന് ആരും വ്യക്തമായി പറയുന്നില്ല. ഉത്സാഹഭരിതവും ആവേശപൂർണ്ണവുമായ ആരംഭശൂരത്വത്തോടെ മുന്നോട്ടുവന്ന സുഹൃത്തുക്കൾ വഴിമുട്ടി നില്ക്കുന്നു. ഇതു മാറും. കുറേക്കൂടി നടന്നു കഴിയുമ്പോൾ എല്ലാം ശരിയാകും. പലർക്കും വലുത് സമകാലിക ജീവിതരംഗത്തിൽ സ്വാധീനം ചെലുത്തുന്ന രാഷ്ട്രീയ വിശ്വാസമായിരിക്കുമെന്നു നാം മറക്കരുത്. പക്ഷെ ഇന്നാടിനു വിപ്ലവത്തിന്റെ സാഹിത്യം പറഞ്ഞുതന്ന ഡി.എം. പൊറ്റെക്കാടിനെ കക്ഷിരാഷ്ട്രീയത്തിനതീതമായി സാഹിത്യ കലാരംഗത്തെ ചിന്താവിപ്ലവത്തിൽ വിശ്വസിക്കുന്ന ജനകീയ കേരളത്തിനു ആവശ്യമുണ്ട്. അതിനാണ് ഈ കുറിപ്പ്.

പൊറ്റേക്കാടിന്റെ വിപ്ലവപ്രതിഭയെ പിഴിഞ്ഞരിച്ച ചാറെടുത്തു വളമാക്കി ഉപയോഗിച്ചു വളർന്നുവന്ന പ്രസ്ഥാനങ്ങൾ ഇവിടെയുണ്ട്. അതുമാത്രം അതുമാത്രമാണ് തന്നെ നിർദ്ദയം മറക്കുന്നതിനു വേണ്ടി

മുഖ്യമന്ത്രി സ:അച്ചുതമേനോൻ അയച്ച കത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു. 'ഡി.എം. പൊറ്റേക്കാട് മെമ്മോറിയൽ അക്കാദമി ഓഫ് സോഷ്യൽ സയൻസ്' എന്ന സംരംഭം നന്നായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിന്റെ സാംസ്കാരിക രംഗങ്ങൾക്കു വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ശ്രീ. പൊറ്റേക്കാട്ടിനു ഇതു ഉചിതമായ ഒരു സ്മാരകമായിരിക്കും.

കലാകാരനായ അദ്ദേഹം ചെയ്ത മഹാപരാധവും !

'രാഷ്ട്രീയം' നിർത്തി സിനിമയിൽ പോയി ല്ലെങ്കിൽ ഞങ്ങൾ അദ്ദേഹത്തെ സാഹിത്യരംഗത്ത് ഉന്നതനാക്കിയേനെ എന്നൊക്കെ വീമ്പുപറയുന്ന വരുണ്ട്. നമ്മുടെ പി.ഭാസ്കരനും ഒ.എൻ.വി യും വയലാറും തോപ്പിൽ ഭാസിയും രാഷ്ട്രീയ രംഗത്ത് തന്നെ കവികളായും മറ്റും നിലനിന്നിരുന്നെങ്കിൽ എന്താകുമായിരുന്നു , എന്താകുമായിരുന്നില്ല എന്നൊ ക്കെ വെറുതെ കൗതുകത്തിനു വേണ്ടി ചിന്തിച്ചു നോക്കും, അവരുടെയോ അവരുടെ പോലെയുള്ള മറ്റുപലരുടേയുമോ ഇന്നത്തെ വളർച്ചക്കു വേറെ പല കാരണങ്ങളും ഉണ്ടായിരിക്കുമെങ്കിലും അത്തരം വഴികളൊന്നുമായിരുന്നില്ല ഡി.എം. പൊറ്റെക്കാടിന്റേ തെന്നതു മാത്രമാണ് സ്നേഹധനനായിരുന്ന അദ്ദേഹ ത്തിന്റെ തകർച്ചക്കു കാരണമെന്നു ആഴത്തിൽ ചിന്തി ച്ചാൽ മനസ്സിലാകും.

കക്ഷിരാഷ്ട്രീയത്തിൽ വ്യക്തി ഒരു ഘടകം മാത്രമാണ്. സാമൂഹ്യചിന്താപരമായ ഒരു പ്രസ്ഥാന ത്തിൽ ഒരു വ്യക്തിയുടെ അഭാവം ഒരിക്കലും ഒരു വിടവുണ്ടാക്കുന്നതുമല്ല. ഈ ചിന്താരീതിയിൽ നിന്ന് വിട്ടുനില്ക്കുക ഒരതിർത്തിവരെ രക്തസാക്ഷികൾ മാത്രമായിരിക്കും. പക്ഷെ ജീവിച്ചിരിക്കെത്തന്നെ തങ്ങ ളുടെ രക്തം പ്രസ്ഥാനത്തിനു വേണ്ടി ബലിയർപ്പിക്കു ന്ന ബുദ്ധിയെ ഹോമിക്കുന്ന ഒരു വിഭാഗമുണ്ട്. കേരള ത്തിൽ അത്തരത്തിൽപ്പെട്ട അപൂർവ്വം ജനകീയ സാഹിത്യകാരന്മാരിൽ അഗ്രഗണ്യൻ ഡി.എം. പൊറ്റെ ക്കാട്ടാണ്. ഇതു അനിഷേദ്ധ്യമായ ഒരു വസ്തുതയാക യാൽ തലമുറകളെ ഉപദേശിക്കേണ്ടതില്ല. പൊറ്റെക്കാ ട്ടിന്റെ അകാലവിയോഗം ആരേയും ഞെട്ടിക്കാതിരി ക്കുന്നതിന്റെ കാരണം അദ്ദേഹത്തിന്റെ സേവനത്തെ വിലയിരുത്തുന്നതിനുള്ള നമ്മുടെ വിമുഖതയാണെന്ന് കുറ്റകരമായ അനാസ്ഥയാണെന്ന് മാത്രമാണ് ഞാൻ പറഞ്ഞതിനർത്ഥം.

തന്റെ തൂലികയെ സാധാരണക്കാരന്റെ ദൈനംദിന ജീവിതപ്രശ്നങ്ങളെ ചിത്രീകരിക്കുന്നതി നുള്ള മൂർച്ചയേറിയ പടവാളാക്കി മാറ്റിയ ധീരസേനാ നിയാണ് ഡി. എം. അദ്ദേഹം എഴുതിയതെന്തും ജന ങ്ങളെ ആവേശം കൊള്ളിച്ചിട്ടുണ്ട്. അന്ധമായ പാർട്ടി ഭക്തി മൂലം കലാമൂല്യങ്ങളെ വിസ്മരിച്ചു പോലും ! അതറിയാമായിരുന്നിട്ടും അപൂർവ്വം അവസരങ്ങളി ലെങ്കിലും സാഹിത്യസൃഷ്ടി നടത്താൻ മുന്നോട്ടു വന്ന പൊറ്റെക്കാട്ടിന്റെ മുന്നിൽ നിവർന്നു നില്ക്കാൻ കെല്പുള്ള ഒരു ജനകീയ സാഹിത്യകാരൻ ഇന്നാ ട്ടിലില്ല. അന്ന് പൊറ്റെക്കാട്ട് ഉൾപ്പെട്ട ആ സാഹിതീയ പ്രചരണ വിഭാഗത്തിന്റെ ത്യാഗോജ്ജ്വലമായ മുന്നേ റ്റത്തെ കൊഞ്ഞനം കുത്തിയിരുന്നവരെല്ലാം ഇന്ന് അതേ പ്രസ്ഥാനങ്ങൾക്ക് സംപൂജ്യരാണ്. അത്തരം ഭീരുക്കൾക്കുള്ള അഭയ സങ്കേതമായിരിക്കുന്നു ഇവിടത്തെ വിപ്ലവപ്രസ്ഥാനത്തിന്റെ ജിഹ്വകൾ എന്നു തോന്നുന്നതിൽ ക്ഷമിക്കണം. വീരാരാധനയെ പ്രോ ത്സാഹിപ്പിക്കാനല്ല ഞാനിതു പറഞ്ഞത്. ഒരതിർത്തി വരെ എല്ലാ പ്രസ്ഥാനങ്ങളും വീരാരാധനയിൽ വിശ്വ സിക്കുന്നു ; നേതൃത്വ പൂജയെ പുണരുന്നു. ഇല്ലെന്നു സൗകര്യപൂർവ്വം വാദിക്കുമെങ്കിലും ഇവിടെ മനഃപൂർ വ്വം മറന്നുപോകുന്നത് അർഹതയാണ്. ഏറ്റവും വലി യ അത്യാഹിതവും അതുതന്നെ. പൊറ്റേക്കാടിനെ കു റി ച്ച്, അദ്ദേഹമായി അടുത്തിടപഴകാൻ ഇടവന്നിട്ടുള്ള എല്ലാവർക്കും സ്നേഹവും ബഹുമാനവും ആദരവു മാണ്. പക്ഷെ അദ്ദേഹത്തിനുവേണ്ടി എന്തെങ്കിലും ചെയ്യാനുള്ള കൂട്ടായ ഒരു നീക്കത്തിന് നാം ഇന്നുവ രെ ഉണർന്നു മുന്നോട്ടു വന്നിട്ടില്ലെന്നത് ലജ്ജാവഹമാ യിരിക്കുന്നു.

ഇവിടെ സാധാരണഗതിയിൽ മനസ്സിലാക്കാൻ തുനിയാത്ത ഒരു പ്രത്യേക വ്യക്തിത്വത്തിന്റെ ഉടമയാ ണ് ഡി.എം. പൊറ്റേക്കാട് എന്ന കലാകാരൻ. അദ്ദേഹ ത്തിന്റെ കൃതികൾ അവ പ്രചരിച്ച കാലഘട്ടത്തിന്റെ അന്തരീക്ഷത്തെ കണക്കിലെടുത്തു കൊണ്ട് സവിശേ ഷമായ പഠനം അർഹിക്കുന്നു ; ഒന്നുരണ്ടു കൊല്ലത്തി നകം പൊറ്റേക്കാടിന്റെ കൃതികളെ കുറിച്ചുള്ള വിപുല മായൊരു പഠനത്തിനു വേണ്ട കളമൊരുക്കുക മാത്ര മാണ് തൃശ്ശൂരിൽ അദ്ദേഹത്തിന്റെ നാമധേയത്തിൽ ആരംഭിച്ചിട്ടുള്ള എളിയ പ്രസ്ഥാനത്തിന്റെ ഉദ്ദേശം. അതു സഫലമാകുമെന്നു തന്നെയാണ് ഞങ്ങളുടെ വിശ്വാസവും.

ജീവിച്ചിരിക്കുന്ന കാലത്ത് ഒരു കലാകാരൻ നൽകിയ സേവനമാണ് മരണശേഷം അയാളെ വില യിരുത്താൻ സഹായിക്കേണ്ടതെങ്കിൽ കേരളത്തിൽ ഡി.എം. പൊറ്റേക്കാടിന്റെ വ്യക്തിമുദ്ര വേറെ ആർക്കും ഇല്ല. നൂറുശതമാനവും വിപ്ലവബോധത്തിന്റെ കലാ കാരനായിരുന്നു അദ്ദേഹം. ചങ്ങമ്പുഴയുടെ ഉറ്റ സുഹൃ ത്തുക്കൾ പോലും കൈയ്യൊഴിച്ച രമണനേയും കളി ത്തോഴിയേയും ചലച്ചിത്രരംഗത്ത് അവതരിപ്പിക്കാൻ പൊറ്റെക്കാട് സഹിച്ച ത്യാഗം ഇതിനുദാഹരണമാണ്.

അനശ്വരതയുടെ പതാക ചങ്ങമ്പുഴക്കൃതിക ൾക്ക് നല്കാൻ അദ്ദേഹം കാണിച്ച ധീരത കണക്കിലെ ടുക്കേണ്ടതുണ്ട്. സിനിമാരംഗം പൊറ്റേക്കാടിന്റെ

കലാജീവിതത്തിലെ വഴിത്തിരിവും പരാജയത്തെ ത്വരിതപ്പെടുത്തിയ ഘടകവുമായിരുന്നു. സിനിമയുടെ ജീവിതരീതിയും അലിഖിതനിയമങ്ങളും വിപ്ലവകാരിയായ പൊറ്റേക്കാടിന് പറ്റിയ തൊപ്പി ആയിരുന്നില്ല എന്നതും ഇതിന്റെ കാരണങ്ങളിലൊന്നാണ്. പക്ഷെ മറ്റുള്ളവർക്ക് വേണ്ടി സ്വന്തം വിപ്ലവവീര്യത്തെ സ്വയം ഹോമിച്ച് പൊറ്റേക്കാടിനു സൗകര്യപൂർവ്വം വിറ്റുകാശാക്കാൻ കഴിയുമായിരുന്നില്ല. സാഹിത്യരംഗത്ത് രാഷ്ട്രീയാഭിപ്രായഭിന്നതയിൽ നിൽക്കക്കള്ളിയില്ലാതായ അദ്ദേഹത്തെ തന്റെ രംഗമൊന്നു മാറ്റി ചവിട്ടാൻ നിർബന്ധിതമാക്കിയതാണ് സിനിമ. അതിലദ്ദേഹത്തെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ഡി.എം. മാത്രമല്ല ഇത് ചെയ്തത്. മുൻ പറഞ്ഞവർക്കു പുറമെ പി.ജെ.ആന്റണി, ശങ്കരാടി, എൻ.എൻ. പിള്ള തുടങ്ങിയവരെല്ലാം പരീക്ഷിച്ചിട്ടുണ്ട്. ചിലർ വിജയിക്കുന്നു എന്നു മാത്രം. വിജയിക്കുന്നവർ മാത്രം മിടുക്കൻമാരെന്നു വിധിക്കുന്ന പ്രകൃതം വിഷയത്തിന്റെ സത്യസന്ധമല്ലാത്ത ഒരു വശം മാത്രമേ ആകുന്നുള്ളു.

ജനസേവനരംഗത്തെ കക്ഷിരാഷ്ട്രീയക്കാർ മറന്നാലും തള്ളിപ്പറഞ്ഞാലും ഡി.എം. പൊറ്റെക്കാട്ടിന്റെ കൃതികൾ വായിച്ച് ആവേശം കൊണ്ടിട്ടുള്ള ഒരാളും അദ്ദേഹത്തെ മറക്കുന്നതല്ല. കേരളത്തിൽ സാഹിത്യരംഗത്ത് രാഷ്ട്രീയ സാമൂഹ്യ വിപ്ലവബോധം വളർത്തിയെടുക്കാൻ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ വിത്തുവിതച്ച ഡി.എം. പൊറ്റേക്കാട് സ്വയം അത്തരമൊരു ബീജമായിരുന്നു. മറ്റേതു നേതാക്കളേയും പോലെ തന്റെ കടമ നിർവ്വഹിച്ചു എന്നു മാത്രം. ജനശബ്ദത്തെ വ്യാഖ്യാനിച്ച ഈ കലാകാരനെ അർഹമാം വിധം മരണാനന്തരമെങ്കിലും അനുസ്മരിക്കുന്നില്ലെങ്കിൽ അതിനർത്ഥം നാം നമ്മുടെ കടമകളിൽ നിന്നും ബഹുദൂരം പിറകോട്ടു പോകുന്നു എന്നുതന്നെയാണ്. വ്യക്തിയെയല്ല , വ്യക്തിത്വത്തെയാണ് തലമുറകൾക്ക് പരിചയപ്പെടുത്തേണ്ടത്. മറ്റേതു രംഗത്തായിരുന്നെങ്കിലും പതിന്മടങ്ങ് അർഹത നേടാമായിരുന്ന തന്റെ അസാമാന്യവും ധീരവുമായ സാഹിത്യകലാവൈഭവത്തെ കേരളത്തിലെ സാധാരണക്കാരന്റെ ഉന്നമനത്തെ ലാക്കാക്കി കൈമെയ് മറന്നു ഹോമിച്ച സാഹിത്യകാരൻ പൊറ്റേക്കാട് മാത്രമാണ്.

പ്രോഗ്രസ്സ് 11-11-1972

SREE VALSAM CATERING UNIT

ശ്രീവത്സം കേറ്ററിംഗ് യൂണിറ്റ്

മാറാട്ട് ഗോപാലകൃഷ്ണൻ സ്മാരകമന്ദിരം, തൃപ്രയാർ ക്ഷേത്രനട

Ph: 392594, 392595 Mobile: 98470 48994

വിവാഹസദ്യകൾ, ടീപാർട്ടികൾ [veg.& Non veg.]

ഓർഡർ പ്രകാരം നടത്തിക്കൊടുക്കുന്നു.

ആവശ്യമായ ഭക്ഷണസാധനങ്ങൾ തയ്യാറാക്കി സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുന്നു.

# ഡി.എമ്മിനെ ഓർക്കുമ്പോൾ

## സി വി ശ്രീരാമൻ

ഡി. എമ്മിനെ അനുസ്മരിക്കുക എന്നാൽ മറ്റേ യുഗത്തിന്റെ ഓർമ്മ ചികയുക എന്നാണ് അനുഭവത്തിൽ. ഇല്ലായ്മയുടെ വറുതിയുടെ ഒരു യുഗത്തിലായിരുന്നു അന്ന് കമ്മ്യൂണിസ്റ്റുകാർ . വേട്ടയാടപ്പെട്ട നിരാലംബരായ ഒരു കൂട്ടം പേക്കോലങ്ങൾ. അവരുടെ ഉരുക്ക് മനസ്സ് ഒന്നുമാത്രമായിരുന്നു ആ യുഗത്തിന്റെ മുദ്രകൾ. ടി. ബി, ആസ്തമ, ഏപ്പുകളാകെ വേദനിക്കുന്ന അനേകമസുഖങ്ങൾ . ആ മനുഷ്യർ അങ്ങിനെ ഒരു യുഗം അതിജീവിക്കുമെന്ന് ആരും കരുതിയില്ല. പകലിന്റെ ഏതോ സമയത്ത് രാത്രിയുടെ ഏതോയാമങ്ങളിൽ താൻ പിടിക്കപ്പെടും എന്ന ഭയം വിട്ടുമാറാത്ത പേടിസ്വപ്നമായിരുന്നു.

ഇതായിരുന്നു ഡി എമ്മിനെ ആരാധിക്കാൻ തുടങ്ങിയത്. ആ സഖാവിന്റെ 'പടയാളി' എന്ന ചെറുകഥാ സമാഹാരം വായിക്കാൻ തുടങ്ങിയതും അതിലെ വരികൾ ഉരുവിടാൻ തുടങ്ങിയതും ഒരേ സമയത്തായിരുന്നു. ഒരു പക്ഷെ ഇത്രയും റൊമാന്റിക്ക് ആയ രചനാശൈലി ഇടതുപക്ഷക്കാരിൽ വയലാറിനോട് ഉപമിക്കാവുന്നതാണ്. പടയാളി എന്ന സമാഹാരത്തിലെ കഥകൾ അന്നത്തെ വിപ്ളവപ്രസ്ഥാനത്തേക്കാളേറെ റൊമാന്റിക്ക് പ്രസ്ഥാനത്തെ താലോലിക്കുന്നവയായിരുന്നു. അതാണ് അക്കാലത്ത് ഡി. എം ചെറുപ്പക്കാരുടെ ആരാധനാപാത്രമായത്. ഡി. എമ്മിന്റെ കഥകളിലെ നിലാവ്, ഏകാന്തമായ പൊയ്കകൾ അവയിലെ ആമ്പൽപ്പൂക്കൾ, കല്പടവുകൾ, കൽചുമരുകൾ, വിജനമായ അമ്പലങ്ങൾ എല്ലാം ഒരു പ്രത്യേകതരം നൊസ്റ്റാൾജിയ ആണ് ചെറുപ്പക്കാരായ വായനക്കാരിൽ ഉണർത്തുക.

അന്ന് ഡി എമ്മിന്റെ കഥകൾ വായിച്ചിരുന്നത് ചെറുപ്പക്കാർ മാത്രമായിരുന്നു. എനിക്ക് നോബൽ ജേതാവായ സോൾബെല്ലോ(SaulBellow) എന്ന എഴുത്തുകാരന്റെ ഹംബോൾസ് ഗിഫ്റ്റ് (Hambolt's Gift) എന്ന നോവലിലെ ഹംബോൾഡും നെറ്റേറ്റായ ചാർലിയും തമ്മിലുള്ള ബന്ധമാണ് ഓർമ്മ വരിക. ചാർലി എഴുതാൻ തുടങ്ങുന്നതിന് മുൻപെ ഹംബോൾട്ട് പ്രസിദ്ധനായിരുന്നു. ഹംബോൾട്ടിന്റെ ഏറ്റവും എളിയ ആരാധകനായിരുന്നു ചാൾസ്. അതു പോലെ ഡിഎമ്മിന്റെ ഏറ്റവും എളിയ ആരാധകനായിരുന്നു ഞാൻ.

അന്ന് ഡി.എമ്മിന്റെ കഥകൾ വായിച്ചിരുന്നത് ചെറുപ്പക്കാർ മാത്രമായിരുന്നു. എനിക്ക് നോബൽ ജേതാവായ സോൾബെല്ലോ(SaulBellow) എന്ന എഴുത്തുക്കാരന്റെ ഹംബോൾസ് ഗിഫ്റ്റ് (Hambolt's Gift) എന്ന നോവലിലെ ഹംബോൾഡും നെറ്റേറ്റായ ചാർലിയും തമ്മിലുള്ള ബന്ധമാണ് ഓർമ്മ വരിക. ചാർലി എഴുതാൻ തുടങ്ങുന്നതിന് മുൻപെ ഹംബോൾട്ട് പ്രസിദ്ധനായിരുന്നു. ഹംബോൾട്ടിന്റെ ഏറ്റവും എളിയ ആരാധകനായിരുന്നു ചാൾസ്. അതു പോലെ ഡി.എമ്മിന്റെ ഏറ്റവും എളിയ ആരാധകനായിരുന്നു ഞാൻ.

ആരാധകർക്ക് ഒരു പതിവുണ്ടെല്ലോ ആരാധനാമൂർത്തിയെ നേരിട്ട് കാണുക, വർത്തമാനം പറയുക, ആരാധനാമൂർത്തിയുടെ കൃതികളിലെ സംശയനിവാരണം വരുത്തുക.

തൊള്ളായിരത്തി നാല്പത്തി ഏഴിലാണ് ഞാനാദ്യമായി ഡി എം പൊറ്റേക്കാടിനെ കാണുന്നത്. . അ ന്ന് ചാലപ്പുറത്തുള്ള ഒരു ഓലഷെഡിലാണ് ദേശാഭിമാനിപത്രം പ്രവർത്തിച്ചിരുന്നത്. എഡിറ്റോറിയൽ സ്റ്റാഫ് നിരന്നിരുന്നത് ഒരു ഓട് മേഞ്ഞ കെട്ടിടത്തിലായിരുന്നു. അന്ന് കമ്മ്യൂണിസ്റ്റ് എന്ന വാരികയും ദേശാഭിമാനിപ്രസ്സിൽനിന്ന് ഇറങ്ങിയിരുന്നു. അന്നത്തെ അറിയപ്പെടുന്ന എല്ലാ കമ്മ്യൂണിസ്റ്റ് നേതാക്കളും ദേശാഭിമാനിയിൽ പ്രവർത്തിച്ചിരുന്നു. ഏറ്റവും നല്ല കമ്മ്യൂണിസ്റ്റ് തിയ്യറിറ്റിക്കൽ ലേഖനങ്ങൾ അച്ചടിച്ച് വന്നിരുന്നത് കമ്മൂണിസ്റ്റ് വാരികയിലായിരുന്നു. ഞാൻ കമ്മ്യൂണിസ്റ്റ് വാരികയുടെ വരിക്കാരനും വായനക്കാരനുമായി

രുന്നു. പലതും മന്ത്രം ഉച്ചരിക്കുന്ന ജാഗ്രതയോടെയാണ് ഉച്ചരിച്ചുവിടുന്നത്. അവിടെ ചെന്നപ്പോൾ എല്ലാവരും ഡസ്ക്കിലായിരുന്നു, എഴുതുകയായിരുന്നു. ഉടല് നിവർന്നും. തല 'കനത്തു'മായിരുന്നു. അതിൽ നിന്ന് വ്യത്യസ്തമായി ഒരാൾ മാത്രം ചിരിക്കുന്നതായിക്കണ്ടു. വേഷം ഖദർ ജുബ്ബയായിരുന്നു. മറ്റുള്ളവരിൽ അധികം പേരും ഖദർ വേഷക്കാരായിരുന്നു. കമ്മ്യൂണിസ്റ്റുകാർ ഖദറിൽ നിന്നും മോചിതരായിരുന്നില്ല. അതാണ് എനിക്ക് സംശയം വന്നത്. ഇത് ഡി. എം തന്നെയാണോ?

ഡി.എമ്മിന്റെ 'പടയാളി' എന്ന സമാഹാരത്തിൽ കൊടുത്ത ഫോട്ടോവിൽ ഡി. എം ധരിച്ചിരുന്നത് ഒരു കട്ടിക്കൂടിയ ബുഷ് ഷർട്ടായിരുന്നു. ഞാൻ ആദ്യം ചോദിച്ച ചോദ്യം സഖാവ് എസ്. കെ പൊറ്റേക്കാടിന്റെ അനിയനാണോ എന്നായിരുന്നു. എന്തോ ആ ചോദ്യം ഡി.എമ്മിന് രസിച്ചില്ല. എന്തേ എസ്. കെ പൊറ്റേക്കാട് ഡി എം പൊറ്റേക്കാടിന്റെ ജ്യേഷ്ഠനാണോ എന്ന് ചോദിച്ചില്ല. കൂട്ടത്തിൽ പ്രസിദ്ധൻ ഡി എം പൊറ്റക്കാടാണല്ലോ എന്ന് ഡി. എം ചിന്തിച്ചിരിക്കണം. മറ്റുപലരിൽനിന്നുമാണ് ഞാനറിഞ്ഞത് ഡി എം പൊറ്റേക്കാട് എസ്. കെ പൊറ്റേക്കാടുമായി യാതൊരു ബന്ധവുമില്ലെന്ന്.

ഇതിനകം ഡി എം പൊറ്റേക്കാടിന്റെ 'കടലാസ്പെരുമാൾ' എന്ന കഥ ദേശാഭിമാനി ഓണപ്പതിപ്പിൽ വന്നിരുന്നു. കൊച്ചി രാജവംശത്തെ അടച്ചാക്ഷേപിച്ച ഒരു കഥായായിരുന്നു. കൊച്ചിരാജ്യത്ത് ദേശാഭിമാനി നിരോധിക്കാൻ വകയായത് ആ കഥയായിരുന്നുവെങ്കിൽ അത്ഭുതമില്ല. കാഴ്ചയും ഓർമ്മയും നഷ്ടപ്പെട്ട സൂര്യവംശജനായ ഗോശ്രീരാജാവ് ആ കഥവായിച്ച് കാണില്ല. അദ്ദേഹത്തിന്റെ പാർശ്വവർത്തികളിൽ പ്രമുഖരും വായിച്ചിച്ചുണ്ടാവില്ല. ഏതെങ്കിലും കുട്ടൻപിള്ള ഏഡിന്റെ ഭാര്യയോ അയൽപക്കക്കാരന്റെ ഭാര്യയോ പറഞ്ഞായിരിക്കാം ഗോശ്രീ രാജ്യവംശത്തെ അപമാനിച്ചുവെന്ന്. അന്ന് അതൊക്കെ മതിയല്ലോ.

ചാലപ്പുറത്തെ ഓലഷെഡിലെ ദേശാഭിമാനിയിൽ പിന്നെ പോകേണ്ടി വന്നില്ല. ദേശാഭിമാനിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും നിരോധിക്കപ്പെട്ടു. ആദ്യം ഡി എമ്മിനെ കാണുമ്പോൾ ഞാൻ ഹൈസ്ക്കൂൾ വിദ്യാർഥിയായിരുന്നു. പിന്നീട് തൃശ്ശൂരിൽ സെന്റ് തോമസ് കോളേജിൽ അടുത്ത വർഷം ചേർന്നു.ഇതിനകം എന്റെ മേൽവിലാസം തേടിപ്പിടിച്ചു. കൃത്യമായി തിയതി ഓർക്കുന്നില്ല, ഒരു ദിവസം തൃശൂർ റെയിൽവേസ്റ്റേഷനിൽ വണ്ടിയിറങ്ങുമെന്നും സ്റ്റേഷനിലെത്തണമെന്നും സമയവും അറിയിച്ചിരുന്നു. ഞാൻ പോയിരുന്നു. പാന്റ്സും ബുഷ്കോട്ടും ധരിച്ച് ഒരു വലിയ പെട്ടി പോർട്ടറെക്കൊണ്ടെടുപ്പിച്ച് ഡി എം തീവണ്ടിയിൽ നിന്നും ഇറങ്ങിവന്നു. ഫ്ളാറ്റ് ഫോം ടിക്കറ്റ് വാങ്ങാൻ കാശില്ലാത്തതുക്കൊണ്ട് ഞാൻ സ്റ്റേഷനു പുറത്താണ് നിന്നിരുന്നത്. ഡി. എം പോർട്ടറെക്കൊണ്ട് തന്നെ ഒരു ടാക്സി വിളിപ്പിച്ചു. ഇന്നത്തെ ബാറ്റാ ഷോപ്പിന്റെ റോഡിൽ കൂടി വന്നു. ആ റോഡ് അവസാനിക്കുന്നത് പാലസ് ഹോട്ടലിന്റെ മുന്നിലാണ്. അവിടെ പോയി. പിന്നീട് എപ്പഴോ സംഭാഷണത്തിലാണ് അറിഞ്ഞത് ഡി. എം അങ്ങിനെയൊരു വേഷത്തിൽ വന്നത് പോലീസുകാരെ കബളിപ്പിക്കാനായിരുന്നുവെന്ന്. പുറമെ നിന്നും വരുന്ന ഏതോ വലിയ ആളാണെന്ന് തോന്നിപ്പിക്കാനായിരുന്നു. ആ വലിയ പെട്ടി നിറയെ എവിടെയോ അച്ചടിച്ച് തൃശൂരിൽ വിതരണം ചെയ്യാനുള്ള ദേശാഭിമാനി പത്രമായിരുന്നു.

അന്ന് മലബാറിലൊന്നും ഉൾക്കൊള്ളിക്കാൻ കഴിയാത്ത കമ്മ്യൂണിസ്റ്റ് ബുദ്ധിജീവിനിര തൃശൂരിലാണ് തമ്പടിച്ചിരുന്നത്. പിന്നീട് തൃശൂരിൽ നിന്ന് 'റിപ്പബ്ളിക്ക്' എന്ന ദിനപ്പത്രവും 'കേരളഭൂമി' വാരികയും ആരംഭിച്ചു. 'കേരളഭൂമി'യുടെ പത്രാധിപർ റാംകി (പി. രാമൻമേനോൻ) ഇന്ന് ജീവിച്ചിരിപ്പില്ല. 'റിപ്പബ്ളിക്കി'ന്റെ പത്രാധിപരായ കിള്ളിമംഗലം വാസുദേവൻ ഇന്നും ജീവിച്ചിരിപ്പുണ്ട്. ഇവരെയൊന്നും കൊച്ചിശീമയിൽ പോലീസുകാർക്ക് അറിയാമായിരുന്നില്ല. . കൊച്ചിശീമയിൽ അറസ്റ്റ് വാറണ്ട് ഉണ്ടായിരുന്നില്ല. വൈകുന്നേരങ്ങളിൽ തേക്കിൻകാട് മൈതാനിയിൽ എല്ലാവരും ഒത്തുകൂടുമായിരുന്നു. നിലമ്പൂർ കോവിലകത്ത് രണ്ട് തമ്പുരാക്കൻമാർ(പേരറിയില്ല ചോദിക്കാനനുവാദമുണ്ടായിരുന്നില്ല.) വി.ടി ഇന്ദുചൂഡൻ പപ്പുവേട്ടൻ, എൻ.വി.എസ്.വാരിയർ തുടങ്ങിയവർ ഒന്നിച്ചിരുന്ന് പല ലോകകാര്യങ്ങളും പറയുമായിരുന്നു. വി. ടി ഇന്ദുചൂഡന്റെ സ്ഥിരം സബ്ജക്ട് പിക്കാസോ ആർട്ടായിരുന്നു. എൻ.വി .എസ്സിന്റെയും ഡി.എമ്മിന്റെയും സബ്ജക്ടുകൾ ഹോളിവുഡിലെ ഇടതുപക്ഷ സിനിമകളും ഗേരികൂപ്പർ, പോൾമുനിർ തുടങ്ങിയ നടന്മാരുമായിരുന്നു.

ദി അൺകോൺകേർഡ് എന്ന റെഡ്ഇൻഡ്യാ ഗോത്രവർഗ്ഗത്തിന്റെ ചെറുത്തുനില്പ് അന്ന് വളരെ ആവേശത്തോടെയാണ് ഞങ്ങൾ കണ്ടത്. അന്ന് ഒളിലുള്ളവർ രാമവർമ്മ തിയ്യേറ്ററിലെ ഫിലിം ഓപ്പറേറ്റർ

ഒരു ഉറച്ച കമ്മ്യൂണിസ്റ്റുകാരനായിരുന്നു. പോലീസ് പരിശോധിക്കാൻ വരുന്നുവെന്ന് പോയി പറഞ്ഞാൽ ആ മനുഷ്യൻ (പേര് ഓർക്കുന്നില്ല.) സിനിമ പെട്ടെന്ന് നിർത്തി ലൈറ്റണച്ച് രക്ഷപ്പെടുന്നതിന് അവസരം ഉണ്ടാക്കിത്തരുന്നുണ്ടായിരുന്നു.

സി. ജനാർദ്ദനൻ, അമ്പാടി ശങ്കരൻ കുട്ടി, ഏ. സി ജോർജ് എന്നിവർ ഇങ്ങനെ സ്ഥിരം രക്ഷപ്പെടുന്നവരായിരുന്നു.

എന്റെ ആദ്യത്തെ കഥ വന്നത് റിപ്പബ്ളിക്ക് ഡെയിലിയിലായിരുന്നു. കഥ ഡി എമ്മിനെ കാണിച്ചിരുന്നു. കഥക്ക് ചൂടുപോരാ എന്ന് പറയുകയും അന്ത്യം ഡി എം തിരുത്തി തരികയും ചെയ്തു. ആദ്യത്തെ ലേഖനം വന്നത് കേരളഭൂമിയിലാണ്. തൊള്ളായിരത്തി നാല്പത്തി ഒമ്പത് മാർച്ച് ഒമ്പതാം തിയ്യതി റെയിൽവേ തൊഴിലാളികൾ ഒരു അഖിലേന്ത്യാസമരം പ്രഖ്യാപിച്ചു കഴിഞ്ഞിരുന്നു. അന്നൊക്കെ പ്രാസംഗികർ സമരത്തിന നുകൂലമായി വഴിനീളെ പ്രസംഗിക്കുമായിരുന്നു. ലേഖനമെഴുതുന്നവർ സമരത്തിന്റെ യുക്തിയെ കാര്യകാരണസഹിതം സമർത്ഥിക്കുക, കവികൾ സമരാവേശം കവിതയിൽ പകർത്തുക, കലാകാരൻമാർ സമരം വിജയിപ്പിക്കാൻ കഥകളെഴുതുക ഇതൊക്കെ പാർട്ടി മേൻഡേറ്റായിരുന്നു. ഒരു കഥ എഴുതി കേരളഭൂമിയിൽ കൊടുക്കുന്നതിന് ഡി എം എന്നെയാണ് ഏല്പിച്ചിരുന്നത്. ഞാൻ കഥയുമായി കേരളഭൂമിയിൽ ചെന്നു. റാംസ്കിയെ ഏല്പിച്ചു.അതിലൊരു വാചകമുണ്ടായിരുന്നു. മാർച്ച് ഒമ്പതാംതിയ്യതി ചെറുതുരുത്തി പാലം കടക്കുമ്പോൾ തീവണ്ടി ഭാരതപ്പുഴയിൽ മുങ്ങിക്കുളിച്ചാണ് എത്തുകയെന്ന്. ചെറുതുരുത്തിപാലത്തിന് ബോംബ് വെക്കും, തീവണ്ടി വീഴും എന്നൊക്കെ അന്നത്തെ പോലീസ് ബുദ്ധി വ്യാഖ്യാനം ചെയ്യും അതുകൊണ്ട് ആ വരിമാറ്റണമെന്ന് റാംസ്കി നിർദ്ദേശിച്ച് കഥ തിരിച്ചുതന്നു. ഈ നിർദ്ദേശവുമായി ഞാൻ ഡി എമ്മിനെ പോയി കണ്ടു. കഥയിലെ ഒരക്ഷരം പോലും മാറ്റാൻ എന്റെ വിപ്ളവബോധം അനുവദിക്കുന്നില്ല. ഇത് കൊണ്ട് ഭീരുക്കൾ ഭീരുക്കൾ എന്ന് ഡി എമ്മം ഉരുവിട്ടുകൊണ്ടിരുന്നു.

ഡി എമ്മിന്റെ ഒരു കഥ തിരസ്ക്കരിക്കാനുള്ള ഒരു കമ്മ്യൂണിസ്റ്റ് പത്രവും അന്ന് കേരളത്തിലുണ്ടായിരുന്നില്ല, കഥ വന്നു ഒരക്ഷരം കളയാതെ. അന്നു വൈകുന്നേരം പോലീസുകാർ കേരളഭൂമി റെയിഡ് ചെയ്തു. ഇതിനകം സർക്കാരുകൾ തടങ്ങൽ വ്യവസ്ഥക്ക് ചില അഡ്ജസ്റ്റ്മെന്റുകൾ നടത്തിയിരുന്നു. വാറണ്ട് മദ്രാസ് സർക്കാരിന്റേതാണെങ്കിലും കൊച്ചിൻ പോലീസിന് അവരെ അറസ്റ്റുചെയ്യാമായിരുന്നു. ഇതോടെ കൊച്ചിശീമയിൽ അല്പം മന:സമാധാനത്തോടെ കഴിഞ്ഞിരുന്ന മലബാർകമ്മ്യൂണിസ്റ്റുകാർ വിഹ്വലരായി. അന്ന് രോഗം വന്നാൽ സഹിക്കുക്യേ പറ്റൂ. പ്രൈവറ്റ് ഡോക്ടറെ കാണാൻ കാശുണ്ടാവുകയില്ല. സർക്കാർ ആശുപത്രിയിലെ ഓ.പി ക്യൂവിൽ പകൽ സമയത്ത് നിൽക്കാനും വയ്യ. ചൊറിക്കുത്തിയും വലിവും സഹിച്ച്കൊണ്ട് അവർ നാളുകൾ നീക്കിയിരുന്നു. ഒരു പാർട്ടി സഖാവിന്റെ അലവൻസ് ഭക്ഷണത്തിന് എട്ടണയും ബീഡിക്ക് ഒരണയുമായിരുന്നു. അന്ന് തൃശൂരിൽ ആ സമയങ്ങളിൽ പ്രവർത്തിക്കുന്ന മൂന്നു ഹോട്ടലുകൾ ഉണ്ടായിരുന്നു, ബിസ്മില്ലാ, സിനിമാകഫേ, വൈശാഖ്ഹോട്ടൽ. ബിസ്മില്ലയും സിനിമാകഫേയും പോലീസ് സ്റ്റേഷ നടുത്തായിരുന്നു. വൈശാഖ് ഹോട്ടൽ പടിഞ്ഞാറെ നടക്കാവിൽ ഓവർ ബ്രിഡ്ജിനടുത്തായിരുന്നു. അവിടെ ഭക്ഷണം കഴിക്കാൻ പോകുന്നതും അപകടം വിളിച്ച് വരുത്തുന്നതിന് തുല്യമായിരുന്നു. അതിനടുത്താണ് അന്നത്തെ സർക്കിൾ ഇൻസ്പെക്ടർ മാരാർ താമസിച്ചിരുന്നത്. കമ്മ്യൂണിസ്റ്റുകാരെ ഒതുക്കുന്നതിൽ അതിവിദഗ്ദനായിരുന്നുഅദ്ദേഹം. (അദ്ദേഹം ഐ.ജി.യായാണ് പെൻഷൻ പറ്റിയത്.)

അന്ന് ഒരു ഊണിന് വൈശാഖ് ഹോട്ടലിൽ അഞ്ചണയായിരുന്നു. പ്രാതലിന് നാലണയെങ്കിലും വരും. പകൽ സമയത്ത് ചായയും ബീഡിയും, അരിഭക്ഷണം രാത്രിയിൽ മാത്രം. ഡി.എമ്മിനെ ഓർക്കുമ്പോൾ ഇരുണ്ട പേടി സ്വപ്നങ്ങൾ മാത്രം നല്കിയിരുന്ന ആ നാളുകളെക്കുറിച്ച് ഓർക്കാതിരിക്കാൻ, പറയാതിരിക്കാൻ വയ്യ. വർഷങ്ങളോളം പിന്നീട് ഞാൻ ഡി. എമ്മിനെ കണ്ടിരുന്നില്ല. ഞാനും സഞ്ചാരിയായിരുന്നില്ലേ ?

ഡി. എമ്മിന്റെ തീവ്രമായ കഥകൾ അക്കാലത്താണ് എഴുതപ്പെട്ടത്. വടക്കേ മലബാറിലെ എം. എസ്. പി നായാട്ട് താവളങ്ങളെക്കുറിച്ച് ഡി.എം. എഴുതി യിട്ടുള്ള കഥകൾ ഇത്രമാത്രം തീവ്രമാകുന്നു. ഇന്നത്തെ ലാറ്റിനമേരിക്കൻ കഥകൾ വായിക്കുമ്പോൾ നമ്മുടെ പിന്നിട്ട ഇരുണ്ട നാളുകൾ ഓർക്കാതിരിക്കാൻ വയ്യ.

പ്രമുഖ നിരൂപകൻ എൽ സെൽവഡോർ എഴുത്തുകാരന്റെ വൺ ഡേ ഓഫ് ലൈഫ് എന്നകൃതിയെ വാനോളം പുകഴ്ത്തിക്കണ്ടു. അവിടുത്തെ

മനുഷ്യർ നേരം പുലരുമ്പോൾ ആഗ്രഹിക്കുക എനിക്കു ഒരു ദിവസത്തെ ജീവിതം കൂടികിട്ടണേ എന്നാണ്. വടക്കേ മലബാറിലും എം. എസ്. പി പതിയിരുന്ന പ്രദേശങ്ങളിലും മുഴുവൻ ജനങ്ങളും അന്ന് ആഗ്രഹിച്ചത് ഞങ്ങൾക്ക് ഒരു ദിവസത്തെ ജീവിതം കൂടി കിട്ടണമേ എന്നായിരുന്നു.



ഡി.എമ്മിന്റെ കഥകൾക്ക് പുനർവായന അനിവാര്യമാണ്.

കേരള സാഹിത്യ അക്കാദമി ഡി.എം. പൊറ്റെക്കാടിന്റെ കഥകൾ പ്രസിദ്ധീകരിച്ചിരുന്നു. ആ കമ്മറ്റിയിൽ ഞാനും അംഗമായിരുന്നു എന്നതിൽ എനിക്ക് സന്തോഷമുണ്ട്. ചെറുകഥയിൽ എന്റെ ഗുരുവായ ഡി. എമ്മിനെ അപ്രകാരം ആദരിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. ആ പുസ്തക പ്രകാശനവേളയിൽ സഖാവ് ടി. കെ. രാമകൃഷ്ണൻ എടുത്തു പറഞ്ഞ ഒരു കഥ 'പിന്നെയും മഞ്ഞു പെയ്യുന്നു' എന്നതായിരുന്നു.

ഞാനവസാനമായി ഡി. എമ്മിനെ കണ്ടത് മദിരാശിയിൽ വെച്ചായിരുന്നു. ഞാൻ റോയൽ പേട്ട ഹൈറോഡിലൂടെ നടന്നു പോവുകയായിരുന്നു. പെട്ടെന്ന് എന്റെ അടുക്കൽ ഒരു കാറ് വന്നു നിന്നു. ആ കാറ് ഓടിച്ചിരുന്നത് ഡി.എമ്മായിരുന്നു. ഡി.എം. ഇറങ്ങി വന്നു. എന്റെ തോളിൽ തട്ടി സന്തോഷം പ്രകടിപ്പിച്ചു.

ഡി.എം. ആകെ മാറിയിരുന്നു. ഫുൾ സ്ലീവ് ഷർട്ട്, വിലകൂടിയ പാന്റ്സ്, ശരീരവും നല്ലവണ്ണം വെളുത്തിരുന്നു, കനത്തിരുന്നു. അതിനകം രമണൻ എന്ന സിനിമ നിർമ്മിച്ച് ആ രംഗത്തും പ്രസിദ്ധനായിരുന്നു. ഞാനെന്തോ തിരക്കിലായിരുന്നു. അധികനേരം സംസാരിക്കാൻ കഴിയാതിരുന്നതിൽ ഇന്ന് ദുഃഖം തോന്നുന്നു.


സിദ്ധാർത്ഥ ആയുർവേദിക്സ്

സിദ്ധാർത്ഥ റോഡ്, വലപ്പാട് ബീച്ച് ഫോൺ : 391607

ആയുർവേദ ഔഷധങ്ങൾക്ക് സമീപിക്കുക

വലപ്പാട്ട് വൈദ്യശാല

വലപ്പാട് (ചന്ത ഷോപ്പിംഗ് കോംപ്ലക്സ്)

Phone: 878162

HARISREE INDUSTRIES

P. O.Edamuttam, Kothakulam

PROP: P.T HARIDASAN

ഗ്രില്ല്, ഗയിറ്റ്, ട്രസ്സ് വർക്കുകൾ, കോൺക്രീറ്റ് കട്ടില, ജനലുകൾ, തൂണുകൾ, ബ്രിക്സുകൾ, കിണറുകൾ, സ്ലാബുമതിലുകൾ, ചെടിച്ചട്ടികൾ, മോട്ടോർ ഷെഡുകൾ എന്നീ ജോലികൾ ഉത്തരവാദിത്വത്തോടെ ചെയ്തുക്കൊടുക്കുന്നു.

ഫെയർ ഫേബ്രിക്സ്

തൃപ്രയാർ സെന്റർ

TEL : (OFF) 393385, (SHOP) : 391481

കവിത

## സ്നേഹപൂർവ്വം ഡി. എമ്മിന്

ധീരപാലൻ ചാളിപ്പാട്ട്

ഷെൽട്ടറിൽ
ഒരിക്കലെൻ
തറവാട്ടിലിരുന്നു നീ ;
കേട്ടുകേൾവിയല്ലിത്
കേവലം വിദ്യാർത്ഥി,
ദൃക്സാക്ഷിയിവൻ.
ഉറച്ച കോൺഗ്രസ്സു-
കാരനെന്നച്ഛൻ.
താങ്കളോ
വേട്ടനായ്ക്കളുടെ മുന്നിൽ
പിടിക്കപ്പെടാതെ
ഒളിവിൽ ക്കഴിയുവോൻ.
പുരോഗമന പ്രസ്ഥാനത്തെ
നയിക്കുവോൻ.
ഇരുൾ ചൂഴ്ന്നു നില്ക്കും
മുറിയിൽ
തനിച്ചിരുന്ന്
താങ്കൾ കുത്തിക്കുറിച്ചത്
കഥയോ, കവിതയോ
ഉന്നത ദർശനങ്ങളോ ?
പിന്നെ അടച്ചിട്ട
മുറിക്കുള്ളിൽ, രാത്രിയിൽ
കൂട്ടുകാർക്കു നൽകും
സ്റ്റഡീ ക്ലാസ്സിൽ
മുഴുകിയിരുന്നപ്പോഴും
ഞാനുമുണ്ടല്ലോ കൂടെ.
വിപ്ലവ പ്രസ്ഥാനത്തെ
മുന്നോട്ടു നീക്കാൻ
കച്ച കെട്ടിയിറങ്ങിയ
താങ്കളെന്നെ മറന്നില്ല.
'ഭാവന'' യിൽ
പത്രാധിപരുടെ ചോദ്യോത്തര
പംക്തിയിൽ.
കുറിച്ചിട്ട മറുപടി-
യിപ്പൊഴുമോർമ്മയ്ക്കുള്ളിൽ.
എന്റെ പ്രിയമിത്രം
യുവകവി
അവിടെ പാഠശാലയി-
ലദ്ധ്യാപകൻ,
പദ്യശകലം പരി
ഭാഷപ്പെടുത്തുവാൻ
പറഞ്ഞു നോക്കൂ.
സ്വന്തം ഗ്രാമത്തിൽ
നിന്നാരോ
ചൂണ്ടിയ ചോദ്യം
തിരിച്ചെത്തിയ-
തന്നെൻ നേരെയീവിധം.
പിന്നീട് വിപ്ലവാചാര്യൻ
ഏ കെ ജി യോടൊപ്പം
കേരള പര്യടനം..........
ഏറെക്കാലം
മദ്രാസ്സിൽ ചലച്ചിത്ര
പ്പണിപ്പുരയിൽ;
'രമണൻ'...... 'കളിത്തോഴി'.......
എല്ലാം ഓർമ്മയായ്
ശേഷിക്കുന്നു.
അപ്രതീക്ഷിതം
മരണവാർത്ത
മദ്രാസ്സിൽ നിന്നും
മണപ്പുറത്തുമെത്തി.
അന്ത്യമായൊരു നോക്കു
കാണുവാൻ, വണങ്ങുവാൻ
വി.എസ്സിനോടൊപ്പം
തറവാട്ടിൽ.
കത്തിയമരുന്ന
ചുടല

നോക്കി നിന്നൊരോർമ്മ.
പിന്നെ, 'നവയുഗ'ത്തിൽ
കവിത.
നിര്യാതനായ വി.എസ്. കേരളീയൻ
കത്തിയെരിയുന്നു പട്ടട, തീക്കനൽ
കട്ടയാണിന്നെൻ മനസ്സിലും
മുന്നിലും....
നിന്നു തുടങ്ങുന്ന ഡി.എം.
അനുസ്മരണ കവിത.തുടർന്ന്
ഏറെക്കാലം
പു.ക.സ. യുടെ
അനുസ്മരണ യോഗങ്ങളിൽ
പ്രസംഗം... കാവ്യാലാപം....
എല്ലാം ഇന്നലത്തെപ്പോലെ-
യോർമ്മയിൽ........
മുപ്പതു സംവത്സരം
എത്ര പെട്ടെന്ന്...
കഥകൾ.. കവിതകൾ... സ്മൃതികൾ.....
പിന്നെയും ബാക്കി.

★ ഡി. എം. ന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ദ്വൈവാരിക.


# ബ്ലൂസ്റ്റാർ

## ബാർ അറ്റാച്ച്ഡ്

തൃപ്രയാർ സെന്റർ

പി.ഒ. നാട്ടിക

ടെലഫോൺ : 0487- 391368

# ഡി.എം.പൊറ്റേക്കാട്

**വിജയൻ കരോട്ട്**

യുവകമ്യൂണിസ്റ്റുകൾ ഓർക്കാത്തതാണാ പേര്; ഒരു യുവസാഹിത്യകാരന്റേയും മനസ്സിനെ മഥിക്കാത്തതും. ഇന്നത്തെ യുവമനസുകളുടെ രക്തഞരമ്പുകളിൽ ചലനം സൃഷ്ടിക്കുന്ന കഥാപാത്രങ്ങളെ വാർത്തെടുക്കാത്തതു കൊണ്ടാകാം, സ്മരണയുടെ പുഷ്പങ്ങൾ വിടർത്തുന്നതിന്നായി ഒരു കമ്യു:പാർട്ടിയും മുന്നോട്ട് വരാതിരുന്നത്.

ഓ! ഇനിയും പറഞ്ഞില്ല, ആരാണാള് ?

ഉറ്റവർ ദാമു എന്നു വിളിക്കുന്ന ഡി.എം. പൊറ്റേക്കാട്ട്. ജന്മനക്ഷത്രം അറിയില്ല. തിയ്യതി ഓർക്കുന്ന ചരിത്രകാരനല്ല. അന്വേഷിച്ചറിയാവുന്ന രേഖകളില്ല. സാഹിത്യചരിത്രഗ്രന്ഥങ്ങളൊന്നും പൊറ്റേക്കാടിന്റെ സാഹിത്യത്തെവിലയിരുത്തിക്കണ്ടില്ല.

ഡി.എമ്മിന്റെ കൃതികളൊന്നും തന്നെ പുനഃപ്രസിദ്ധീകരിച്ചു കാലത്തിന്റെവികാസചക്രവാളങ്ങളിൽ സ്മാരകപ്രതിഷ്ഠയായി നിലകൊള്ളാത്തതാകാൻ കാരണം.?

ഞാനെന്തിനീ സാഹസത്തിന് മുതിരുന്നു ?

മൂന്നുവർഷം മുമ്പ്, മദിരാശിയിലെ സ്റ്റാൻലി ആശുപത്രിയിൽ അൾസറിനു ഓപ്പറേഷൻ നടത്തി. രാമു കാര്യാട്ടിന്റെ പ്രത്യേക ശ്രദ്ധയോടെ സ്റ്റാൻലി മെഡിക്കൽ കോളേജിൽ വിദഗ്ദരായ ഡോക്ടർമാരെല്ലാം ചേർന്നു നടത്തിയതായിരുന്നു, ഓപ്പറേഷൻ. പക്ഷേ, കുടൽ കീറിമുറിച്ച് അവശനായിയെങ്കിലും ഡോക്ടർമാർക്ക് പ്രതീക്ഷ ഉണ്ടായിരുന്നു വേഗം ഉണങ്ങും, സുഖപ്പെടും. പക്ഷെ ഉണക്കവും

> യുവകമ്യൂണിസ്റ്റുകൾ ഓർക്കാത്തതാണാപേര്. ഒരു യുവസാഹിത്യകാരന്റേയും മനസ്സിനെ മഥിക്കാത്തതും. ഇന്നത്തെ യുവമനസുകളുടെ രക്തഞരമ്പുകളിൽ ചലനം സൃഷ്ടിക്കുന്ന കഥാപാത്രങ്ങളെ വാർത്തെടുക്കാത്തതു കൊണ്ടാകാം, സ്മരണയുടെ പുഷ്പങ്ങൾ വിടർത്തുന്നതിന്നായി ഒരു കമ്യൂണിസ്റ്റ് പാർട്ടിയും മുന്നോട്ട് വരാതിരുന്നത്.

ആശ്വാസവും ഉണ്ടായില്ല. ഭക്ഷണം, വെള്ളം എല്ലാം കുടലിലൂടെ കഴിക്കേണ്ടിവന്നു. വീണ്ടും രക്തവും മലവും. എല്ലാം ബയോപ്സി നടത്തിയപ്പോഴാണ് അർബ്ബുദാണുക്കളുടെ പ്രസരം, എല്ലാവരേയും ഞെട്ടിപ്പിച്ചുകൊണ്ട് കണ്ടെത്തിയത്. വീണ്ടും ഓപ്പറേഷൻ - ക്യാൻസറിന് ചികിത്സകൾ.......

നീണ്ടുനിന്നില്ല, ദീർഘായുഷ്മാനാക്കുക എന്നതിൽ അർബ്ബുദത്തിന്റെ കാരുണ്യമല്ല. ക്യാൻസറിന്റെ കശാപ്പുകത്തിയിൽ മരണം ഡി.എമ്മിനെ കോർത്തെടുത്തു.

**ആവേശകേന്ദ്രം:**

കമ്യൂണിസ്റ്റ്കാരനായി ഒളിവിൽ പ്രവർത്തിച്ചുകൊണ്ട് പഴയ മലബാറിൽ, നാട്ടികഫർക്കയിലെ തെങ്ങിൻതോപ്പുകളിലും മാവിൻചുവടുകളിലും ചകിരിക്കുഴികളിലും പഞ്ചാരമണലിലും പൊതുജീവിതം ആരംഭിച്ച ഡി.എം. കമ്യു: കാർക്കാവേശം നൽകുന്ന നല്ലൊരു പത്രപ്രവർത്തകനായിരുന്നു. ആരുടേയും ശ്രദ്ധയാകർഷിക്കുന്ന സാഹിത്യകാരനായിരുന്നു.

'ഹൂ ഈസ് ഹൂ' വിലാപ്പേരില്ല. മരണദിനം സ്മൃതിയിൽ 'അൾസ്സ'റായി, ചോരവാർത്ത്, ചൊരിഞ്ഞ്, നോവ് തന്ന് കിടപ്പുണ്ട് - ഒരു ചുവന്ന നക്ഷത്രം !

നവംബർ 11:

കമ്യൂണിസ്റ്റ് സാഹിത്യകാരനായിരുന്നു, കമ്യു: പത്രപ്രവർത്തകനായിരുന്നു. 'യവനിക' -'ജനത'- തുടങ്ങിയ പത്രങ്ങൾ, ഉരുക്കുമുഷ്ടി, ചെങ്കൊടി, കന്നിമണ്ണ്, രാഗപൂജ - തുടങ്ങിയ കൃതികളെല്ലാം കമ്യൂണിസത്തിന്റെ ഭാഷ സംസാരിച്ചു. പാർട്ടിയുടെ ലക്ഷ്യങ്ങളെക്കുറിച്ചു പാടി. അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ മോചനം കാംക്ഷിച്ചു. തൊഴിലാളി വർഗ്ഗത്തിന്റെ വിയർപ്പിന്റെ ഗന്ധവും ചോരയുടെ മണവും പത്രപ്രവർത്തനത്തിലും സാഹിത്യകൃതികളിലും സ്ഥായീഭാവമായി വർത്തിച്ചു.

**പക്ഷെ, നവം 11:**

അതൊരു ദുഃഖത്തിന്റെ, പ്രതികാരത്തിന്റെ, പ്രതിഷേധത്തിന്റെ, നിരാശയുടെ, രോഷത്തിന്റെ, ദുർദ്ദിനമായിത്തോന്നി. ഒറ്റപ്പത്രം പോലും -സ്വതന്ത്രവും പാർട്ടിയും - ആ കമ്യു: സാഹിത്യകാരനെ സ്മരിച്ചു കണ്ടില്ല.

കമ്യൂ: മന്ത്രിസഭ 1957-ൽ അധികാരമേറ്റതോടെ ഡി.എം. കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനരംഗത്തു നിന്നും ചലച്ചിത്രലോകത്തേക്ക് പോയി.

കവിതയിലൂടെ ജനകീയ ശാശ്വതത്വം നേടിയ ചങ്ങമ്പുഴയുടെ 'രമണൻ' അഭ്രയോലകളിൽ പകർത്തുകയായിരുന്നു ലക്ഷ്യം, സ്വപ്നം. വർഷങ്ങളുടെ കാത്തിരിപ്പ് വേണ്ടിവന്നു, ആ സ്വപ്നം സാക്ഷാല്ക്കരിക്കാനെങ്കിലും, 'രമണൻ' വെള്ളിത്തിര കണ്ടു.

ആറേഴുവർഷത്തിനുശേഷം മറ്റൊരു ചങ്ങമ്പുഴ ചിത്രം കൂടി പുറത്തിറക്കി - 'കളിത്തോഴി'. ഒരു ചലച്ചിത്രത്തിന്റെ പിറവിയുടെ പിന്നാലെ പോയി അനുഭവം സിദ്ധിച്ചിട്ടല്ല, സംവിധായകപ്രതിഭകളുടെ ശിഷ്യനായിട്ടുമല്ല, ഡി.എം.

**ഒളിവിൽ:**

കൂട്ടുകാരനായിത്തീർന്ന, പാതിജീവിതം സമ്പാദിച്ചുനൽകിയ, കൂടപ്പിറപ്പായ വരട്ടുചൊറിയും ഒളിവുജീവിതസ്ഥലത്തുമുണ്ടായിരുന്നു. പാർട്ടിപ്രവർത്തനത്തിൽ പോലീസിനെ ഭയന്നാണൊളിവിൽ പോയിരുന്നതെങ്കിൽ, സിനിമാമണ്ഡലത്തിൽ കടം കൊണ്ടായിരുന്നു.

ഡി.എമ്മിന്റെ ജീവിത ചിത്രങ്ങളൊന്നൊന്നായി, കൂലം കുത്തി സിരാപടലങ്ങളിൽ ദുഃഖാഗ്നി പടർത്തുന്നു. എല്ലാം വിശദീകരിച്ചെഴുതുന്നതിൽ പ്രസക്തിയുണ്ടോ ? മാത്രമല്ല, മരിച്ചവരെ കൂടുതൽ പ്രകീർത്തിക്കരുത്. സ്മരിക്കുന്നതുചിതമല്ലെന്നാണല്ലോ ആധുനിക മാനവോക്താക്കൾ - മരണത്തോടെ ഒരു മനുഷ്യന്റേതായ എല്ലാം അവസാനിക്കുന്നു, ആ തിരശ്ശീല ഉയർത്തരുത്, അത് കണ്ണാടി കാണരുതത്രേ !

ചുവന്ന കൊടിയുടെ അർത്ഥമെന്തെന്ന് ചോദിച്ചുകൊണ്ട് നവ:പതിനൊന്ന് കടന്നുപോയി- ഡി. എമ്മിന്റെ മൂന്നാം ചരമദിനം. മരണവാർഷികം ആഘോഷിക്കാനായി ആരുമുണ്ടായില്ല. സ്മരണ പുതുക്കാനാരു പത്രത്താളിലും കറുത്ത, ചുവന്ന മഷി പുരണ്ടില്ല.

ഡി. എമ്മിനെ ഓർക്കാൻ ഭാര്യയില്ല, കുട്ടികളില്ല. പാർട്ടിപ്രവർത്തനത്തിന്റെ വേഗതയിൽ വിവാഹക്കാര്യം മറന്നിരുന്നു.

ഡി.എം. പ്രിയപ്പെട്ട എന്റെ ഡി.എം., ജീവിക്കാനുള്ള ഓട്ടപ്പന്തയത്തിന്നിടയിൽ മരണം സ്വപ്നം കാണുന്ന ഈ അനിയൻ ആ ചരമാവരണം അല്പ മൊന്നു വലിച്ചുനീക്കുന്നു. ഇതാണ്, ഇതുമാത്രമാണ് എനിക്കുയർത്താനുള്ള ഏറ്റവും വലിയ സ്മാരകം.........

**ആയിരങ്ങളുടെ മനസ്സ്**
**പീഡിപ്പിക്കുന്നതാകട്ടെ,**
**ഈ സ്മാരകം !**

എക്സ്പ്രസ്സ് 15-11-1975.


# AJITHA
# CHIT FUNDS (P) LTD

**H.O. Rajeswari Nilayam, 98,**

**Kaleeswarar Nagar,**

Kattoor

Coimbatore - 9,

Ph : 0422 231236, 230723, 231263

**(COLLECTION BRANCH) :-**

**Kalyani Complex,**

**Triprayar**

P.O. Nattika,

Trissur

Kerala. Ph : 392994

---------

Harish Villa,

P.O. Chenthrappinni,

Thrissur,

Kerala.

Ph : 877908

**THE CHIT IN PEOPLE SINCE 1961**

## “കളിത്തോഴി”യുടെ റിക്കാഡിങ്ങ് വേളയിൽ



വയലാർ, ഡി.എം. പൊറ്റേക്കാട്, ദേവരാജൻ തുടങ്ങിയവരെ ചിത്രത്തിൽ കാണാം

# നേതാക്കൾ മറന്നാലും മൺതരികൾ മറക്കില്ല

എ.കെ.ദേവസ്സികുട്ടി, വെങ്ങിണശ്ശേരി

നല്ല തണുപ്പ്. ശ്യാമളകോമളമായ ഒരു കൊച്ചുഗ്രാമത്തിലാണെന്റെ താമസം. തെങ്ങും കവുങ്ങും സസ്യലതാദികളും രചിച്ചെടുത്ത പുലർകാറ്റ് കുളിരു പകർന്നുകൊണ്ടിരുന്നു. മൂടിപ്പുതച്ചു കിടക്കുകയായിരുന്നു. ഭാര്യ താണ്ടു കട്ടൻ കൊണ്ടുവന്നപ്പോഴാണ് സൂര്യൻ ഉദിച്ച് നേരം കുറേയായെന്ന് മനസ്സിലായത്. തട്ടി ഉണർന്നു ; കാപ്പി കുടിച്ചു. മലയാള വാർത്തകൾക്ക് നേരമായി. റേഡിയോ തിരിച്ചു. ദുഃഖകരമായ ഒരു വാർത്തയാണ് ഇടക്കുവെച്ച് കേട്ടത്. പ്രസിദ്ധ സിനിമാസംവിധായകനായ ഡി.എം. പൊറ്റെക്കാട് നിര്യാതനായി. എന്റെ ഒരു മുൻകാലസുഹൃത്ത് ; കമ്മ്യു: പാർട്ടിയിൽ പ്രവർത്തിച്ചിരുന്ന കാലത്തെ ഓർമ്മ എന്റെ മനസ്സിൽ ഉയർന്നുവന്നു. പത്രങ്ങൾ നോക്കി. ഒരു വാർത്ത കണ്ടു. ഡി.എം. പൊറ്റെക്കാട്ട് മരിച്ചു. ആരെങ്കിലും അദ്ദേഹത്തെ സ്മരിച്ചിട്ടുണ്ടോ എന്ന് ഞാൻ ആരാഞ്ഞു. ആരും ഒന്നും പറഞ്ഞുകണ്ടില്ല. കേരളത്തിൽ, ഇന്ത്യയിൽ പലരും മരിക്കുകയും ജനിക്കുകയും ചെയ്യുന്നു. ചിലർ വലിയവരായി, താങ്ങും തണലുമുള്ളവരായി മരിക്കുന്നു. ചിലർ നാടിന്ന് കനപ്പെട്ട സംഭാവനകൾ ചെയ്ത് വലിയവരായി, പിന്നെ ചെറിയവരായി താങ്ങും തണലുമില്ലാതെ മരിക്കുന്നു. വലിയവരായി താങ്ങും തണലുമുള്ളവരായി മരിക്കുന്നവരെ കാക്കാൻ, പ്രസ്താവനകളിറക്കാൻ ശത്രുക്കളും മിത്രങ്ങളും തിരക്കിട്ട് പത്രപംക്തികളിൽ കയറിക്കൂടുന്നു. വലിയവരായി പിന്നെ ചെറിയവരായി താങ്ങും തണലുമില്ലാതെ മരിക്കുന്നവരെ ഓർക്കാൻ 'താൻ സ്വന്ത' മെന്ന് കരുതുന്നവർ പോലും രംഗത്ത് വരുന്നില്ല ആ ജഡത്തെ ചൊല്ലി കണ്ണീർ വാർത്താൽ, പ്രസിദ്ധി ഒന്നും കിട്ടില്ല. കമ്മ്യൂണിസ്റ്റ് വിരുദ്ധരും അല്ലാത്ത വരും ഇവിടെ മരിച്ചിട്ടുണ്ട്. കക്ഷിഭേദമന്യേ പ്രസ്താവനകളും കണ്ടിട്ടുണ്ട്. കോൺഗ്രസ്സ് നേതാക്കൾ മരിക്കുമ്പോൾ കമ്മ്യൂണിസ്റ്റ്കാരുടേയും കമ്മ്യൂണിസ്റ്റ്കാർ മരിക്കുമ്പോൾ കോൺ ഗ്രസ്സുകാരുടേയും പ്രസ്താവനകൾ കാണുന്നു; അനുശോചനയോഗങ്ങൾ ചേരുന്നു. ഈ അടുത്ത കാലത്താണല്ലോ, മന്നത്തു പത്മനാഭനും കേളപ്പനും കോഴിപ്പുറത്തു മാധവമേനോനും പി.സി. ചാ ക്കോയും സി.കെ. ഗോവിന്ദൻ നായരുമെല്ലാം മരിച്ചത്. അപ്പോൾ എ.കെ.ജി., ഇ.എം.എസ്., സി. അച്ചുതമേനോൻ, സി. എച്ച്. കണാരൻ, സി. ജനാർദ്ദനൻ, ടി.വി.തോമസ്, കെ. ആർ. ഗൗരി, അഴീക്കോടൻ രാഘവൻ, ടി.കെ. രാമൻ, കെ.എ. കേരളീയൻ, ടി.എം. അബു, പി. ഗംഗാധരൻ, സുശീല ഗോപാലൻ, ബലറാം, എം.എൻ. ഗോവിന്ദൻ നായർ തുടങ്ങിയവരെല്ലാം പ്രസ്താവനകളുമായി മുന്നോട്ടു വന്നു. ഞാനതിന് അവരെ കുറ്റം പറയുകയോ മരിച്ചവരുടെ മഹത്വത്തെ താഴ്ത്തിക്കാണിക്കുകയോ അല്ല. ഇവരെ നേതാക്കളാക്കാനും കമ്മ്യൂണിസ്റ്റ് പാർട്ടിക്കു വേണ്ടിയും അഹോരാത്രം പാടുപെടുകയും ഒരു കമ്മ്യൂണിസ്റ്റായിത്തന്നെ മരിക്കുകയും ചെയ്ത ആ കലാകാരനെ പറ്റി ഒരു വാക്കു പറഞ്ഞില്ലല്ലോ എന്നോർത്തു ഞാൻ ദുഃഖിതനായി. അത്രയ്ക്കേയുള്ളു ലോകം. ഇന്നത്തെ സേവനത്തെപ്പറ്റി ഇന്നിനെ ഇന്നാക്കി മാറ്റിയ ഇന്നലയെപ്പറ്റി ഓർക്കാത്ത മനുഷ്യവർഗ്ഗത്തിന്റെ നേതാക്കളെ പറയുന്നവരുടെ നന്ദികേടിനെ പറ്റി ഓർത്തുപോയെന്നേയുള്ളൂ. ക്ഷമിക്കണം ! എല്ലാ പാർട്ടികളിലും സമുദായങ്ങളിലും ഇതാണനുഭവം. ശവസംസ്കാര ചടങ്ങിലും ഞാൻ സംബന്ധിച്ചു. ഏർപ്പെട്ട പ്രമാണികളെ ഒന്നും കണ്ടില്ല. മണപ്പുറത്തെ ജനങ്ങൾ കുറേയേറെ ദുഃഖിതരായി പൈനൂരുള്ള (വലപ്പാട്) പരേതന്റെ വസതിയിൽ പതിയിരുന്നുവെന്നത് ആശ്വാസകരമത്രേ. കൂട്ടത്തിൽ ആത്മാർത്ഥതയുടെ നിറകുടമായ, സ്നേഹത്തിന്റെ സർവ്വസ്വവും, മണപ്പുറത്തിന്റെ ജീവനുമായ ഒരു എളിയ മനുഷ്യനവിടെയുണ്ട്. ഡി.എം. നെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്കും, കലാരംഗത്തേക്കും കൊണ്ടുവന്ന ആ കൃശഗാത്രനായ മനുഷ്യൻ രാഷ്ട്രീയ അതിപ്രസരത്തിൽ നിന്നും മാറി നാടിന്റെ നന്മയ്ക്ക് വേണ്ടി രാഷ്ട്രീയത്തിന്നതീതമായിപ്രവർത്തിക്കുന്ന ആ ചെറിയ വലിയ മനുഷ്യനാണ് വി. എസ്. കേരളീയൻ, മണപ്പുറം ടൈംസിന്റെ പത്രാധിപർ.

1940ൽ ആണെന്നാണെന്നാണ് എന്റെ ഓർമ്മ. വി.എസ്.കേരളീയന്റെ കൂടെ കാലിൽ പറ്റിപ്പിടിച്ച ട്രൗസറും മുട്ടുവരെ ഇറങ്ങിക്കിടക്കുന്ന ഒരുതരം ഷർട്ടും ധരിച്ച രണ്ടുയുവാക്കൾ (നെഹ്റുവിന്റെ വേഷം). രണ്ടുപേരേയും വി.എസ്. ഞങ്ങൾക്ക് പരിചയപ്പെടുത്തി. ദാമോദരൻ, രാമു ഞാൻ നമസ്കാരം പറഞ്ഞ

കലാകാരന്മാരായ ഈ രണ്ടുയുവാക്കളാണ് പിന്നീട് ഡി.എം. പൊറ്റെക്കാട്ട്, രാമു കാര്യാട്ട് എന്നപേരിൽ പ്രസിദ്ധരായത്. രണ്ടുപേരും കമ്മ്യു: പാർട്ടി പ്രവർത്തകർ. കമ്മ്യു: പാർട്ടി പ്രവർത്തകരെന്ന് കേട്ടാൽ അറപ്പോടും വെറുപ്പോടും നോക്കിയിരുന്ന കാലത്ത്, അധികാരി വർഗ്ഗം തേടിപ്പിടിച്ച് മർദ്ദനത്തിന്റെ തീ ചൂളയിലിട്ട് 'പൊരിച്ചി' രുന്ന കാലത്ത് ഡി.എം പൊറ്റേക്കാട്ട് ധീരമായി രംഗത്ത് വന്ന് പ്രവർത്തിച്ചിരുന്നു. രാഷ്ട്രീയ സിദ്ധാന്തം അതേ രൂപത്തിലും കലാരൂപത്തിലും ജനങ്ങൾക്കിടയിൽ 'കോരിക്കൊടുത്ത' പ്രവർത്തകനായിരുന്ന അദ്ദേഹം. രാമുകാര്യാട്ടും കമ്യൂണിസ്റ്റു പാർട്ടിയിലെ ഒരു പ്രവർത്തകനായിരുന്നു. ഡി. എം. നൂറുശതമാനവും പാർട്ടിക്കാരനായിരുന്നു രണ്ടുപേരും കാഥികരും കഥയെഴുത്തുകാരും നടന്മാരുമായിരുന്നു. മണപ്പുറം ടൈംസിലും കൊച്ചിൻ ടൈംസിലും രണ്ടുപേരും കഥകളും ലേഖനങ്ങളും എഴുതിയിരുന്നു. (കൊച്ചിൻ ടൈംസ് നടത്തിയിരുന്നത് എൻ.കെ. ജോൺ, എ.ഡി. ജോസഫ് , എ.സി.ജോർജ്ജ് എന്നിവരാണ്) രണ്ടാം ലോകമഹായുദ്ധപ്രചാരണം. ജനകീയയുദ്ധം, ജാപ്പ് വിരോധമേള എന്നിവരുടെയെല്ലാം മുൻപന്തിയിൽ കലാസാംസ്ക്കാരിക രംഗങ്ങളിൽ ഇവർ രണ്ടുപേരുമുണ്ടായിരുന്നു. പാർട്ടി പ്രവർത്തനങ്ങളിലും സജീവമായി കാണപ്പെട്ട പാർട്ടിയുടെ നയപരിപാടികൾക്കനുസരിച്ച് കഥകളും നാടകങ്ങളും എഴുതുന്നതിൽ ഡി. എം. അഗ്രഗണ്യനായിരുന്നു. ഒരു ഘട്ടത്തിൽ കലാസൃഷ്ടിയേക്കാൾ കൂടുതൽ മുഴുകിയിരുന്നത് പാർട്ടിപ്രവർത്തനത്തിലായിരുന്നു. 1948 കാലത്ത് ഡി.എം.ന് ഒളിവിൽ പോകേണ്ടിവന്നു. ഒളിവിൽ പോയ കാലത്ത് 'ജീവൻ' എന്ന പാർട്ടിപേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. വിദ്യാർത്ഥി ലോഡ്ജ്ജുകളിലും മറ്റും താമസിച്ച് പാർട്ടി പ്രവർത്തനം നടത്തിപ്പോന്നു. അന്നു നിയമവിധേയവും നിയമവിരുദ്ധവുമായി നടത്തിവന്നിരുന്ന പാർട്ടി പത്രങ്ങൾ രഹസ്യമായിട്ടാണെങ്കിലും ഡി.എമ്മിന്റെ ഉത്തരവാദിത്വത്തിലാണ് പ്രവർത്തിച്ചിരുന്നത്. വളരെക്കാലം അദ്ദേഹം സ: എ. കെ. ഗോപാലന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചത് ഞാനിന്നും ഓർക്കുന്നു. ദേശാഭിമാനി, ജനയുഗം, നവയുഗം, നവജീവൻ, മുന്നണി, റിപ്പബ്ലിക് തുടങ്ങിയ പത്രങ്ങളിൽ ഡി.എം. തന്റെ വ്യക്തിമുദ്ര പതിച്ചിട്ടുണ്ട്. കലാമൂല്യങ്ങളെക്കുറിച്ച് വിവാദമുണ്ടെങ്കിലും പാർട്ടി നയപരിപാടികൾക്കനുസരിച്ച് ആരെങ്കിലും സാഹിത്യസൃഷ്ടി നടത്തിയിട്ടുണ്ടെങ്കിൽ അതിൽ ഡി.എം. മുൻപന്തിയിൽ തന്നെയായിരുന്നു. മോഹൻ കുമരമംഗലവും, പാർവ്വതി കൃഷ്ണനും മറ്റും ഇംഗ്ലണ്ടിൽ പഠിച്ചിരുന്ന കാലത്ത് കേരളീയനാണ്, ഡി.എം. പൊറ്റേക്കാട്ട്, രാമുകാര്യാട്ട് തുടങ്ങിയ ആദ്യകാലത്തെ മണപ്പുറത്തെ പുരോഗമന വാദികളെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് ആകർഷിച്ചത്.

കാലം മുന്നോട്ട് പോയി ; കഥകൾ നിറഞ്ഞ മാസങ്ങളും വർഷങ്ങളും പിന്നിട്ടു. ഡി.എം. നെപ്പോലുള്ളവരുടെ സേവനങ്ങൾ ഫലപ്രദമായി. മൊട്ടുകളായി ; പുഷ്പങ്ങളായി ; കായ്കളായി, ഡി.എം. അതനുഭവിക്കാനൊന്നും കാത്തുനില്ക്കാതെ കേരളം വിട്ടു. ഒരു സിനിമയെടുത്തു മടങ്ങി വരുമെന്ന ഉഗ്ര പ്രതിജ്ഞയോടെയാണ് അദ്ദേഹം നാടുവിട്ടത്. (ഇതിനു മുമ്പേതന്നെ കാര്യാട്ട് സിനിമാസംവിധായകനായി, സമ്മാനാർഹനായി.) അങ്ങനെയാണ് യാതന നിറഞ്ഞ കഥയുള്ള "രമണൻ" പുറത്തുവന്നത്. അതു സാമ്പത്തികമായി പരാജയമായിരുന്നു. പിന്നെയും പ്രവർത്തനം തുടർന്നു. പട്ടിണിയും പരിവട്ടവുമായി കാലം കടന്നുപോയി. നിരന്തരമായ പ്രയത്നത്തെ തുടർന്ന് 'കളിത്തോഴി' പുറത്തുവന്നു. അതും പരാജയത്തിലാണ് കലാശിച്ചത്. നല്ലൊരു കലാകാരനും എഴുത്തുകാരനും നടനുമായ ഡി.എം. പരാജയപ്പെട്ടതിന്റെ രഹസ്യമെന്താണ് ?...........

വീണ്ടും പ്രയത്നമാരംഭിച്ചു. പക്ഷെ, വിധി അദ്ദേഹത്തെ പിടികൂടി. രക്താർബ്ബുദം ബാധിച്ചു. മദിരാശിയിലെ സ്റ്റാൻലി ഹോസ്പിറ്റലുകാർ മുഴുവൻ ശ്രമവും നടത്തി. വിധിയെ മാറ്റാൻ അവർക്ക് കഴിഞ്ഞില്ല. ഡി.എം. നവംബർ 11-ാം തിയ്യതി നിര്യാതനായി. മുപ്പതുവർഷക്കാലം കമ്മ്യു:പ്രസ്ഥാനത്തിനും കലാകേരളത്തിനും വേണ്ടി അധ്വാനിച്ച ഒരു ചെറുപ്പക്കാരൻ നിര്യാതനായത് കേരളത്തിന് ഒരു തീരാനഷ്ടമായി. ഈ നഷ്ടത്തെപറ്റി ആരും ഒന്നും പറഞ്ഞില്ല. ആരെയൊക്കെ അദ്ദേഹം ആരാധിച്ച് സേവനമനുഷ്ഠിച്ചുവോ, അവരും ഒന്നും മിണ്ടിയില്ല.

മൃതദേഹവുമായിവാൻ സ്വവസതിയിലെത്തിയപ്പോൾ അവിടെ കൂടിയിരുന്ന ആരാധകർ പലരേയും ശ്രദ്ധിച്ചു. സത്യന്റെ മൃതദേഹം വഹിച്ച് തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ മണപ്പുറത്തെ രാമുകാര്യാട്ടെങ്കിലും ഉണ്ടാകുമെന്ന് അവർ പ്രതീക്ഷിച്ചു,കണ്ടില്ല. ആരെല്ലാം ആ കലാകാരനെ മറന്നെങ്കിലും മണപ്പുറത്തെ മണൽത്തരികൾ മാത്രം ഡി. എം.നെ ഓർത്ത് കോൾമയിർ കൊള്ളുന്നുണ്ടാകും, ഞങ്ങളെപ്പോലുള്ള പാവപ്പെട്ട കുറെ പഴയ പ്രവർത്തകരും......

# ഡി.എം. പൊറ്റേക്കാട് ഒരനുസ്മരണം

**ദത്ത്**

സ: ഡി. എം.പൊറ്റേക്കാട് അന്തരിച്ചിട്ട് ഇന്നേക്ക് ഒരു വർഷം തികയുകയാണ്. രാഷ്ട്രീയ പ്രവർത്തകൻ, സാഹിത്യകാരൻ, പത്രപ്രവർത്തകൻ, സിനിമാസംവിധായകൻ എന്നീ തുറകളിൽ പ്രവർത്തിച്ച് തനതായ ഒരു വ്യക്തിമുദ്ര പതിപ്പിക്കാൻ ഡി. എം.ന് കഴിഞ്ഞിരുന്നുവെന്നത് തർക്കമറ്റ വസ്തുതയാണ്. നാട്ടിക നിയോജകമണ്ഡലത്തിലെ പൈനൂരിൽ ജനിച്ചുവളർന്ന സ: ഡി.എം. 'മണപ്പുറം' എന്നറിയപ്പെടുന്ന ചേറ്റുവ മുതൽ കോട്ടപ്പുറം വരെയുള്ള പ്രദേശത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്ന കാര്യത്തിൽ വളരെയേറെ പങ്കുവഹിച്ചിട്ടുണ്ട്. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ നല്ലൊരു പ്രാസംഗികനായിരുന്ന സ: ഡി.എം. യുവാക്കൾക്കിടയി ൽ പാർട്ടിയുടെ സന്ദേശവും തത്വശാസ്ത്രവും എത്തിക്കുന്ന

സ്വാതന്ത്ര്യപ്രസ്ഥാനത്തിലൂടെയാണ് സ:ഡി. എം.കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് വന്നത്. ഒറ്റ ക്ക് മെഗാഫോൺ ഉപയോഗിച്ച് കവലകൾ തോറും നടന്ന് പ്രസംഗിക്കുകയും പാർട്ടി സാഹിത്യം വിൽക്കുകയും ചെയ്തിരുന്ന മെ ലിഞ്ഞ ഒരു ചെറുപ്പക്കാരൻ അന്ന് നാട്ടുകാരുടെ പ്രിയങ്കരനായിരുന്നു.പാർട്ടിക്കുവേണ്ടി മാത്രം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന ഈ ചെറുപ്പക്കാരൻ കേരള ത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചു പറ്റുന്ന ഒരു ഉന്നത കലാകാരനായിത്തീരുമെന്ന് അ ന്നൊരുപക്ഷേ

കാര്യത്തിൽ വഹിച്ച പങ്ക് എടുത്തുപറഞ്ഞേ പറ്റൂ. നാട്ടിലുള്ള ചെറുപ്പക്കാരെ സംഘടിപ്പിച്ച് നാടകം തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിക്കുകയും, അതിലൂടെ പാർട്ടിയുമായി അടുപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. 1945-ലാണെന്ന് തോന്നുന്നു സ്ത്രീകളെകൂടി പങ്കെടുപ്പിച്ചു കൊണ്ട് 'പ്രേമാഞ്ജലി' എന്ന അദ്ദേഹത്തിന്റെ നാടകം തളി ക്കുളത്ത് അരങ്ങേറിയത്. നാട്ടിൻപുറത്ത് സ്ത്രീകൾ കൂടി പങ്കെടുക്കുന്ന കലാപരിപാടികൾ അക്കാലത്തുണ്ടാവുന്ന ചലനം ഊഹിക്കാമല്ലോ ?

സ്വാതന്ത്ര്യപ്രസ്ഥാനത്തിലൂടെയാണ് സ:ഡി.എം. കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് വന്നത്. ഒറ്റക്ക് മെഗാഫോൺ ഉപയോഗിച്ച് കവലകൾ തോറും നടന്ന് പ്രസംഗിക്കുകയും പാർട്ടിസാഹിത്യം വിൽക്കുകയും ചെയ്തിരുന്ന മെലിഞ്ഞ ഒരു ചെറുപ്പക്കാരൻ അന്ന് നാട്ടുകാരുടെ പ്രിയങ്കരനായിരുന്നു. പാർട്ടിക്കുവേണ്ടി മാത്രം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന ഈ ചെറുപ്പക്കാരൻ കേരളത്തിന്റെ മുഴുവൻ ശ്രദ്ധയും പിടിച്ചുപറ്റുന്ന ഒരു ഉന്നത കലാകാരനായിത്തീരുമെന്ന് അന്നൊരുപക്ഷേ ആരും വിചാരിച്ചിരിക്കില്ല.

1946ൽ കുറച്ചുകാലം പട്ടാളത്തിൽ ചേരുകയും ഏറെ താമസിയാതെ ജോലി രാജിവെക്കുകയും ചെയ്തു. പിന്നീടദ്ദേഹം സിലോണിൽ പോവുകയാണുണ്ടായത്. സ: എ. കെ. ജി. സിലോണിൽ ചെന്നയവസരത്തിൽ സ: ഡി. എമ്മിനെ കാണുകയും, നാട്ടിലേക്ക് വരണമെന്നാവശ്യ പ്പെടുകയും ചെയ്തു. സ:എ.കെ.ജിയുമൊത്ത് അദ്ദേഹം നാട്ടിലേക്ക് മടങ്ങുകയും, 'ദേശാഭിമാനി' പത്രാധിപസമിതിയിൽ പ്രവർത്തിക്കുകയും ചെയ്തു. സ: എ.കെ.ജി. ആന്ധ്രയിൽ പര്യടനം നടത്തിയപ്പോൾ, സ: ഡി.എം. അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

1951 ൽ തിരു-കൊച്ചിയിലെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ സജീവമായി ഡി.എം. പങ്കെടുത്തു. അന്ന് ടി.വി. തോമസിനോടൊത്ത് ഡി.എമ്മിനെ അറസ്റ്റ് ചെയ്യുക യുണ്ടായി. 'നവലോകം' പത്രപ്രതിനിധി എന്ന നിലയിലന്ന് അദ്ദേഹം മോചിക്കപ്പെട്ടു. എറണാകുളത്തായിരുന്നു പിന്നീട് കുറെക്കാലം പ്രവർത്തനരംഗം. 'ഭാവന' (വാരിക), 'ജനത' (സായാഹ്ന ദിനപത്രം) എന്നീ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായി പ്രവർത്തിച്ചിട്ടുണ്ട്. പിന്നീട് സിനിമയുടെ പ്രവർത്തനങ്ങളുമായി മദിരാശിയിലേക്ക് മാറി. അഞ്ചാറു മാസക്കാലം രോഗിയായി കിടന്ന് മദിരാശി ആശുപത്രിയിൽ വെച്ചാണ് ഡി. എം. മരിച്ചത്.'പ്രേമപൂജ' എന്ന ആദ്യത്തെ കവിതാസമാഹാരം മുതൽ അദ്ദേഹം എഴുതിയ നിരവധി കഥകളും രണ്ടു നോവലുകളും അദ്ദേഹത്തിന്റെ ഓർമ്മ നമ്മളിലെന്നും നിലനിർത്തും. പുരോഗമന സാഹിത്യപ്ര സ്ഥാനത്തിന്റെ വളർച്ചയിലും, സോഷ്യലിസ്റ്റ് റിയലിസമെന്ന സാഹിത്യപ്രസ്ഥാനം മലയാളത്തിൽ വളർത്തുന്നതിലും ഡി. എം. ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്. രാമുകാര്യാട്ടുമൊത്ത് നാട്ടികയിൽ സഖാവ് നടത്തിയ കലാപരിപാടികളും മറ്റും ഇന്നും ജനഹൃദയങ്ങളിൽ പച്ചപിടിച്ചു കിടക്കുകയാണ്. സിനിമാസംവിധായകനായ ഡി.എം, സാഹിത്യകാരനായ ഡി.എം., പത്രപ്രവർത്തകനും രാഷ്ട്രീയപ്രവർത്തകനുമായ ഡി.എം. സർവ്വോപരി നാട്ടികയിലെ ചെറുപ്പക്കാരുടെ മുഴുവൻ 'ദാമോദരേട്ടൻ' ഒരിക്കലും മരിക്കുകയില്ല ; അദ്ദേഹം ഊട്ടിവളർത്തിയ പ്രസ്ഥാനവും. പ്രേമപൂജ, പടയാളി, മുക്തി യുദ്ധം, ചോരപ്പൂക്കൾ, ഉയരുന്ന മുഷ്ടി തുടങ്ങിയവയാണ് ഡി.എമ്മിന്റെ പ്രധാന കൃതികൾ. രമണൻ, കളിത്തോഴി, എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്തതും ഡി.എം. തന്നെയാണ്.

**അദ്ദേഹത്തിന്റെ സ്മരണക്കു മുൻപിൽ നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം.**

ചെറുകഥ

# രക്തസാക്ഷിക്കലു.......

**ഡി.എം. പൊറ്റേക്കാട്**

വൃശ്ചികമാസത്തിലെ ഒരർദ്ധരാത്രി. മരംകോച്ചുന്ന മഞ്ഞ്. പകുതി മങ്ങിയ പൂനിലാവ്. കായലുകളിൽ നിന്നുയർന്നുവരുന്ന കനംകൂടിയ കാറ്റ്. തോടുവക്കിലെ കുറ്റിക്കാടുകളിൽനിന്ന് ഊളന്മാരുടെ ഓരി. സർവ്വോപരി നിലംപൊത്തിനില്ക്കുന്ന തൊഴിലാളിക്കൂരകളിൽനിന്ന് വിശക്കുന്ന വയറുകളുടെ വേദനാജനകമായ ഞരക്കങ്ങൾ.

കായലും വയലും കയർകമ്പനികളും നിറഞ്ഞ ആ നാട്ടിൻപുറത്തിന്റെ നെഞ്ചിലൂടെ, നീളുന്ന ബലപ്രയോഗം പോലെ ഒരു പുതിയ റോഡ് നീണ്ടുകിടക്കുന്ന- കമ്മ്യൂണിസ്റ്റ് റോഡ്അക്രമികളായ നാട്ടുകാരുടെ നേരെ ഇടി വണ്ടികൾക്ക് എളുപ്പം ചാടിവീഴാൻവേണ്ടി വളരെ ബദ്ധപ്പെട്ടു വെട്ടിയുണ്ടാക്കിയ ഒരു ചരൽ വിരിച്ച റോഡാണത്.

ആ റോഡിലിരുന്നു കാണുന്ന ചരലിന്റെ നിറം ചുവപ്പാണ്. അതിന്റെ ഇരുപാർശ്വങ്ങളിലും കിടക്കുന്ന ചൊറിമണലിന്റെയും നിറം ചുവപ്പാണ്; അരികെ നിൽക്കുന്ന തെങ്ങുകളുടെ ശിരസ്സിൽ തങ്ങിനിൽക്കുന്ന തേങ്ങകളുടെയും നിറം ചുവപ്പാണ് !

ആളുകൾ പറയുന്നു, ആ റോഡിന്റെ അടിയിൽ പലയിടത്തും മനുഷ്യന്റെ അസ്ഥിപഞ്ജരങ്ങളുണ്ടെന്ന്. ആ വെള്ള മണലിന്റെ നിറം മങ്ങിയത് മനുഷ്യരക്തം കലർന്നിട്ടാണെന്ന്, ആ തേങ്ങകളുടെ നിറം ചുവന്നതും ചുവന്ന മനുഷ്യമാംസത്തിന്റെ വളം വീണതുകൊണ്ടാണെന്ന്! മനുഷ്യന്റെ മാംസവും ചോരയും

**ജീവനോടുകൂടി നടന്നുപോകുന്ന ഞങ്ങളുടെ കാൽച്ചുവട്ടിൽ ഞങ്ങളും ഇന്നാട്ടിലുള്ള മറ്റു ബഹുജനങ്ങളും സസുഖം ജീവിക്കാൻവേണ്ടി വീറോടെ പൊരുതി മരിച്ചു. നൂറുകണക്കിന് സഖാക്കൾ അന്ത്യവിശ്രമം കൊള്ളുന്നുണ്ട്. ആ റോഡിനരികിൽ പല സ്ഥലത്തും ചെറിയ മൺകൂന്നുകൾ കാണാം. അതോരോന്നും ഡസൻകണക്കിൽ സഖാക്കളുടെ അസ്ഥിമാടങ്ങളാണ്. ആ വഴിയരികിലുള്ള പൊട്ടക്കുളങ്ങളിലും തോടുകളിലും ഇന്നും എല്ലുകൾ എത്തിനോക്കാറുണ്ട്**

അസ്ഥിയും-എന്നുവെച്ചാൽ!രക്തസാക്ഷികളുടെ മാംസവും ചോരയും അസ്ഥിയും.

അങ്ങിനെ, ആ തണുത്തുവിറയ്ക്കുന്ന മൂകഭീതമായ അർദ്ധരാത്രിയിൽ, 'അക്രമി'കളെ അമർത്താൻവേണ്ടി വെട്ടിയുണ്ടാക്കിയ ആ കമ്മ്യൂണിസ്റ്റ് റോഡിൽക്കൂടി, ഇരുട്ടിൽ കറുപ്പായി തോന്നുന്ന ആ ചുവന്ന ചുറ്റുപാടിന്റെ അകമ്പടിയുമായി, ഞങ്ങൾ രണ്ടുപേർ വലിഞ്ഞുനടക്കുകയാണ്. ആരാണ് ഞങ്ങൾ രണ്ടുപേരെന്നുവെച്ചാൽ? ആ അക്രമികൾക്ക് നേതൃത്വം കൊടുക്കുന്ന ഭയങ്കരനായ ഒരക്രമിയും അതിനെ വാഴ്ത്തി കഥയെഴുതിക്കഴിയുന്ന അദ്ദേഹത്തിന്റെ ഒരുറ്റ ചങ്ങാതിയായ ഞാനും -അതെ, രണ്ടു കമ്മ്യൂണിസ്റ്റ് സഖാക്കൾ !

ജീവനോടുകൂടി നടന്നുപോകുന്ന ഞങ്ങളുടെ കാൽച്ചുവട്ടിൽ ഞങ്ങളും ഇന്നാട്ടിലുള്ള മറ്റു ബഹുജനങ്ങളും സസുഖം ജീവിക്കാൻവേണ്ടി വീറോടെ പൊരുതി മരിച്ചു. നൂറുകണക്കിന് സഖാക്കൾ അന്ത്യവിശ്രമം കൊള്ളുന്നുണ്ട്. ആ റോഡിനരികിൽ പല സ്ഥലത്തും ചെറിയ മൺകുനകൾ കാണാം. അതോരോന്നും ഡസൻകണക്കിൽ സഖാക്കളുടെ അസ്ഥിമാടങ്ങളാണ്. ആ വഴിയരികിലുള്ള പൊട്ടക്കുളങ്ങളിലും തോടുകളിലും ഇന്നും എല്ലുകൾ എത്തിനോക്കാറുണ്ട് . ഞങ്ങളുടെ നേതാക്കളുടെ എല്ലുകളാണത് ! അവിടെയുള്ള പല തെങ്ങുകളിലും ഇന്നും വലിയ തുളകൾ കാണാം. ഞങ്ങളുടെ സഖാക്കളുടെ നേരെ വന്നു തിരിഞ്ഞു തുളഞ്ഞു കയറുന്ന 'ഡം ഡം' ബുള്ളറ്റുകളെ ചെറുത്തു നിന്നതിന്റെ ചുവന്ന മുദ്രകൾ അങ്ങിനെയങ്ങിനെ പലതും പലതും.

ഐതിഹാസികമായ ആ ഏറ്റുമുട്ടലിനെക്കുറിച്ചുള്ള ചോരതിളപ്പിക്കുന്ന സ്മരണകൾക്കൊണ്ട് ഞാൻ കോരിത്തരിച്ചു. സാമ്രാജ്യത്വ നാടുവാഴിത്തങ്ങളുടേയും അവയുടെ തോക്കുതാങ്ങികളായ വൻകിട ബൂർഷ്വാ വെള്ളക്കഴുകന്മാരുടെയും നീരാളിവലയം ഭേദിക്കാനായി ധീരോദാത്ത സമരം നടത്തിയ എണ്ണമറ്റ തൊഴിലാളികളുടേയും നാട്ടിൻപുറത്തെ പട്ടിണിപ്പാവങ്ങളുടെയും നൂറുക്കണക്കിന് നേതാക്കളാണ്, വെള്ള മണൽകൊണ്ട് ശവക്കോടിയണിഞ്ഞ്, അവിടെ മറിഞ്ഞുകിടക്കുന്നത്.

ആ അനശ്വരമായ രക്തമണ്ഡപത്തിന്റെ മീതേകൂടി നടന്നുപോയപ്പോൾ ഞാനറിയാതെ തന്നെ എന്റെ ശിരസ്സു കുനിഞ്ഞുപോയി. ജീവിച്ചിരിക്കുന്ന ഞങ്ങളനുഭവിക്കുന്ന വേദനയും ദുരിതവും; ഞങ്ങളിന്നു പ്രകടിപ്പിക്കുന്ന ധീരതയും ത്യാഗവുമെല്ലാം ആ രക്തസാക്ഷികളുടെ സ്മരണയുടെ മുമ്പിൽ എത്ര നിസ്സാരമാണെന്നു ഞാൻ ഓർത്തു.

എങ്കിലും ഞാനും ആ രക്തസാക്ഷികളുടെ പാർട്ടിയിൽപ്പെട്ടവനാണ്. ആ അനശ്വരാത്മാക്കളുടെ അനുയായിയാണ്. അദ്ധ്യേതാവാണ്; അനുഗാമിയാണ്; തങ്ങളുടെ കക്ഷിയുടെ കനകസമ്പത്തായാണ് എന്നെപ്പോലുള്ള കേഡർമാരെ അവരെണ്ണുന്നത്.

ആ അടിയുറച്ച അഭിമാനത്തോടുകൂടി ഞാൻ അവിടെയുള്ള ഓരോ മണൽത്തരിയേയും സൂക്ഷിച്ചു നോക്കി ആ ഓരോ മണൽത്തരിക്കുമുണ്ട്, ഒരായിരം ഉപദേശം തരാൻ അടുത്ത സമരത്തെക്കുറിച്ചുള്ള ഉപദേശം; കടുത്ത പ്രതികാരബോധത്തിന്റേതായ ഉപദേശം; പുതിയ തന്ത്രത്തേയും അടവുകളേയും സംബന്ധിച്ച ഉപദേശം.

അവിടെ കിടക്കുന്ന ഓരോ സഖാവും എന്തെല്ലാമോ ഉരുക്കഴിക്കുന്നു. ഞങ്ങളുടെ നേതാക്കളെ ഉടനെ അറിയിക്കേണ്ടതായ പലതും അവർക്കു പറയാനുണ്ട്. അനുഭവത്തിൽനിന്നാറ്റിക്കുറുക്കിയെടുത്ത അഭിപ്രായങ്ങൾ ഞാനോർത്തു. ഞങ്ങളുടെ പാർട്ടി ഒരു പുതിയ രാഷ്ട്രീയലൈനും അതിന്റേതായ പുതിയ തന്ത്രങ്ങളും അടവുകളും രൂപീകരിക്കാൻവേണ്ടി പൊരിഞ്ഞ സമരത്തിലല്ല ഇന്ന് . അപ്പോൾ ആ പാർട്ടിയുടെ ആദ്യത്തെ പതാകവാഹകരെങ്ങിനെയാണ് അവിടെ അടങ്ങിക്കിടക്കുക.?

'എന്താ ഒന്നും മിണ്ടാത്തത്? പെട്ടെന്ന് ആരോ എന്റെ പുറത്തൊന്നുതട്ടി .

ഒരു ഞെട്ടിത്തെറിപ്പോടെ ഞാൻ തിരിഞ്ഞുനോക്കി എന്റെ കൂട്ടുകാരൻ തന്നെയായിരുന്നു അത്. പക്ഷെ എനിക്കതു വിശ്വസിക്കാൻ കഴിഞ്ഞില്ല. യന്ത്രത്തോക്കിന്റെ കാഞ്ചിവലിച്ചിരുന്ന പട്ടാളത്തിന്റെ കൈ മരവിപ്പിച്ച ധീരന്മാരിൽ ധീരനായ ശ്രീധരന്റെ രൂപമായിരുന്നു ഞാനപ്പോൾ അദ്ദേഹത്തിന്റെ മുഖത്തു ദർശിച്ചത്.

'എന്താ പകച്ചുനോക്കുന്നത് ?'

അദ്ദേഹം അന്വേഷിച്ചു.

കൈയ്യുയർത്തി മുഖത്തെ വിയർപ്പു തുടച്ചുക്കൊണ്ടു ഞാൻ പറഞ്ഞു-

'ഒന്നുമില്ല, ഞാൻ ആലോചിക്കുകയായിരുന്നു......'

'എന്ത്? '

ഞാൻ എന്താണു പറയുക!

കുറച്ചുകഴിഞ്ഞപ്പോൾ അല്പം തളർച്ചയോടെ ഞാൻ അഭിപ്രായപ്പെട്ടു.

'നമുക്ക് അല്പനേരം ഇവിടെയൊരിടത്തിരിക്കാം - നമ്മുടെ സഖാക്കളുടെ കൂടെ

എന്തുകൊണ്ടാ, എന്റെ ഈ ഒടുവിലത്തെ വാക്കുകൾ അദ്ദേഹത്തെ വല്ലാതെ അസ്വസ്ഥനാക്കി. അദ്ദേഹം ആ പടയിൽ പങ്കെടുത്തവനാണ്. തന്റെ ഒപ്പം നിന്നു പൊരുതിയ എത്രയോ സഖാക്കളുടെ അന്ത്യരംഗത്തിന്നു അദ്ദേഹം സാക്ഷിനിന്നിട്ടുണ്ട്. അവരുടെ ആ ഹൃദയത്തിൽ മുങ്ങിക്കുളിച്ചു കൊണ്ടുതന്നെ അദ്ദേഹം മുന്നേറിയിട്ടുണ്ട്. ആ മരിച്ചു വീണവരുടെ ഒടുവിലത്തെ മുദ്രാവാക്യം വിളികൾകൊണ്ട് അദ്ദേഹത്തിന്റെ കാതും കരളും മുഴങ്ങിയിട്ടുണ്ട്.

ആ വേദനിപ്പിക്കുന്ന ഓർമ്മകളുടെ ചൂടുകൊണ്ടായിരിക്കാം, ഒരു വാടിയ സ്വരത്തിൽ അദ്ദേഹം ഇങ്ങിനെ മന്ത്രിച്ചത്: അതെ, നമുക്കിവിടെ കുറച്ചുനേരം ഇരിക്കാം - നമ്മുടെ ആ പ്രിയപ്പെട്ട സഖാക്കളുടെ കൂടെ. പിന്നെ കുറേ നേരത്തേയ്ക്കു ഞങ്ങൾ രണ്ടു പേരും ഒന്നും മിണ്ടിയില്ല. ഞങ്ങളുടെ തൊണ്ടവര

ണ്ടിരുന്നു. ഞങ്ങളുടെ ആ നൂറുകണക്കിനു സഖാക്കളെ കൊന്നവരോടും കൊല്ലിച്ചവരോടും അതിനു കൂട്ടുനിന്നവരോടും ശരിക്കു കണക്കു ചോദിക്കുവാൻ കഴിഞ്ഞില്ലല്ലോ എന്ന കുണ്ഠിതം ഞങ്ങളെ തികച്ചും നിരുദ്ധകണ്ഠരാക്കി.

പിന്നിട്ടുപോരുന്ന ശവക്കുന്നുകളേയും ചോരക്കുളങ്ങളേയും തുളഞ്ഞ തെങ്ങുകളേയും ഞാൻ കൂടെ കൂടെ തിരിഞ്ഞുനോക്കിക്കൊണ്ടിരുന്നു. യന്ത്രത്തോക്കുകളുടേയും അന്നത്തെ ആ അലർച്ചയുടെ മത്സരം അപ്പോഴും അവിടെ മുഴങ്ങിക്കൊണ്ടിരിക്കുന്നതായി എനിക്കു തോന്നി . അങ്ങിനെ കനം തൂങ്ങിയ ശിരസ്സും കാലുമായി ഏച്ചേച്ചു നടന്ന ഞങ്ങളുടെ കാലൊച്ച കേട്ട് അവിടെയെങ്ങും ഇടക്കിടക്ക് പല അനക്ക ങ്ങളുമുണ്ടായി. ആ ഓരോ അവസരത്തിലും ഞാൻ പിന്തിരിഞ്ഞു നോക്കി. ആ അനശ്വരാത്മാക്കൾ, തങ്ങ ളുടെ നാടിന്റെ പുതിയ ഉശിരു കാണാൻ ചെന്ന എന്നെപ്പറ്റി എന്തോ പരസ്പരം പറയുന്നമാതിരിയുണ്ടാ യിരുന്നു, എന്നേ സംബന്ധിച്ചിടത്തോളം ആ ചോരക്കളത്തിൽ തവള ചാടുന്നതും മണൽപ്പരപ്പിൽ എലി കളിക്കുന്നതും മറ്റും.

എനിക്കുമുണ്ടായിരുന്നു, അവരോടു പലതും പറയാൻ. അവർ രക്തസാക്ഷികളായ കാലത്തേക്കാൾ ആയിരമിരട്ടി ആവേശത്തോടും ആത്മവിശ്വാസത്തോടും കൂടിയാണ് ഞാൻ ഇന്നെഴുതുന്നത് . ഞാൻ മാത്രമല്ല,എന്നെപ്പോലെയുള്ള എണ്ണമറ്റ വലപ്പാട്ടുകാരുണ്ട്, ഇന്ന് ആയിരക്കണക്കായ രാഷ്ട്രീയ പ്രവർ ത്തകരെ മാത്രമല്ല ആയിരമായിരം എഴുത്തുകാരേയും അവരുയർത്തിയിരിക്കുന്നു. അവർക്കും അവരുടെ നേതൃത്വത്തിലുള്ള വിപ്ളവപ്രസ്ഥാനത്തിനും വേണ്ടി ബോധപൂർവ്വം കലാസൃഷ്ടി നടത്തുന്ന എത്രയോ അധികം 'പൊരുതുന്ന റാസ്ക്കൽ' മാരുണ്ട്, ഇന്ന് ഈ നാട്ടിൽതൂലികയെ തോക്കായും തോക്കിനെ തൂലിക യായും മാറ്റുന്ന കലാകാരൻമാർ! 'ഇതിലാണ് നമ്മുടെ.................നെ മറവു ചെയ്തിരിക്കുന്നത്.' വഴിയരി കിൽക്കണ്ട മറ്റൊരു മണൽക്കുന്ന് ചൂണ്ടിക്കാണിച്ചുക്കൊണ്ട് എന്റെ കൂട്ടുകാരൻ പറഞ്ഞു.

ഉടനെ എന്റെ കാലുകൾ അവിടെ ഉറച്ചുനിന്നു. അദ്ദേഹം പിന്നേയും പല രക്തസാക്ഷികളുടേയും പേരു പറഞ്ഞു. അവരിലോരോരുത്തരുടേയും പുറകിലുണ്ട്, അത്ഭുതാവഹമായ ആയിരമായിരം കഥകൾ ആവേശത്തിന്റെയും ആത്മവീര്യത്തിന്റേയും കഥകൾ.

'സഖാക്കളേ!' ആവുന്നത്ര ഉച്ചത്തിൽ അങ്ങിനെ അഭിസംബോധന ചെയ്തുക്കൊണ്ട് ആ മൺകൂനകളുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യാൻ എന്റെ ഹൃദയം വെമ്പി. സങ്കടം, ചങ്കുറപ്പുകൊ ണ്ടുതന്നെ !കത്തുന്ന കണ്ണുകളുമായി ആ ശവമാടങ്ങളുടെ മുൻപിൽനിന്ന് ഇങ്ങനെ പ്രതിജ്ഞ എടുക്ക ണമെന്നു എനിക്കു തോന്നി.

'സഖാക്കളേ, നിങ്ങളുടെ കൊലയാളികൾക്ക് ഞങ്ങൾ മാപ്പുകൊടുക്കുകയില്ല സഖാക്കളേ! നിങ്ങളുടെ കൊടിയുടെയും കുടുംബത്തിന്റേയും മാനം ഞങ്ങളെന്നെന്നും കാത്തുരക്ഷിക്കും, സഖാക്കളേ!'

നീറിപ്പിടിക്കുന്ന ദുഃഖവും പകയുമായി ഞങ്ങൾ കുറേനേരം കൂടി നടന്നു. രക്തസാക്ഷികളുടെ നെഞ്ചത്തുകൂടി, ആ റോഡ് പിന്നെയും നീണ്ടുകിടക്കുകയാണ് . ആ വഴിവക്കിലുള്ള മിക്ക തൊഴിലാളി കൂരകളിലും, ആ സമയത്തും പ്രാക്കളുടെ കുറുകൽപോലെ, പതിഞ്ഞ സംസാരം കേൾക്കാമായിരു ന്നു.അവയിലധികവും രക്തസാക്ഷികളുടെ കുടുംബങ്ങളാണ്. ഞാനാലോചിച്ചു: അതുകഴിഞ്ഞ് നാലഞ്ചു കൊല്ലമായിട്ടും അവർക്കിപ്പോഴും രാത്രി ഉറങ്ങാൻ കഴിയുന്നില്ലേ? ഇല്ല രക്തസാക്ഷികളുടെ സ്വപ്നം സാക്ഷാ ൽക്കരിക്കപ്പെടുന്നതുവരെ അവർക്കുറങ്ങാൻ കഴിയില്ല.

കൃത്യനിർവ്വഹണത്തിന് താമസം വരുന്നതിലുള്ള അസ്പഷ്ടമായ ഒരപരാധബോധത്തോടുകൂടി ഞാൻ ആ കുടിലുകളിലേക്കുറ്റുനോക്കി; അനന്തമായ ആകാശത്തിലേക്ക് അലക്ഷ്യമായി മിഴിച്ചുനോക്കി ക്കൊണ്ടിരുന്ന പല കിഴവൻമാരുടെയും കിഴവികളുടേയും നിഴലുകൾ ഞാൻ കണ്ടു. രക്തസാക്ഷികളുടെ അമ്മയച്ഛന്മാരായിരിക്കും അവർ. പടയിൽ മരിച്ച മക്കളുടെയും മരുമക്കളുടെയും ആത്മാവുകളെത്തിരിഞ്ഞ് ആ കുഴിഞ്ഞ കണ്ണുകൾ നക്ഷത്രവൃന്ദങ്ങളിലേക്ക് ദൂരദർശിനിവെയ്ക്കുകയായിരിക്കാം, അല്ലേ ?

മറ്റെന്തോ ആലോചനയിൽ മുഴുകി മിണ്ടാതെ നടക്കുകയായിരുന്ന എന്റെ ചങ്ങാതി ഒരു ഫർലോങ്ങ് അകലെ മുമ്പിലൊരിടത്തേക്കു ചൂണ്ടിക്കാണിച്ചു. 'അവിടെ എത്തിയാൽ നമുക്ക് അല്പനേരം വിശ്രമി ക്കണം'

റോഡിനു അരഞ്ഞാൺ കെട്ടിയ മാതിരിയുള്ള ചെറിയ ഓവുപാലത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് ഞാൻ ചോദിച്ചു 'എവിടെ, അവിടെയോ ?' 'അതെ ആ – രക്തസാക്ഷിക്ക....' അദ്ദേഹമതു ഇടയ്ക്കുവച്ചു നിർത്തിക്കളഞ്ഞു.

'എന്ത് ? രക്തസാക്ഷിക്ക......' ആ മുഴുവിക്കാത്ത വാക്കുമുഴുവൻ കേൾക്കാനുള്ള വ്യഗ്രതയോടെ ഞാൻ തിരക്കി.

വിഷയം മാറ്റാൻ വിഷമിക്കുന്നതു പോലെ അദ്ദേഹം പറഞ്ഞു 'ആ കലുങ്കി (ഓവുപാലം)ന്റെ മീതെ ഇരിക്കാമെന്നേ ഞാൻ പറഞ്ഞുള്ളു'

'അതിനെന്താ വിശേഷത?' ഞാൻ പിന്നെയും അന്വേഷിച്ചു.

അപ്പോഴും അദ്ദഹം മാറിക്കളഞ്ഞു. ' അതിന്റെ രണ്ടരികിലും സിമന്റിട്ട തിണ്ണയുണ്ട് '

അത്രയും പറഞ്ഞ് തീരുന്നതിനു മുമ്പേ ഞങ്ങൾ അതിനടുത്തെത്തിക്കഴിഞ്ഞിരുന്നു. ഞാൻ ചോദിച്ചു : 'ഇതും ഈ റോഡിനോടനുബന്ധിച്ചു.......'

അതെ, മുമ്പിവിടെ മരപ്പാലായിരുന്നു.

ഞങ്ങൾ രണ്ടുപേരും മുഖത്തോടു മുഖം തിരിഞ്ഞു ഓരോ തിണ്ണയിലിരുന്നു. മിനുമിനുപ്പുള്ള നല്ല തിണ്ണകൾ, നിലാവത്ത് അവ മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു.

അവിടെ ഇരുപ്പുറപ്പിച്ചു അല്പനേരം കഴിഞ്ഞു ഉടനെത്തന്നെ ഞാനന്വേഷിച്ചു. ' ഇതിനുമുണ്ടാവില്ലേ നമ്മുടെ വക ഒരു പുതിയ പേര് ?'

അദ്ദേഹത്തിന് പെട്ടന്നതിന് മറുപടി പറയാൻ കഴിഞ്ഞില്ല. ഉത്കടമായ ഒരുൾക്കുളിരനുഭവിക്കുന്ന തുമാതിരി ഉണ്ടായിരുന്നു, അദ്ദേഹത്തിന്റെ ഉജ്ജ്വലമായ മുഖമപ്പോൾ,

ഒടുക്കം കനം കൂടിയ സ്വരത്തിൽ അദ്ദേഹം പറഞ്ഞു ' ഉണ്ട് ഒരു മുഴുമിക്കാത്ത പേര്? '

**'അകലെയുള്ള നിങ്ങൾക്ക്, വിശേഷിച്ചും ഇടത്തരക്കാരായ നിങ്ങൾക്ക്, വിശ്വസിക്കാൻ കഴിയാത്ത പലപല വിസ്മയങ്ങളും ഇന്നാട്ടിലെ തൊഴിലാളി സഖാക്കളും അവരുടെ കുടുംബത്തിലുള്ള ആബാലവൃദ്ധം ജനങ്ങളും നമ്മുടെ നാട്ടിന്റെ ചരിത്രത്തിലെഴുതി ചേർത്തിട്ടുണ്ട്. ഏതു ചരിത്ര വിദ്യാർത്ഥിയേയും കോരിത്തരിപ്പിക്കുന്ന നൂറുനൂറായിരം അത്ഭുതകരമായ അധ്യായങ്ങൾ !**

'മുഴുമിക്കാത്ത പേര്? '

' അതേ. അതു മുഴുവനാകുന്നതിനു മുൻപ് അതിന്റെ കർത്താവ് രക്തസാക്ഷിയായി !' അദ്ദേഹം പറഞ്ഞു.

ഞാൻ സ്തംഭിച്ചുപോയി.

അതുകൊണ്ട് കുറേനേരം എന്റെ മുഖത്ത് തന്നെ ദൃഷ്ടിയുറപ്പിച്ചിരുന്ന ശേഷം, ഒരു പ്രവാഹം പോലെ അദ്ദേഹം പറഞ്ഞുതുടങ്ങി. 'അകലെയുള്ള നിങ്ങൾക്ക്, വിശേഷിച്ചും ഇടത്തരക്കാരായ നിങ്ങൾക്ക്, വിശ്വസിക്കാൻ കഴിയാത്ത പലപല വിസ്മയങ്ങളും ഇന്നാട്ടിലെ തൊഴിലാളി സഖാക്കളും അവരുടെ കുടുംബത്തിലുള്ള ആബാലവൃദ്ധം ജനങ്ങളും നമ്മുടെ നാട്ടിന്റെ ചരിത്രത്തിലെഴുതി ചേർത്തിട്ടുണ്ട്. ഏതു ചരിത്ര വിദ്യാർത്ഥിയേയും കോരിത്തരിപ്പിക്കുന്ന നൂറുനൂറായിരം അത്ഭുതകരമായ അധ്യായങ്ങൾ ! ഇന്നാട്ടിലെ ഓരോ മണൽത്തരിക്കും കഴിയും, നിങ്ങൾക്കോരോ മഹാഗ്രന്ഥത്തിനുള്ള വിഷയം നൽകാൻ'.

ഞാൻ വായും പിളർന്നു കുത്തിയിരുന്നു.

'അദ്ദേഹം അനിയന്ത്രിതമായ ആവേശത്തോടെ തുടർന്നുപറഞ്ഞു. ഞങ്ങൾക്കു പോരായ്മകൾ പറ്റിയിരിക്കാം; ഞങ്ങളംഗീകരിച്ച അടവുകളിലും, അണിഞ്ഞിരുന്ന ആയുധങ്ങളിലും കുറവുണ്ടായിരിക്കാം. പക്ഷേ ഞങ്ങളുടെ ആ ഐതിഹാസികമായ പോരാട്ടം ഇന്നാട്ടിലെ വിപ്ലവത്തേയും വിമോചനപ്രസ്ഥാനത്തേയും ഒരു പുതിയ മണ്ഡലത്തിലേക്കുയർത്തി. ഞങ്ങൾ നൂറുകണക്കിൽ മരിച്ചു. പക്ഷേ പതിനായിരക്കണക്കിൽ പുതിയ ആളുകളെ പ്രസ്ഥാനത്തിലേക്കാകർഷിച്ചുകൊണ്ടായിരുന്നു

ഞങ്ങളുടെ ആ മരണം.'

'അതെനിക്കറിയാം' ഗദ്ഗദസ്വരത്തിൽ ഞാൻ സമ്മതിച്ചു.

അതു ശ്രദ്ധിക്കാൻ നിൽക്കാതെ അദ്ദേഹം തുടർന്നു. 'കൊളോണിയൽവിപ്ളവത്തെ സംബന്ധിച്ച ലെനിൻ- സ്റ്റാൻലിൻ സിദ്ധാന്തങ്ങളിൽ ശരിക്കും അടിയുറച്ചുനിൽക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ, ഞങ്ങൾ ഇതിനകംതന്നെ സുശക്തമായ ഒരു വിമോചനസേനയുടെ നേതാക്കളായിത്തീരുമായിരുന്നുവെന്നതു നേരാണ്. പക്ഷേ ഞങ്ങൾക്കതിൽ നിരാശയില്ല ഞങ്ങൾ പരാജയത്തെച്ചൊല്ലി വിലപിച്ചിട്ടില്ല ; ഞങ്ങൾ ആരുടേയും മുമ്പിൽ കുമ്പസാരിക്കേണ്ടതായിട്ടില്ല !'

ഞാൻ ശ്വാസമടക്കിപ്പിടിച്ചു അതു ശ്രദ്ധിച്ചിരുന്നു 'ഞങ്ങൾ അന്നും സമരം ചെയ്തു; ഇന്നും സമരം ചെയ്യുന്നു; ഇനിയും സമരം തുടരുകയും ചെയ്യും. ഓരോ തോൽവിയും ഞങ്ങളുടെ മുമ്പിൽ ഒരായിരം വിജയങ്ങളുടെ വഴി തെളിയിച്ചുതന്നിട്ടുണ്ട്. ആ എല്ലാ അനുഭവങ്ങളോടുംകൂടി ഞങ്ങളിന്നു മുന്നേറുകയാണ് ഇന്നാട്ടിലെ വിമോചനപ്രസ്ഥാനത്തിന്റെ യഥാർത്ഥനേതൃത്വം സമ്പാദിക്കാൻ'

ഞാൻ നിർന്നിമേഷനായി അങ്ങിനെ കുത്തിയിരുന്നു.

'സഖാവേ , നിങ്ങൾ ഞങ്ങളെ പഠിപ്പിക്കാൻ വന്നിരിക്കയാണല്ലേ ? നിങ്ങൾ എഴുതൂ, കഴിഞ്ഞ സമരത്തിൽ ഞങ്ങളുടെ സഖാക്കൾ പ്രകടിപ്പിച്ച ആ അനുപമമായ ധീരതയയുടെ ഓരോ ഇഞ്ച് അടുത്ത സമരത്തിൽ ഞങ്ങളെ എത്രയോ നാഴിക മുന്നോട്ടു നീക്കണമെന്ന് !ആ ദൃഷ്ടിയോടെ നിങ്ങൾ ആദ്യമായി ഈ കലുങ്കിന്റെ കഥതന്നെ ചിത്രീകരിക്കൂ.'

ഞാൻ ആർത്തിയോടെ അദ്ദേഹത്തിന്റെ മുഖത്ത് ഉറ്റുനോക്കി ആ വാക്കുകളുടെ ആഴം എത്രയോ അധികം വർദ്ധിക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഈ ചോദ്യം ഒരിക്കൽക്കൂടി എടുത്തുചോദിച്ചു. 'നിങ്ങൾക്കോർമ്മയുണ്ടല്ലോ ആ ഏറ്റുമുട്ടലിൽ ചിത്രം അലറുന്ന യന്ത്രത്തോക്കുകളുടെ നേർക്ക് ഞങ്ങൾ ആയിരക്കണക്കിൽ കുതിച്ചുകയറിയ ആ രംഗം.'

'ഞാൻ തല കുലുക്കി.'

'ഞങ്ങളിൽ പലരും അവിടെ മരിച്ചു വീണു. ഈ തെങ്ങിൻതോപ്പുകളിലും തോടുവക്കുകളിലും മണൽത്തിട്ടുകളിലും ചുരുട്ടിയ മുഷ്ടികളും മുദ്രാവാക്യങ്ങളുരുക്കഴിക്കുന്ന ചുണ്ടുകളുമായി എണ്ണമറ്റ സഖാക്കൾ അടിഞ്ഞുകൂടി അനന്തമായ ഒരു ചുമപ്പുവിരിപ്പുപോലെ ഈ പൂഴിമണ്ണും തോടും കുളവും വയലും വഴിയുമെല്ലാം ഞങ്ങളുടെ ഹൃദയരക്തംകൊണ്ടു കുളം കെട്ടി. നെഞ്ചു പിളർന്നവരും കൈകാലുകൾ മുറിഞ്ഞവരും മറ്റുമായ പകുതി മരിച്ച സഖാക്കൾ മരിച്ചുകിടക്കുന്ന തങ്ങളുടെ ചങ്ങാതികളെപ്പിടിച്ചു കുലുക്കിനോക്കിക്കൊണ്ട് അങ്ങുമിങ്ങുമിഴഞ്ഞുനീങ്ങുന്നുണ്ടായിരുന്നു. ഞങ്ങളുടെ പാവപ്പെട്ട അച്ഛനമ്മാവന്മാരും അമ്മപെങ്ങന്മാരും, പട്ടാളം വന്നു പെട്രോൾ ടിന്നൊഴിച്ചു തീ കൊളുത്തുന്നതിനുമുമ്പേ തങ്ങളുടെ മക്കളേയും ആങ്ങളമാരേയുമൊക്കെ അവസാനമായി ഒരു കണ്ണു കാണാനുള്ള വെമ്പലോടെ ആ ശവങ്ങൾക്കിടയിൽനിന്നു പിടഞ്ഞു പൊരിയുകയായിരുന്നു.

വെടിവെപ്പു നടന്നതിന്റെ രണ്ടാംദിവസം സന്ധ്യക്കാണെന്നു തോന്നുന്നു, എന്റെയും എന്റെ സഖാക്കളുടേയും ചോര ചോർന്നു നിറം പകർന്ന ആ തോട്ടിലെ അഴുക്കുവെള്ളം കൂടെക്കൂടെ നുണഞ്ഞിറക്കികൊണ്ട് ഞാൻ മുന്നോട്ടിഴയുകയായിരുന്നു. എന്റെ തുട മുറിഞ്ഞിരുന്നു. നെഞ്ചിൽ ഭയങ്കരമായ ഒരു മുറിവും പറ്റിയിരുന്നു. എന്തിനാണെന്നോ എങ്ങോട്ടാണെന്നോ നിശ്ചയമില്ലാതെയായിരുന്നു ഞാനിഴഞ്ഞിരുന്നത്. അടുത്ത ഏതു നിമിഷത്തിലും ഞാൻ മരിച്ചേക്കാമെന്നതു തീർച്ചയാണ് ഒന്നുകിൽ ശരീരത്തിലുള്ള ചോരയാകെ വാർന്നുതീർന്നിട്ടുണ്ട്; അല്ലെങ്കിൽ കരക്കിറങ്ങിയ പട്ടാളത്തിന്റെ പുതിയ വെടിയുണ്ട ഏറ്റിട്ട് !

' എന്നിട്ടും ഞാൻ ശേഷിച്ച പ്രാണനുംവെച്ചു മുന്നോട്ടു വലിഞ്ഞു.'

ആ തോട്ടത്തിൽ ശവങ്ങൾ പൊന്തിക്കിടന്നിരുന്നു പകുതി തോട്ടിലും, പകുതി കരയ്ക്കുമായി പലരുടേയും ശരീരങ്ങൾ വിറങ്ങലിച്ചു കിടന്നിരുന്നു.

' ജീവനുള്ള ആരെങ്കിലും എന്നെ ഒന്നു കണ്ടുമുട്ടിയിരുന്നുവെങ്കിൽ എന്നു ഞാൻ അതിയായാഗ്രഹിച്ചു.

പക്ഷെ അത് അസ്ഥാനത്തായിരുന്നു. ആരെങ്കിലും എന്നെ കണ്ടുമുട്ടി താങ്ങിയെടുത്തു കൊണ്ടു പോകുമെന്നോ, അങ്ങിനെ കൊണ്ടുപോയാൽത്തന്നെയും ശുശ്രൂഷ ചെയ്ത് എന്റെ ജീവൻ രക്ഷപ്പെടുത്താൻ കഴിയുമെന്നോ വിശ്വസിക്കാൻ യാതൊരു വഴിയുമില്ലായിരുന്നു.'

'അങ്ങിനെ അലക്ഷ്യമായി ഇഴഞ്ഞുകൊണ്ടിരിക്കെ ആരോ എന്റെ കൈക്കു കടന്നുപിടിച്ചു. പട്ടാളം! ഞാൻ ഞെട്ടി. എന്നാൽ അപ്രതീക്ഷമായി ചോരയുടെ കൊഴുപ്പുള്ള ഒരു വിളി എന്റെ കാതുകളിൽ വന്നലച്ചു: 'സഖാവേ !'

' ഒും ! ഞാൻ പകച്ചിരുന്നു. ആ നേരിയ നാട്ടുവെളിച്ചത്തിൽ അവന്റെ വ്യക്തരൂപം എനിക്കു ദൃശ്യമല്ലായിരുന്നു. തുട മറയാത്ത ഒരു കീറട്രൗസറിൽ കടന്നുകൂടി നില്ക്കുന്ന ഒരു കൊച്ചു അസ്ഥികൂടം ! ഒരു പുതിയ ജന്മം സിദ്ധിച്ച ആശ്വാസത്തോടെ ഞാൻ അവനെ ആഞ്ഞുപിടിച്ചു.'

' അപ്പോഴേയ്ക്കും അവൻ എന്നെ താങ്ങിയെടുക്കാൻ ശ്രമിച്ചു കഴിഞ്ഞിരുന്നു എന്നാൽ അവനുണ്ടോ എന്നെ പൊക്കിയെടുക്കാൻ കഴിയുന്നു ! അപ്പോൾ അവൻ പറയുകയാണ് ' എന്നാൽ ഞാൻ തോട്ടിൽക്കൂടി വലിച്ചുകൊണ്ടുപൊക്കോളാം.'

അടക്കാൻ കഴിയാത്ത അത്ഭുതം മൂലം എന്തു പറയണമെന്നറിയാതായിരുന്ന ഞാൻ ചോദിച്ചുപോയി. 'എങ്ങോട്ടാണ് അനിയാ?'

'മരിക്കാത്ത സഖാക്കളെയൊക്കെ സ്ഥലം മാറ്റുന്നിടത്തേക്ക് !'

'മരിക്കാത്ത സഖാക്കളെ സ്ഥലം ആര് മാറ്റുന്നു ? ആ അവസ്ഥയിലും എനിക്കതാലോചിക്കാതിരിക്കാൻ കഴിഞ്ഞില്ല.'

' പെട്ടെന്ന് അവൻ ബദ്ധപ്പെട്ടു, വേഗം പോണം നമുക്ക് പട്ടാളം പാഞ്ഞുകേറുന്നതിനു മുമ്പേ !'

'എന്നേയും വലിച്ചുകൊണ്ട് ആ തോട്ടിൽക്കൂടി അവൻ അതിവേഗം മുന്നോട്ടു നീന്തി. ആ പോക്കിലും തോട്ടിൽക്കിടന്നിരുന്ന ഓരോ ശവത്തേയും അവൻ കുലുക്കിനോക്കി വിളിച്ചുചോദിക്കുന്നുണ്ടായിരുന്നു ;

' സഖാവേ !'

' ഇടയ്ക്കുവെച്ച് അസഹ്യമായ ആർത്തിയോടെ ഞാനന്വേഷിക്കുകയുണ്ടായി. ' നിയേതാ അനിയാ?'

' ഞാൻ ഇവിടെ നാലാം ക്ലാസ്സിൽ പഠിക്ക്യാ'

നാലാം ക്ലാസ്സിൽ പഠിക്കുന്ന വിപ്ലവകാരി! ഞാൻ മനഃപൂർവ്വം പിന്നെയൊന്നും അന്വേഷിക്കാതെയിരുന്നു. പക്ഷെ അവൻ തുടർന്നു പറയുന്നുണ്ടായിരുന്നു. ' ഇത്തിരിയെങ്കിലും ജീവനുള്ള എല്ലാ സഖാക്കളേയും രക്ഷപ്പെടുത്തുന്നുണ്ട്. അമ്മാവൻ എപ്പോഴും ഇവിടത്തന്നെ നിന്നു അതു നടത്തണം !'

' അമ്മാവൻ!' ആ വാക്കുമാത്രം മതിയായിരുന്നു, എന്റെ എല്ലാ വേദനകളേയും എനിക്കു മറക്കാൻ. ആദ്യന്തം ഞങ്ങളുടെ ഒപ്പം നിന്നു ഞങ്ങളെ നയിച്ച ഞങ്ങളുടെ ഉറ്റ നേതാവാണ് ആ (അമ്മാവൻ) ആ തലയ്ക്ക് ഈ രാജ്യത്തിന്റെ പകുതിയും വില കൊടുക്കാൻ അന്നത്തെ ഭരണാധികാരി തയ്യാറായിരുന്നു. എന്നിട്ടും നാടു നീളെ പട്ടാളമിറങ്ങി നൂറുകണക്കിൽ കശാപ്പു തുടർന്നിട്ടും അദ്ദേഹം അതിന്റെ നടുക്കുതന്നെ നില്ക്കുന്നു മുറിവേറ്റ സഖാക്കളെ മുഴുവൻ സ്ഥലം മാറ്റിക്കാൻ !

അവിടെ എത്തി അദ്ദേഹത്തെ എത്രയുംവേഗം സ്ഥലം വിടുവിക്കുവാനുള്ള വെമ്പലോടെ ഞാൻ പറഞ്ഞു ' എന്നെ വേഗം വലിയ്ക്കു അനിയാ ! ങ, തന്നെ !' അവൻ പറയുകയാണ്. 'ചേട്ടനെ അമ്മാവന്റെ കൈയ്യിൽ ഏല്പിച്ചിട്ടു വേണം എനിക്കു വീണ്ടും അങ്ങോട്ടു തിരിച്ചുപോകാൻ. മൂക്കില് വായു വരുന്ന സർവ്വ ആളുകളേയും ഞങ്ങൾ സ്ഥലം മാറ്റുന്നുണ്ട്.'

' വെടികൊണ്ട കടുവകളെപ്പോലെ പട്ടാളം പേക്കൂത്താടുന്ന ആ സമരരംഗത്തിലേക്ക് ഒറ്റയ്ക്ക് പായുവാനുള്ള അവന്റെ ആ വെമ്പൽ കണ്ടു ഞാൻ ആവേശം കൊണ്ടു.'

'ജീവനുള്ളോരേകുടി അവന്മാരു പെട്രോളൊഴിച്ചു ചുടാണ്, ചേട്ടാ ! അതുകൊണ്ട് എനിക്കുവേഗം പോയി നമ്മുടെ സഖാക്കളെ ഒക്കെ കുലുക്കി നോക്കണം!' ' മൂർച്ഛിച്ചുകൊണ്ടിരുന്ന ഞാൻ അവസാനമായി അന്വേഷിച്ചു : പൊന്നനിയാ, നിന്റെ പേരെന്താ?'

' ബാലൻ ന്നാ !'

' അതായിരുന്നു ഞാൻ കേട്ട അവന്റെ അവസാനത്തെ ശബ്ദം'. മരിച്ചു കിടന്ന നൂറുകണക്കിൽ

സഖാക്കളുടേയും ചിരിച്ചാർത്തു അവരെ വലിച്ചുകൂട്ടി പെട്രോളൊഴിച്ചു ചുടുന്ന പിശാചു പിടിച്ച പട്ടാളത്തിന്റെയുമിടയ്ക്കു പതുങ്ങിപ്പതുങ്ങി ഊളമിട്ടുകൊണ്ടിരുന്ന ആ പിഞ്ചുബാലന്റെ ചിത്രം ഇപ്പോഴും എന്റെ മനസ്സിൽ തല ഉയർത്തി നില്ക്കുന്നു.

ആ പോക്കുപോയ ഞാൻ പിന്നീട് വളരെ മാസങ്ങൾക്കുശേഷമാണ് ഇങ്ങോട്ടു കൊണ്ടുവരപ്പെട്ടത്. അതിനിടക്ക് ഇവിടെ എന്തെല്ലാം നടന്നിരിക്കുന്നെന്നു നിങ്ങൾക്കു ഊഹിക്കുവാൻ കഴിയുമല്ലോ.

തോടുവക്കിലും തൊടിയിലും തെങ്ങിൻചുവട്ടിലും മറ്റും കിടന്നിരുന്ന മരിച്ചവരെയും, മരിച്ചുകൊണ്ടിരുന്നവരെയും മരിക്കാനിടയില്ലാതിരുന്നവരേയുമെല്ലാം അവർ പെട്രോളൊഴിച്ചു ചുട്ടുകരിച്ചു രക്തസാക്ഷികളുടേതും തൊഴിലാളി വളണ്ടിയർമാരുടേതുമായ എത്രയോ വീടുകൾ അവർ അഗ്നിക്കിരയാക്കി. നൂറുക്കണക്കിന് അമ്മ പെങ്ങന്മാർ അവരുടെ മൃഗീയമായ ആക്രമങ്ങൾക്ക് വിധേയമായി നാട്ടിലുള്ള വരെയൊക്കെ ആട്ടി ഓടിച്ച, അവന്മാരിവിടെ പൈശാചികമായ ഒരു ചുടലനൃത്തം തന്നെ നടത്തി.

കുറേ നേരത്തേക്ക് അദ്ദേഹം നിശ്ശബ്ദനായിരുന്നു.

പക്ഷേ അദ്ദേഹം പിന്നെ ഉറച്ചുപറഞ്ഞു. അവന്മാർ മനസ്സിലാക്കുകയില്ല, തൊഴിലാളിവർഗ്ഗം അനശ്വരമാണെന്ന്.

വികാരപരതയുടെ വേലിയേറ്റം മൂലം അദ്ദേഹത്തിനു ശബ്ദം പുറത്തുവരാതെയായി. ഒരു നൂറുനൂറായിരം കാര്യങ്ങൾ ഒന്നിച്ചു പ്രഖ്യാപിക്കാൻ വെമ്പുന്ന മാതിരിയുണ്ടായിരുന്നു, അപ്പോഴദ്ദേഹത്തിന്റെ മുഖഭാവം ഒരു പ്രഖ്യാപനംപോലെ അദ്ദേഹം തുടർന്നു. ആ അനശ്വരത മഹത്തായ ഒരു ഈ കലുങ്കിനുചുറ്റും അലയടിക്കുന്നുണ്ട്. ഇന്നാട്ടിലെ ഒറ്റ തൊഴിലാളി ബാലനെങ്കിലും അവശേഷിക്കുമെങ്കിൽ, അവനതിനു പ്രതികാരം ചെയ്യും . ഈ കലുങ്കിനു മീതെയാണ് ഒരു നനഞ്ഞ ചെങ്കൊടിപോലെ ആ ധീരബാലൻ.................

ആ ധീരബാലൻ.....................? അടുക്കും ക്രമവുമില്ലാതെ ആ സംഭവ വിവരണത്തിലൂടെ ഉയർന്നുവന്ന ആ ഉജ്ജ്വലമായ മഹാസത്യമറിയാൻ ഞാൻ ബദ്ധപ്പെട്ടു.

'തോടുവക്കിലും തൊടിയിലും തെങ്ങിൻചുവട്ടിലും മറ്റും കിടന്നിരുന്ന മരിച്ചവരെയും, മരിച്ചുകൊണ്ടിരുന്നവരെയും മരിക്കാനിടയില്ലാതിരുന്നവരേയുമെല്ലാം അവർ പെട്രോളൊഴിച്ചു ചുട്ടുകരിച്ചു രക്തസാക്ഷികളുടേതും തൊഴിലാളി വളണ്ടിയർമാരുടേതുമായ എത്രയോ വീടുകൾ അവർ അഗ്നിക്കിരയാക്കി. നൂറുക്കണക്കിൻ അമ്മ പെങ്ങന്മാർ അവരുടെ മൃഗീയമായ ആക്രമങ്ങൾക്ക് വിധേയമായി നാട്ടിലുള്ളവരെയൊക്കെ ആട്ടി ഓടിച്ച, അവന്മാരിവിടെ പൈശാചികമായ ഒരു ചുടലനൃത്തം തന്നെ നടത്തി.'

പക്ഷേ അദ്ദേഹമതിനു നേരെ ചൊവ്വേ മറുപടി പറഞ്ഞില്ല. പകരം ഒരു പുതിയ സ്വരത്തിൽ ഇങ്ങനെ തുടർന്നു: ഞാൻ പറഞ്ഞില്ലേ ഈ കമ്മ്യൂണിസ്റ്റ് റോഡിന്റെ അടിയിൽ എത്രയോ വിപ്ളവകാരികളുടെ അസ്ഥികൂടങ്ങളുണ്ടെന്ന്. ഈ പാലത്തിന്റെ ചുവട്ടിലാണ് ഏഴു സഖാക്കളെ അവന്മാർ വെടിവച്ചു കൊന്നത് വെടിയുണ്ടയുടെ ഊക്കേറ്റ് അവരിൽ പലരുടെയും ശിരസ്സുകൾ ചെളിയിൽ പൂണ്ടുപോയിരുന്നല്ലോ !

നിലാവിലാറാടിക്കൊണ്ടിരുന്ന ആ അസ്ഥിമാടങ്ങളിലേയ്ക്കുതന്നെ ഉറ്റുനോക്കിക്കൊണ്ട് പിന്നീട് കുറേനേരത്തേക്കു അദ്ദേഹം മിണ്ടാതിരുന്നു. അദ്ദേഹത്തിന്റെ ആ ചുടുന്ന ചിന്തകളെ പിന്തുടരാനുള്ള വെമ്പൽകൊണ്ട് എനിക്കു വീർപ്പുമുട്ടി. ആ അസ്ഥിമാടങ്ങൾ വെട്ടിതിളങ്ങുന്നതായി എനിക്കനുഭവപ്പെട്ടു.

പിന്നെ ആ കലങ്ങിയ കണ്ണുകളിൽ ഒരു പുതിയ തിളക്കത്തോടെ അദ്ദേഹം പറഞ്ഞു. 'ഏറ്റുമുട്ടൽ കഴിഞ്ഞതിന്റെ നാലഞ്ചുദിവസങ്ങൾക്കുള്ളിലായിരിക്കണം , അത് നടന്നത്'

'അതെ'.

'ആവെടിവെയ്പു നടക്കുമ്പോൾ, തന്റെ നേതാക്കളുടെ തൊട്ടുപുറകിലായിതന്നെ അവനും ഇഴഞ്ഞു കേറിയിരുന്നു. വെടിവെപ്പു നിലച്ച നിമിഷം മുതൽക്കുതന്നെ, മരിക്കാതെ ശേഷിച്ചവരെ തിരിഞ്ഞു പിടിച്ചു കൊണ്ട് അവൻ ഈ രണഭൂമിയാകെ പരതി നടന്നു. മരിച്ചവരോ, മുറിവേറ്റവരോ, കാണാതായവരോ ആയ

ആരെങ്കിലുമുള്ള ഓരോ വീട്ടിലും അവൻ ചെന്നുകയറി . പേയിളകിയ പട്ടാളം വിജയാട്ടഹാസം മുഴക്കിക്കൊണ്ട് നാടുനീളെ നരകം ചമച്ചപ്പോഴും, അതിനിടയിലൂടെ അവൻ ഊളിയിട്ടുകൊണ്ടിരുന്നു. ആളിക്കത്തുന്ന ഓരോ അസ്ഥിമാടത്തിന്റെയും അരികെ എത്രയോനേരം നോക്കിനിന്നു.ഓരോ പട്ടാളക്യാമ്പിന്റെയും പുറകെചെന്നു അവൻ എന്തെല്ലാമോ മണത്തറിഞ്ഞിരുന്നു. സഖാക്കളുടെ ജീവരക്തം കലർന്ന സകല ദിക്കിലും അവന്റെ കാല്പാടുകൾ പതിഞ്ഞുകാണായി. നാടുനീളെ ഭീതിയും രോദനവും നിറഞ്ഞിരിന്നപ്പോഴും മൂകമായ ഒരു മുദ്രാവാക്യംപോലെ അവൻ നടത്തിയിരുന്നു.'

'അങ്ങിനെ ആ അവസാനദിവസവും വന്നുചേർന്നു . രക്തസാക്ഷികളുടെ നെഞ്ചത്തുകൂടി നീണ്ടുപോകുന്ന ഈ റോഡ് നാമിരിക്കുന്ന ഈ കലുങ്കിനടുത്തെത്തുകയും പഴയ മരപ്പാലത്തിന്റെ സ്ഥാനത്ത് ആദ്യമായി ഈ സിമന്റ് തിണ്ണകൾ ഉയർന്നുവരുകയും ചെയ്തദിവസം. അന്നു സന്ധ്യകഴിഞ്ഞിരുന്നു. പട്ടാളത്തിന്റെ നേതൃത്വത്തിൽ ഈ പാലം പണിതീർന്നപ്പോൾ, അന്നു പകൽ മുഴുവനും അവൻ ആ കാണുന്ന പുന്നമരത്തിന്റെ മുകളിൽ പതുങ്ങിയിരിക്കുകയായിരുന്നു.'

'പട്ടാളവും പണിക്കാരും പിരിഞ്ഞുപ്പോയപ്പോൾ ആ പുന്നമരത്തിൽ നിന്നൊടിച്ച കമ്പുമായി അവൻ ഈ കലുങ്കിനരിലേക്കുവന്നു. ആ ഏഴു സഖാക്കളേയും ഒന്നിച്ചു വെടിവച്ചുകൊന്ന ഈ തോട്ടിലേക്കുറ്റുനോക്കിക്കൊണ്ട് എത്രയോ നേരം ആ കൂരാക്കൂരിരുട്ടത്ത് അവനവിടെത്തന്നെ മറഞ്ഞുനിന്നു. അതിപ്രധാനമായ എന്തോ ആലോചിക്കുകയായിരുന്നു, അവൻ-പറ്റിയ ഒരു പ്ളോട്ടു ചിന്തിക്കുന്ന ഒരു കാഥികനെന്നപോലെ !'

അധികം താമസിയാതെതന്നെ അവനതുകിട്ടി. ഉൽക്കടമായ ഒരുത്സാഹത്തോടെ, കയ്യിലിരുന്ന മരക്കൊമ്പ് തൂലികയാക്കി പിടിച്ചുക്കൊണ്ട് ഈ ഉണങ്ങാത്ത തിണ്ണയിൽ ഏറ്റവും വലിയ അക്ഷരത്തിൽ അവൻ എന്തോ എഴുതിത്തുടങ്ങി . ഈ പാലത്തിനു പേരിടുകയായിരുന്നു അവൻ.


'ആ എഴുത്തു മിക്കവാറും മുഴുമിക്കാറായി.'

'പെട്ടെന്ന് അകലെയെങ്ങോനിന്നു ഒരു വെടിയുണ്ട.'

തൂലിക പിടിച്ച് മരിച്ചുവീണ ഒരു പിഞ്ചു കലാകാരനെപ്പോലെ അവൻ ഈ തിണ്ണയിൽ കമിഴ്ന്നടിച്ചു വീണു. അവന്റെ ചുടുചോര ഒഴുകി ഈ തിണ്ണയിൽ ഒരു ചുവന്ന ഇന്ത്യയുടെ ചിത്രം തന്നെയുണ്ടായി. അവനെഴുതിയ അക്ഷരങ്ങൾ ആ ഇന്ത്യയുടെ നടുവിൽ തെളിഞ്ഞുമിന്നി, ഇതാ മുഴുവിക്കാത്ത ചുവന്ന വാക്ക്.

അദ്ദേഹം എഴുന്നേറ്റ് ആ തിണ്ണയുടെ പുറകിലേക്കു കൈ ചൂണ്ടിക്കാണിച്ചു. ആ സിമന്റുവിരിച്ച തിണ്ണയിൽ ഏറ്റവും വലിയ അക്ഷരത്തിൽ ആ നാലാംക്ലാസ്സുകാരന്റെ കലാവൈഭവം ഇങ്ങനെ പതിഞ്ഞു കിടക്കുന്നുണ്ടായിരുന്നു.

**'രക്തസാക്ഷിക്കലു..................'**



# സഞ്ജീവനി

## ആയുർവേദിക്സ്

കൂരട, ഫോൺ : 686707

### പാരമ്പര്യ നാഡീമർമ്മ ചികിത്സാ വിദഗ്ദ്ധൻ

### വൈദ്യർ നാണുനായർ കാട്ടകാമ്പാൽ

ഏതുവിധരോഗവും രോഗം അറിഞ്ഞ് ചികിത്സിക്കുവാൻ ആയുർവേദചികാത്സാവിദഗ്ദ്ധനായ നാണുവൈദ്യരുടെ സേവനം എല്ലാ ബുധനാഴ്ചയും രാവിലെ 10.30 മുതൽ വൈകുന്നേരം 4 മണി വരെ കൂരട സഞ്ജീനി ആയുർവേദിക്സിൽ ഉണ്ടായിരിക്കുന്നതാണ്.

താളിയോലകളിൽ കുറിക്കപ്പെട്ട വൈദ്യവിധികളുടെ ശ്രേഷ്ഠമായ പരമ്പരാഗത ധന്യൻ അഷ്ടാംഗ സഹസ്രാദി വിധികളെ ഉള്ളുനിറയെ ഉൾക്കൊണ്ട് ചികിത്സ നിശ്ചയിക്കുന്ന പണ്ഡിതൻ, നാഡി മർമ്മ വ്യൂഹങ്ങൾക്കുണ്ടാകുന്ന ക്ഷതങ്ങളും പ്രശ്നങ്ങളും കണ്ടെത്തി വിധിപ്രകാരം ചികിത്സ നിർദ്ദേശിക്കുന്ന മർമ്മയോഗി. ഉളുക്ക്, മിന്നൽ, ചതവ്, കടച്ചിൽ എന്നിവയ്ക്ക് ഉഴിച്ചിൽ, കിഴി, ധാര എന്നീ ചികിത്സാവിധികളിൽ അതിനിപുണൻ. എല്ലാവിധ വീഴ്ചയുടേയും ഫലമായിട്ടുള്ള വേദനകൾ, ശ്വാസംമുട്ടൽ, ഭംഗം, ക്ഷതകാസം, ക്ഷയം, നാഡിപിഴ, തളർച്ച, തണ്ടെൽ വേദന, വിട്ടുമാറാത്ത തലവേദന, വാതം, രക്തവാതം, അതിസാഫല്യം (ദേഹം സാമാന്യത്തിൽ അധികം തഴച്ച് വളരൽ), അപബാഹു (കപ്പായ്ക സംബന്ധിച്ച വാതരോഗം കൊണ്ട് കൈ ഉയർത്താനും വേണ്ട വിധം പ്രവർത്തിപ്പിക്കുവാനും സാധിക്കാതെ വരുക), കിഡ്നി സംബന്ധമായ രോഗങ്ങൾ, ഡിസ്ക് പ്രോബ്ലം, വീഴ്ചയിൽ വരുന്ന പലവിധ അസുഖങ്ങൾ എന്നിവയ്ക്കും ചികിത്സ നിർദ്ദേശിക്കുന്നു. കൂടാതെ എല്ലാവിധ മുഖരോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, മൂലക്കുരു, രക്തഅർശ്ശസ്, ഉന്മാദം എന്നീ മഹാവ്യാധികൾക്കും ഫലപ്രദമായ ഒറ്റമൂലി ചികിത്സയും ലഭ്യമാണ്.

വൈദ്യർ നാണുനായർ,
പുറയത്ത് ഹൗസ്
പി.ഒ. കാട്ടകാമ്പാൽ,
അമ്പലക്കടവ്, രാമപുരം
കുന്നംകുളം റോഡ്, തൃശ്ശൂർ
പിൻ 680 544
ഫോൺ : 0488575385

ബുധൻ ഒഴികെയുള്ള എല്ലാ ദിവസവും
10 മണി മുതൽ 2 മണി വരെ
എരമംഗലം നാക്കോല നാഡിമർമ്മ
ചികിത്സാലയത്തിൽ രോഗികളെ പരിശോധിക്കുന്നു.



916 പ്യൂരിറ്റി ആഭരണങ്ങളുടെ വിശ്വസ്ത സ്ഥാപനം

# മുഗൾ ജ്വല്ലറി

N.H., തൃപ്രയാർ, ഫോൺ 393827

ഇപ്പോൾ തൃപ്രയാർ ജംഗ്ഷന് വടക്കു
ഭാഗത്തേക്ക് മാറ്റിയിരിക്കുന്നു

(ഞങ്ങൾക്ക് മറ്റ് ബ്രാഞ്ചുകളില്ല)

PROP : ABDUL ASEES. P.A.

# ഡി.എം. പൊറ്റേക്കാട്

**എം.എസ്.ദേവദാസ്**

എന്റെ പ്രിയപ്പെട്ട സഖാവും സ്നേഹിതനുമായിരുന്ന ഡി.എം. പൊറ്റെക്കാടിന്റെ അകാല ചരമ വാർത്ത ഞെട്ടലോടെയാണ് ഞാൻ പത്രങ്ങളിൽ വായിച്ചത്.

കേരളത്തിലെ നിന്ദിതരും പീഡിതരുമായ ജനവിഭാഗങ്ങളുടെ വിയർപ്പിലും കണ്ണീരിലും രക്തത്തിലും മുക്കിയെടുത്ത തൂലിക കൊണ്ട് വിപ്ലവ വീര്യം തുളുമ്പുന്ന ഒട്ടനവധി ചെറുകഥകൾ 1946–47 മുതൽ 1951–52 വരെയുള്ള കാലത്ത് അദ്ദേഹം മലയാള സാഹിത്യത്തിന് സംഭാവന ചെയ്തിട്ടുണ്ട്. 'പുലിരാമൻ', 'രക്തസാക്ഷിക്കല്ലു....', 'ഏഴു ദിവസങ്ങൾ' മുതലായ അദ്ദേഹത്തിന്റെ കൃതികൾ യഥാർത്ഥത്തിൽ അക്കാലത്തു നമ്മുടെ നാട്ടിൽ അലതല്ലിയിരുന്ന വിപ്ലവപരമായ തൊഴിലാളി കർഷക സമരങ്ങളുടെ മാനുഷിക ഭാവങ്ങൾക്ക് മനോഹരമായ രൂപം നൽകി. കുറച്ചുകാലം 'ദേശാഭിമാനി' പത്രത്തിന്റെ സ്റ്റാഫിൽ തന്നെ പ്രവർത്തിച്ചിരുന്നു. പലപ്പോഴും സമരരംഗങ്ങൾ സന്ദർശിച്ചും അദ്ദേഹം ഒന്നാന്തരം റിപ്പോർട്ടുകൾ അയച്ചിരുന്നു.

> സർവ്വോപരി, അദ്ദേഹം സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കഴിവുള്ള ഒരു ഹൃദയത്തിന്റെ ഉടമസ്ഥനായിരുന്നു. ഇത് അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ള ഏവർക്കും അറിയാവുന്നതാണ്. അങ്ങിനെ അറിഞ്ഞിട്ടുള്ളവരാരും അദ്ദേഹത്തിന്റെ അകാലനിര്യാണത്തിൽ ദുഃഖിക്കാതിരിക്കില്ല. ഡി.എം. പൊറ്റെക്കാടിന്റെ സ്മരണക്കായി ഈ ദുഃഖാവസരത്തിൽ നമുക്ക് ചെങ്കൊടി താഴ്ത്താം.


ഡി.എം. പൊറ്റെക്കാടിന്റെ പിന്നീടുള്ള ജീവിതത്തെക്കുറിച്ചോ, അദ്ദേഹം സംവിധാനം ചെയ്ത സിനിമാപടങ്ങളെ കുറിച്ചോ ഞാനീ സന്ദർഭത്തിൽ ഒന്നും പറയുന്നില്ല. കാരണം അതിനെപ്പറ്റി എനിക്ക് വേണ്ടത്ര വിവരമില്ല. എന്നാൽ അവസാനം വരെ അദ്ദേഹം വിപ്ലവപ്രസ്ഥാനത്തോട് കൂറ് പുലർത്തിയിട്ടുണ്ട്. ചിന്ത വാരിക കോഴിക്കോട്ട് നിന്നും പ്രസിദ്ധീകരിച്ചിരുന്ന കാലത്ത് ചിലപ്പോൾ അതിലദ്ദേഹം എഴുതിയിട്ടുണ്ട്.

സർവ്വോപരി, അദ്ദേഹം സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കഴിവുള്ള ഒരു ഹൃദയത്തിന്റെ ഉടമസ്ഥനായിരുന്നു. ഇത് അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ള ഏവർക്കും അറിയാവുന്നതാണ്. അങ്ങിനെ അറിഞ്ഞിട്ടുള്ളവരാരും അദ്ദേഹത്തിന്റെ അകാലനിര്യാണത്തിൽ ദുഃഖിക്കാതിരിക്കില്ല.

ഡി.എം. പെറ്റെക്കാടിന്റെ സ്മരണക്കായി ഈ ദുഃഖാവ സരത്തിൽ നമുക്ക് ചെങ്കൊടി താഴ്ത്താം.

**സുഹൃത്തേ, സഖാവേ,**
**സഖാവിന് എന്റെ സ്നേഹാഞ്ജലി !**
**ഞങ്ങളുടെ വിപ്ലവാഭിവാദനങ്ങൾ !**

15-11-71

കവിത

# ഡി. എമ്മിന്റെ ഓർമ്മക്ക്

ഒ. ദിവാകരൻ

ഒരു ചെമ്പനീർപ്പൂ
വിരിയുന്ന പോലെയെൻ-
മനസ്സിലെപ്പൊഴും
വിരിയുന്നു നിൻ മുഖം.

എന്റെ ഓർമ്മതൻ
തീര ഭൂമിയിൽ നീയൊരു-
ചെങ്കൊടിയുമായി
നടക്കയാണിപ്പോഴും. !

നിന്റെ പ്രേമ കഥ കേട്ട്
ഉണർന്നൂ മണപ്പുറം-
നിൻ സർഗ്ഗസംഗീത
മേറ്റു പാടുന്നിതാ.

ഓരോ മണൽ
ത്തരികളുമിന്നു നി-
ന്നോർമ്മയിൽ കോരി
ത്തരിച്ചു നിന്നീടവെ.........

മാനത്തു പൊന്നരി
വാളുമായമ്പിളി-
പുന്നെൽക്കതിർ കൊയ്തു
തളർന്നു നിൽക്കെ,

നീ വരുന്നു
പുതിയൊരുഷസ്സിന്റെ-
പൂവിരിയുന്നതും
നോക്കി, നോക്കി. !



ഈയനന്ത
വിശാലമാം വാനിലെ-
ജാലകത്തിര-
ശ്ശീല മാറ്റി ഞാൻ.

നിൽക്കയാണ്
നിനക്കു സ്വാഗതം-
പ്രിയസഖാവെ
പോരു, പോരു നീ. !

ദൂരെ ദൂരെ
അറബിക്കടലിതാ-
ചങ്കു പൊട്ടി
ക്കരഞ്ഞു പാടുന്നു.....
ഇങ്കലാബു വിളിച്ചു
പടയണി,
ഒഴുകിയൊഴുകി
നീങ്ങുന്നു നിത്യവും.

ഇന്നലെയീ ഭൂമിയിലിത്തിരി
മണ്ണിനായി മരിച്ച മനുജന്റെ-
കണ്ണുനീർതുടച്ചീടുവാൻ
നിൻ കരമെന്നുമെന്നു-
മുയർന്നതുകണ്ടു ഞാൻ. !

ചക്രവാളം തുടുത്തു ചുവക്കുന്നു
പ്രിയസഖാവെ നിനക്കഭിവാദനം!-
അങ്ങുദൂരെ കിഴക്കു കിഴക്കതാ,
നിന്റെ ചുവന്നസ്വപ്നങ്ങൾ
പൂത്തുവിരിയുന്നു. !!



**ഡി.എം റഷ്യയിൽ** (കറുത്ത സ്യൂട്ടിട്ടത്)



# സ : ഡി.എം പൊറ്റേക്കാട്ട്

## അക്ഷരത്തിലെ അഗ്നി കണ്ടെത്തിയ കഥാകൃത്ത്

ഒ. മാധവൻ

ഒരു ചെറുപ്പക്കാരൻ കുറച്ചു ദിവസം കൊല്ലത്ത് താമസിക്കാൻ വരുന്നുണ്ട്. ചെറുകഥാകൃത്താണ്. ആ സഖാവിന് ചെയ്യാവുന്ന സഹായങ്ങൾ ചെയ്തു കൊടുക്കണം. കൊല്ലത്ത് വിദ്യാർത്ഥി ഫെഡറേഷൻ പ്രവർത്തനങ്ങളുടെ ചുമതലക്കാരനായി കഴിയുന്ന എനിക്ക് രാവിലെ കിട്ടിയ ഒരു രഹസ്യ സന്ദേശമാണിത്. തിരുവനന്തപുരത്തു നിന്നു പ്രസിദ്ധീകരിക്കുന്ന 'പ്രകാശം' എന്ന മാസികയിൽ ചെറുകഥ എഴുതുന്ന ആളാണ് വരുന്നതെന്നും അറിവുകിട്ടി. പ്രകാശം മാസിക ഞങ്ങൾ വരുത്തി വിതരണം നടത്തുന്ന കാലമാണ്. കമ്മ്യൂണിസ്റ്റ് പത്രങ്ങൾ അന്ന് കുറവാണല്ലോ. ഉള്ളവ നിരോധിച്ചിരുക്കുകയുമാണ്. ആ സ്ഥിതിക്കു പുരോഗ മനസ്വഭാവമുള്ള പ്രസിദ്ധീകരണങ്ങൾ എവിടെ നിന്നിറങ്ങിയാലും അതിനെ പ്രോത്സാഹിപ്പി ക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റ് വിദ്യാർത്ഥികളായ ഞങ്ങൾ താത്പര്യം കാണിക്കുമായിരുന്നു. എ ന്നാൽ പ്രകാശം മാസിക അങ്ങിനെ ആയിരുന്നില്ല. സത്യത്തിൽ അതു ഒരു ഒഴിവു പ്രസിദ്ധീകരണമായിരുന്നു. പേരെടുത്ത കമ്മ്യൂണിസ്റ്റ് പ്രവർത്തകനായിരുന്ന കുത്തിയതോടു പി. വി. കുമാരൻ എന്ന യുവവിപ്ലവകാരി തറവാട്ടിൽ നിന്നും കുറേ പണവുമായി തിരുവനന്തപുരത്തു വന്നു ആർക്കും സംശയം തോന്നാത്ത വിധത്തിൽ ഒരു പ്രസിദ്ധീകരണം ആരംഭിക്കുകയായിരുന്നു. പ്രമാണികളായ പുരോഗമന സാഹിത്യകാരന്മാരുടെ ലേഖനങ്ങളും കഥകളും കവിതകളുമൊക്കെയായിട്ടായിരുന്നു തുടക്കം. ക്രമേണ കമ്മ്യൂണിസ്റ്റുകാരുടെ തൂലിക 'പ്രകാശ' ത്തിൽ കൂടി ചലിക്കാൻ തുടങ്ങി. കമ്മ്യൂണിസ്റ്റുകാർ എന്നു പറയുന്നവർ അന്നു പരസ്യമായി ജീവിക്കുന്ന കമ്മ്യൂണിസ്റ്റ് നേതാക്കളായിരുന്നില്ല. നല്ല ഒരു പങ്ക് ജയിലിലാണ്. മറ്റുള്ളവർ ഒളിവിലും. ഒളിവിൽ കഴിയുന്നവരാണ് മാസികക്കു വേണ്ടി ലേഖനങ്ങളും കഥകളുമൊക്കെ എഴുതി രഹസ്യമായി പത്രമാഫീസിൽ എത്തിക്കുന്നത്.

'പ്രകാശ'ത്തിലെ കഥയെഴുത്തുകാരിൽ ഒരാൾ വിദ്യാർത്ഥികളായ ഞങ്ങളുടെ ഹരമായി മാറിക്കഴിഞ്ഞിരുന്നു. മാസികയിൽ അദ്ദേഹത്തിന്റെ കഥയുണ്ടെന്നു കണ്ടാൽ ആദ്യം വായിക്കുന്നതതാണ്. ചോര തിളക്കുന്ന സംഭവങ്ങൾ ! മൂർച്ചയുള്ള ഭാഷ, രോമകൂപങ്ങൾ എഴുന്നുയരുന്ന വിപ്ലവസന്ദേശങ്ങൾ! കഥാകൃത്തിന്റെ പേര് കൊടുത്തിരുന്നത് ഡി.എം. പൊറ്റെക്കാട്ട് എന്നാണ്. ഞങ്ങൾ പരസ്പരം കാണാതെ തന്നെ മിത്രങ്ങളായി, സഖാക്കളായി. സഖാവ് ഡി. എം. പൊറ്റെക്കാട്ടിന്റെ ആരാധകരായി മാറിക്കഴിഞ്ഞു. ഞങ്ങളുടെ പക്കലാണ് ഉപരിഘടകത്തിൽ നിന്നും മേൽപറഞ്ഞ സന്ദേശം ലഭിച്ചത്. പെട്ടെന്നൊരു മോഹം, ഇത് ഡി. എം. പൊറ്റെക്കാട്ടായിരുന്നുവെങ്കിൽ, പിന്നെ വിചാരിച്ചു, എല്ലാ മോഹങ്ങളും നടക്കണമെന്നില്ലല്ലോ. മാസികയിൽ എത്രയോ പേര് എഴുതുന്നു. ശരി ആള് വരട്ടെ ! ഞങ്ങൾ ചില്ലറ കരുതലുകളൊക്കെ ഏർപ്പാടുകളൊക്കെ ചെയ്ത് കാത്തിരുന്നു. ഉച്ചസമയത്ത് എന്റെ മുന്നിൽ ആളെത്തി. മെലിഞ്ഞ ഒരു ചെറുപ്പക്കാരൻ. കറുത്ത കരയുള്ള വേഷ്ടിയും അരക്കയ്യൻ ഷർട്ടുമാണ് വേഷം. കണ്ടാൽ ഒരു സാധാരണ വിദ്യാർത്ഥി. മുഖത്ത് ഗൗരവഭാവം, ചുരുണ്ട മുടി, പറ്റെ മുറിച്ചിട്ടുണ്ട്, തിളക്കമുള്ള കണ്ണുകൾ, അല്പം നീണ്ടു വളഞ്ഞ മൂക്ക്, ചെറുതായി ഒട്ടിയ കവിളുകൾ. എന്നെ കാണാൻ വന്ന ആളല്ലേ ഞാൻ ചിരിച്ചു. മറുചിരി ഇല്ല. ഞാൻ തിരക്കി. 'പ്രകാശം' മാസിക പൂർത്തിയാക്കുന്നതിന്നു മുമ്പു തന്നെ ഇങ്ങോട്ടു വാക്കുകൾ വന്നു. 'അതെ ! അതെ ! ഞാൻ ഡി.എം. പൊ റ്റെക്കാട്ട്. ഒളിവിലാണ്. ഇവിടെ അന്യരാരുമില്ലല്ലോ?' ' ഇല്ല' 'വൈദ്യൻ കല്പിച്ചതും രോഗി ഇച്ഛിച്ചതും പാൽ' എന്ന സംതൃപ്തിയിൽ ഞാനൊരു നിമിഷം ആനന്ദിച്ചു. മുഷ്ടി ചുരുട്ടി അഭിവാദ്യം ചെയ്തു. ഉടൻ തന്നെ സ: രവീന്ദ്രന്റെ താവളത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി, ഭക്ഷണം കഴിക്കാൻ. ഇത്തരം സന്ദർഭങ്ങളിൽ അവിടെയാണ് ഭക്ഷണം ലഭിക്കുന്നത്. സ: രവീന്ദ്രൻ എം. എ പരീക്ഷ കഴിഞ്ഞു നില്ക്കുന്നു. അമ്മ നടത്തുന്ന ഹോട്ടലിന്റെ പള്ളഭാഗത്തുള്ള ഒരു ചെറിയ മുറിയാണ് സ: രവിയുടെ സ്വകാര്യ രഹസ്യ വിഹാരകേന്ദ്രം.



"നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന നാടകത്തിൽ നിന്ന്

സ: രവി പാർട്ടിപ്രവർത്തകനാണെന്ന് അമ്മയ്ക്ക് പോലും അറിയില്ലെങ്കിലും മകനെ കാണാൻ വരുന്ന സുഹൃത്തുക്കളുടെ വിശപ്പ് മനസ്സിലാക്കാനുള്ള പരഹൃദയപഠനം അവർക്കുണ്ട്. ഉടൻ ഇലയും ചോറും റെഡി. വിലയ്ക്കല്ല, ഫ്രീ.

ഭക്ഷണത്തിനു ശേഷം കുറച്ചു സമയം സംസാരിച്ച ശേഷം രവിയുടെ കസ്റ്റഡിയിൽ ഡി.എം. മുങ്ങി. കുറച്ചു ദിവസം ഞങ്ങൾ കണ്ടും കാണാതെയും കൊല്ലം പട്ടണത്തിൽ കഴിഞ്ഞു. രാഷ്ട്രീയ കാര്യങ്ങൾ സംസാരിക്കുമ്പോൾ സെക്റ്ററിയനായി മാറുന്ന പ്രകൃതക്കാരനായിരുന്നു സ: ഡി.എം. പൊറ്റെക്കാട്ട്. ഒരിക്കൽ സർദാർ ഗോപാലകൃഷ്ണനെ പറ്റി കഥയെഴുതി. ആ വിവരം സംസാരിക്കുന്നതിനിടയിൽ രണ്ടുമൂന്നു പ്രാവശ്യം അപസ്മാരരോഗിയെ പോലെയുള്ള അസ്വസ്ഥത പ്രകടിപ്പിച്ചു. അദ്ദേഹം പറഞ്ഞ വാക്കുകൾ ഇന്നും ഞാനോർക്കുന്നു. സർദാർ നാട്ടികയുടെ അഭിമാനസ്തംഭമായിരുന്നു. വേട്ടനായ്ക്കൾ അദ്ദേഹത്തെ കടിച്ചുകീറി കൊന്നു. അവരുടെ സ്വാതന്ത്ര്യദിനാഘോഷം ശുദ്ധചതിയല്ലേ.ജനങ്ങൾ പ്രതിഷേധിച്ചു. നിരോധനം പുല്ലാക്കിക്കൊണ്ട് സർദാർ പ്രതിഷേധജാഥയ്ക്കു നേതൃത്വം നല്കി. നാടിനു വേണ്ടി ധീരരക്തസാക്ഷിയായി എന്റെ പ്രിയപ്പെട്ട സർദാർ ഗോപാലകൃഷ്ണൻ.

'പോലീസ് മർദ്ദനത്തിന്റെ കഥകളെഴുതാൻ നമുക്കു കഥാകൃത്തുക്കൾ മതിയാവുന്നില്ല. ഒരു ഡി.എം പൊറ്റേക്കാടോ ഒരു പൊൻകുന്നം ദാമോദരനോ എഴുതിയാൽ തീരുന്നതല്ല നമ്മുടെ നാട്ടിൽ നിത്യമെന്നോണം നടക്കുന്ന ക്രൂരമായ നരഹത്യകളുടെ ചരിത്രം' എന്നത്രേ സഖാവ് ഡി. എംന്റെ പ്രധാന ആവലാതി. സാധാരണ ഒളിവുജീവിതക്കാരെപ്പോലെ ഒരു ദിവസം ഞങ്ങൾ പോലുമറിയാതെ സഖാവ് കൊല്ലത്തുനിന്നും മാറിമറഞ്ഞു.

കുറേ നാളുകൾക്കുശേഷം പാർട്ടിയുടെ നിരോധനം മാറിയശേഷം വീണ്ടും ഞങ്ങൾ കണ്ടുമുട്ടി. പക്ഷേ തീഷ്ണമായ തന്റെ വാദമുഖങ്ങൾക്കൊന്നും ഒരു മാറ്റവും അന്നും സംഭവിച്ചു കണ്ടില്ല. ഞാൻ അന്ന് നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി നാടകത്തിന്റെ റിഹേഴ്സൽ നടത്തിക്കൊണ്ടിരിക്കുന്ന സമയം. ഞങ്ങൾ കൊല്ലത്ത് വച്ച് ഏറെനേരം സംസാരിച്ചു. നാടകത്തിന്റെ കഥയും നടീനടന്മാരുടെ വിവരവും അറിഞ്ഞപ്പോൾ അദ്ദേഹം വളരെയേറെ സന്തോഷിച്ചു. ഗാനരചന ഒ.എൻ.വിയാണെന്നറിഞ്ഞപ്പോൾ നാടകം ഒന്നു കാണണമെന്നാഗ്രഹം പ്രകടിപ്പിച്ചു. ഞാൻ അതിനവസരമുണ്ടാക്കാമെന്നുറപ്പുകൊടുത്തു. അങ്ങിനെ ആ നാടകം ചവറയിൽവെച്ച് സ:ഡി.എം പൊറ്റേ ക്കാടാണ് ഉൽഘാടനം ചെയ്തത്. മലയാള നാടകവേദിക്കു ഒരു പുതിയ വഴിത്തിരിവുണ്ടാക്കിയ ആ ഭദ്രദീപം കൊളുത്തിയത് സ:ഡി.എം പൊറ്റേക്കാടിന്റെ അനുഗ്രഹീത കരങ്ങളാണെന്നുള്ളത് തിളക്കമുള്ള ഒരു ചരിത്ര സ്മരണയാണ്.

സ:ഡി.എം പൊറ്റേക്കാട് മലയാളസാഹിത്യത്തിൽ അർഹിക്കുന്നവിധം പരിഗണിക്കപ്പെട്ടില്ലന്നുള്ളത് മറ്റൊരു ചരിത്രസത്യം.

# ഡി.എം. പൊറ്റെക്കാട്

## കൊച്ചനുജപിഷാരോടി

സഖാവ് ഡി.എം.പൊറ്റെക്കാടിന്റെ ചരമദിനം വീണ്ടും സമാഗതമാകുന്നു. ഒരു കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻ, ഒരു കമ്മ്യൂണിസ്റ്റ് പത്രപ്രവർത്തകൻ, ഈ രണ്ടുനിലക്കും കേരളത്തിലെ വിപ്ലവപ്രസ്ഥാനത്തിന് സഖാവ് പൊറ്റെക്കാട് നൽകിയ സംഭാവന മറക്കത്തക്കതല്ല. സഖാവിന്റെ ചെറുകഥകൾ കൊടിയ മർദ്ദനങ്ങളെ ചെറുത്തുനിൽക്കുന്ന കഥാപാത്രങ്ങളെകൊണ്ട് മിഴിവുറ്റതായിരുന്നു. മർദ്ദകരോടുള്ള തീരാപ്പക ആ കഥകൾ വായിക്കുന്നവരുടെ ഹൃദയത്തിലേക്ക് ആണ്ടിറങ്ങുന്നു.

സ:ഡി.എമ്മിനെ – ആ പേരിലാണ് ഡി.എം. പൊറ്റെക്കാടിനെ എല്ലാവരും വിളിച്ചിരുന്നത്. സിലോണിൽ നിന്നും സ: എ.കെ.ജി. ദേശാഭിമാനിയിലേക്ക് കൊണ്ടുവന്നതിൽ പിന്നീട് ആ പേന ഏതു പരീക്ഷണ ഘട്ടങ്ങളേയും അതിജീവിക്കാനുള്ള കരുത്തും ആത്മവിശ്വാസവും സഖാക്കൾക്ക് പകർന്നു കൊടുത്തു. ഒരു പരീക്ഷണഘട്ടം ആസന്നമായ സമയത്ത് തൂലിക പടവാളാക്കി മാറ്റിക്കൊണ്ട് ദേശാഭിമാനിയുടെ മിക്ക ലക്കങ്ങളിലും ഡി.എമ്മിന്റെ ലേഖനമോ ചെറുകഥയോ വരാറുണ്ടായിരുന്നു.

സ:ഡി.എമ്മിനെ – ആ പേരിലാണ് ഡി.എം. പൊറ്റെക്കാടിനെ എല്ലാവരും വിളിച്ചിരുന്നത്. സിലോണിൽ നിന്നും സ: എ.കെ.ജി. ദേശാഭിമാനിയിലേക്ക് കൊണ്ടുവന്നതിൽ പിന്നീട് ആ പേന ഏതു പരീക്ഷണഘട്ടങ്ങളേയും അതിജീവിക്കാനുള്ള കരുത്തും ആത്മവിശ്വാസവും സഖാക്കൾക്ക് പകർന്നുകൊടുത്തു. ഒരു പരീക്ഷണഘട്ടം ആസന്നമായ സമയത്ത് തൂലിക പടവാളാക്കി മാറ്റിക്കൊണ്ട് ദേശാഭിമാനിയുടെ മിക്ക ലക്കങ്ങളിലും ഡി.എമ്മിന്റെ ലേഖനമോ ചെറുകഥയോ വരാറുണ്ടായിരുന്നു. 1948 കാലഘട്ടം ആർക്കും മറക്കാനാവില്ല. വീടുകയറികൊണ്ടുള്ള കാട്ടാളമർദ്ദനം നടമാടുമ്പോൾ എം.എസ്.പിയെ ചെറുത്തുനിന്നു പോരാടുന്ന കഥാപാത്രങ്ങളും ചൂടാറാത്ത വാർത്തക്കു തുല്യം ദേശാഭിമാനി വായനക്കാരെ ആവേശഭരിതരാക്കിയിരുന്നു.

സ:ഡി.എം.പൊറ്റെക്കാടിന്റെ ചില ചെറുകഥകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത നിരവധി ചെറുകഥകൾ വേറേയും ഉണ്ട്. അതൊക്കെ സമാഹരിച്ച് തിരഞ്ഞെടുത്ത കഥകൾ എന്ന നിലക്ക് അവ പ്രസിദ്ധീകരിക്കുകയാണെങ്കിൽ വിപ്ലവസാഹിത്യ പ്രസ്ഥാനത്തിന് അതൊരു മുതൽക്കൂട്ടാകുമായിരുന്നു.

1948–ൽ ഞാൻ ഡി.എമ്മിനെ പരിചയപ്പെട്ടു. ദേശാഭിമാനിയുടെ നിരോധനത്തിനുശേഷം തൃശൂരിൽ നിന്നും റിപ്പബ്ലിക് ആരംഭിച്ച ഘട്ടത്തിലാണ് പരിചയപ്പെട്ടത്. ഡി.എം. ഒളിവിലായിരുന്നു.

### സിനിമാരംഗത്തേക്ക്

1957–ൽ സിനി കേരളയുടെ ബാനറിൽ ഒരു സിനിമാനിർമ്മാതാവോ സംവിധായകനോ ഒക്കെയായി നമ്മുടെ ഡി.എം. കൊല്ലത്തും മറ്റുമായി പ്രവർത്തനം കേന്ദ്രീകരിച്ചു. സിനിമാ നിർമ്മാണത്തിലേക്കായി ഒരു മാന്യവ്യക്തിയെകൊണ്ട് പതിനായിരത്തോളം ഉറുപ്പിക ചിലവഴിപ്പിച്ചു. എന്നാൽ അവിചാരിതമായി സിനി കേരളയുടെ പ്രവർത്തനം സ്തംഭിച്ചു. ഇത് ഡി.എമ്മിനെ വല്ലാതെ ഉലച്ചു. അന്നത്തെ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്റ്റേറ്റ് കമ്മറ്റി സെക്രട്ടറി സ: എം. എൻ. ഗോവിന്ദൻനായരുടെ അനുഗ്രഹാശിസ്സുകളോടെ പാർട്ടിയുടെ തന്നെ നേതൃത്വത്തിൽ രൂപീകരിച്ച സിനി കേരളയുടെ സ്തംഭനം നീക്കി പ്രവർത്തനം ശക്തിപ്പെടുത്താനായി സ:ഡി.എം സ: എം. എൻനെ കാണുവാൻ തിരുവനന്തപുരത്തു വന്നു. അന്നു ഞാൻ പ്രഭാത് ബുക്ക് ഹൗസ് മാനേജരായി തിരുവനന്തപുരത്ത് പ്രവർത്തിക്കുകയായിരുന്നു. സ: എം.എനിൽ നിന്നും ഡി.എം. ഉദ്ദേശിച്ച പ്രതികരണമല്ല ഉണ്ടായത്. മാത്രമല്ല, സിനിമാരംഗത്തെ പ്രവർത്തനം മതിയാക്കി സാഹിത്യ- പത്രരംഗത്ത് പ്രവർത്തിക്കാൻ എം.എൻ. ഡി.എമ്മിനെ ഉപദേശിച്ചു.

### ഉഗ്രപ്രതിജ്ഞ

ഒരാളിൽ നിന്ന് വാങ്ങിയ ഉറുപ്പിക തിരികെ കൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എം.എൻ ന്റെ ഉപദേശം സ്വീകരിക്കാൻ ഡി.എം. തയ്യാറാകുമായി

രുന്നു. 'ഇനി ഒരു സിനിമയെങ്കിലും സിനി കേരളയുടെ ബാനറിൽ പുറത്തിറക്കാതെ കേരളത്തിൽ കാലുകുത്തുകയില്ല' എന്ന് ഡി.എം. പ്രതിജ്ഞ ചെയ്തു.

ഡി.എമ്മിനെ പിന്തിരിപ്പിക്കാൻ ഞാൻ കുറച്ചു നേരം ഒരു വൃഥാശ്രമം നടത്തി. ഫലിച്ചില്ല. അന്നു തന്നെ സ: ഡി.എം. പൊറ്റെക്കാട് കേരളത്തോടു വിട വാങ്ങി മദ്രാസിലേക്ക് പോയി.

തന്റെ പ്രതിജ്ഞ നിറവേറ്റുന്നതിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഡി.എം. മദ്രാസിൽ അലഞ്ഞുതിരിഞ്ഞു. ജീവിതത്തിലെ കയ്പേറിയ പല അനുഭവങ്ങളും ആ സഖാവിന് മദ്രാസിൽ വെച്ച് ആസ്വദിക്കേണ്ടി വന്നു. ഞാൻ മദ്രാസിൽ വെച്ചും പല തവണ ഡി.എമ്മിനെ കാണുകയുണ്ടായി. തിരുവനന്തപുരത്തുവെച്ചു ചെയ്ത ആ പ്രതിജ്ഞ മദ്രാസിൽ വെച്ചും ആവർത്തിച്ചു. അപ്പോഴും പാർട്ടിയോടുള്ള സഖാവിന്റെ കൂറിന് യാതൊരു ഭംഗവും നേരിട്ടിരുന്നില്ല.

ഒരു ദിവസം ഡി.എം.പറഞ്ഞു: 'ഞാൻ കേരളത്തിലേക്ക് വരാറായി. രമണൻ ഉടനെ പുറത്തിറങ്ങും.' ഒരു സിനിമ പുറത്തിറക്കാൻ വേണ്ടി ഡി.എം. പെട്ട പാടിനെപ്പറ്റി ഞാൻ വളരെ അധികം കേൾക്കുകയുണ്ടായി. ആരുടെയെല്ലാം കാലുപിടിച്ച് എങ്ങിനെയാണ് ഡി.എമ്മിന്റെ ആദ്യചിത്രം 'രമണൻ' പുറത്തിറക്കിയതെന്ന് പറയാനാകാത്ത വിധം സംഭവബഹുലമായിരുന്നു. എങ്കിലും പ്രതിജ്ഞ നിറവേറ്റിയിട്ടേ ഡി.എം. കേരളത്തിൽ കാലെടുത്തുകുത്തിയുള്ളൂ. പിന്നീട് മ റ്റൊരു സിനിമ കൂടി ഡി.എം. ഇറക്കുകയുണ്ടായി. രണ്ടും പരാജയപ്പെട്ടു.

## സാഹിത്യസപര്യ അവസാനിച്ചു.

അതെന്തുമാകട്ടെ. കേരളം വിട്ടതോടെ ഡി.എം.പൊറ്റെക്കാടിന്റെ സാഹിത്യസപര്യയും അവസാനിച്ചു. പ്രസ്ഥാനത്തിൽ നിന്നും വേറിട്ടുനിന്നുകൊണ്ട് ഒരു വിപ്ലവകാരിയായ സാഹിത്യകാരന് ഒന്നും തന്നെ എഴുതാനാവില്ലെന്ന് സഖാവ് ഡി.എം ഒരു ഉദാഹരണമാണ്. എങ്കിലും ഡി.എം ന്റെ കമ്മ്യൂണിസ്റ്റ് ബോധം അപ്പോഴും ആ സഖാവിനെ വിട്ടിരുന്നില്ല. പാർട്ടി പിളർന്നപ്പോൾ സഖാവിന് മാർക്സിസ്റ്റ് പാർട്ടിയോടാണ് തന്റിക്കടുപ്പമെന്ന് പറയുകയുണ്ടായി.

പിന്നീട് ഞാൻ സ: ഡി.എമ്മിനെ അവസാനമായി കണ്ടത് എറണാകുളം ഡി.സി. ആഫീസിൽ വെച്ചായിരുന്നു. അന്ന് എ.കെ.ജിയും അവിടെ ഉണ്ടായിരുന്നു. എ.കെ.ജി. വിളിച്ചിട്ട് വന്നതാണെന്ന് സഖാവ് എന്നോട് പറയുകയുണ്ടായി. മിക്കവാറും അടുത്തുതന്നെ എറണാകുളത്തുവെച്ചു വീണ്ടും കാണാമെന്ന ആശ പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങൾ യാത്രപറഞ്ഞു പിരിഞ്ഞു. 'വന്ന കാര്യം ശരിപ്പെട്ടില്ല. മദ്രാസിലേക്ക് തന്നെ പോവുകയാണ്' എന്ന വിവരമാണ് ഡി.എമ്മിൽ നിന്ന് എനിക്ക് കിട്ടിയത്.

പല കുണ്ടാമണ്ടികളിലും സ:ഡി.എം ചെന്ന് ചാടിയിട്ടുണ്ടെങ്കിലും ഒരിക്കലും, ബൂർഷ്വാ ആശയങ്ങളുമായി പൊരുത്തപ്പെടാനോ കാശിനുവേണ്ടി ബൂർഷ്വാ പത്രങ്ങളെ ആശ്രയിക്കാനോ ആ സഖാവു പോയിട്ടില്ല. മാനസികമായും ശാരീരികമായും മദ്രാസിൽ ആ സഖാവ് തകർന്നു പോയി. എങ്കിലും അപ്പോഴെല്ലാം സഖാവ് പിടിവള്ളി വിടാതെ ഉറച്ചുനിന്നു. തകർന്ന മനസ്സും തകർന്ന ശരീരവുമായിട്ടാണ് ഡി. എം. പൊറ്റെക്കാട് മദ്രാസിൽ ജീവിച്ചത്.

ദേശാഭിമാനി 10-11-1975


### സർവ്വോ ടൂട്ടി ഓയിൽ

വള്ളങ്ങളുടെ എഞ്ചിനുകൾ
സുഗമമായി പ്രവർത്തിക്കുവാൻ
ഉപയോഗിക്കുക സർവ്വോ ടൂട്ടി
എഞ്ചിനോയിൽ. ഈ ഓയിൽ
ഉപയോഗിച്ചിട്ടുള്ള എഞ്ചിനുകൾക്ക് കേടുപാടുകൾ ഉണ്ടാവുന്നുവെങ്കിൽ മത്സ്യഫെഡും
സംഘവും പൂർണ്ണ ഉത്തരവാദിത്വം വഹിക്കുന്നു.

നാട്ടിക – ഏങ്ങണ്ടിയൂർ
മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണസംഘം
F(R) 18/ 87- c.z.
P.o നാട്ടിക, phone 391454

# 'ഹൂ ഈസ് ഹൂ' ൽ പതിയാഞ്ഞത്

**രേവതി**

തൃശ്ശൂർ പട്ടണത്തിൽ നിന്നും 25 കിലോമീറ്റർ പടിഞ്ഞാറുമാറി പൈനൂർ എന്നൊരു തീരദേശ ഗ്രാമത്തിൽ പൊറ്റെക്കാട്ടു വീട്ടിൽ മാമ എന്നയാളുടെ മകനായി ഡി.എം. പൊറ്റെക്കാട് 1925ൽ ജനിച്ചു. ദാമോദരൻ എന്നായിരുന്നു വീട്ടുകാരിട്ട പേര്. ദാമോദരൻ മാമ പൊറ്റെക്കാട് എന്നത് ചുരുങ്ങി ഡി.എം. പൊറ്റെക്കാടായി. പൈനൂർ പ്രൈമറി സ്കൂളിലും തൃപ്രയാർ ബോയ്സ് സ്കൂളിലും വിദ്യാഭ്യാസം നടത്തി. ഉപരിവിദ്യഭ്യാസം സിലോണിൽ പോയപ്പോൾ ഈവനിങ്ങ് കോളേജിൽ ചേർന്നാണ് പൂർത്തിയാക്കിയത്. ചില വർഷങ്ങൾ പട്ടാളസേവനം അനുഷ്ഠിക്കുകയുണ്ടായി. സിലോണിൽ വന്ന എ.കെ.ജി., ഡി.എമ്മിനെ പരിചയപ്പെടുകയും നാട്ടിൽ വന്ന് പ്രവർത്തിക്കാൻ നിർദ്ദേശിച്ച് കൂട്ടിക്കൊണ്ടു പോരുകയുമാണുണ്ടായത്. കുറച്ചുകാലം എ.കെ.ജി.യുടെ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. ദേശാഭിമാനിയുടെ പത്രാധിപസമിതിയിലും കുറേനാൾ അംഗമായിരുന്നു. ഒട്ടേറെ ചെറുകഥകളും, കുറച്ചു കവിതകളും, ഒരു നോവലും എഴുതിയ ഡി.എം 'കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന കെ.പി.എ.സി. നാടകം ചവറയിൽ വെച്ച് ഉത്ഘാടനം ചെയ്തത് ഡി.എം. പൊറ്റെക്കാടായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലും സജീവമായി പ്രവർത്തിച്ചിരുന്നു. ചങ്ങമ്പുഴയുടെ 'രമണൻ', 'കളിത്തോഴി' എന്നീ കൃതികൾ അഭ്രപാളികളിലേക്ക് പകർത്തിയത് ഡി.എം. പോറ്റേക്കാടായിരുന്നു. 1971 നവംബർ പതിനൊന്നിന് മദിരാശിയിലെ സ്റ്റാൻലി മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെച്ച് 46-ാമത്തെ വയസ്സിൽ നിര്യാതനായി. അവിവാഹിതനായിരുന്നു ഡി.എം. പൊറ്റെക്കാട്.

# ഡി.എം. നിങ്ങളെവിടെ ?

## വിജയരാജ്

**പൊ**ന്നുരുന്തിയിലെ വെളുത്തപൂഴി വെട്ടിമാറ്റി തേക്കിൻകട്ടകളും ഇരുമ്പുപട്ടകളും കൂട്ടിയിരുന്ന കാലം. 1956-ൽ എറണാകുളം തിരുവനന്തപുരം റെയിൽവെ ലൈനിന്റെ പണിനടക്കുകയായിരുന്നു. രാത്രി എട്ടുമണി കഴിഞ്ഞാൽ നിലാവുള്ള രാത്രികളിൽ ഞങ്ങളിറങ്ങി നടക്കും. നടന്ന് നടന്ന് പൊന്നുരുന്തിയിലുള്ള ഒരു കൊച്ചു കലുങ്കിന്നരികിലെത്തും. ചുറ്റുപാടും പന്തലിച്ചുനില്ക്കുന്ന മാവിൻനിഴലുകളും പാൽനിറമുള്ള നിലാവും തളം കെട്ടിക്കിടക്കും.പിന്നെ മണിക്കൂറുകൾ കടന്നു പോകുന്നതറിയാറില്ല. കഴിഞ്ഞകാലത്ത് ചവിട്ടിക്കടന്നുപോകുന്ന കാല്പാടുകളുടെ കഥകൾ പറയും. ഓർമ്മ വെച്ച കാലത്തു മുതൽ തന്നിൽ തളിർത്തുവന്ന കലാവാസനയെക്കുറിച്ചു പറയും. ബുദ്ധിയുറച്ച കാലത്തു മുതൽ ഈ നാട്ടിൽ നടമാടിയിരുന്ന അനീതികളോടു മല്ലടിക്കാനുള്ള ആവേശം കുളിരിട്ടുവന്നതിന്റെ കഥകൾ പറയും.

തുടക്കത്തിൽ കഥകളെഴുതി, പിന്നെ നാടകം. എന്നിട്ടാണ് നോവലുകളെഴുതാൻ തുടങ്ങിയത്. കമ്മ്യൂണിസ്റ്റെന്നു കേട്ടാൽ വേട്ടനായ്ക്കളെപ്പോലെ ഓടിച്ചിട്ടുതല്ലിക്കൊല്ലാൻ തുനിയുന്നവരായിരുന്നു ചുറ്റുപാടും. എന്നിട്ടും എഴുതി പാർട്ടിക്കുവേണ്ടി. അനാചാരങ്ങൾക്കും അടിമത്തത്തിനുമെതിരായി എല്ലാവരും ശ്രദ്ധിച്ചു. പിന്നെപ്പിന്നെ ആയിരക്കണക്കിനു ഹൃദയങ്ങളിൽ ആ കഥകൾ സമരാവേശം പകർന്നു.

തുടക്കത്തിൽ കഥകളെഴുതി, പിന്നെ നാടകം. എന്നിട്ടാണ് നോവലുകളെഴുതാൻ തുടങ്ങിയത്. കമ്മ്യൂണിസ്റ്റെന്നു കേട്ടാൽ വേട്ടനായ്ക്കളെപ്പോലെ ഓടിച്ചിട്ടുതല്ലിക്കൊല്ലാൻ തുനിയുന്നവരായിരുന്നു ചുറ്റുപാടും. എന്നിട്ടും എഴുതി പാർട്ടിക്കുവേണ്ടി. അനാചാരങ്ങൾക്കും അടിമത്തത്തിനുമെതിരായി എല്ലാവരും ശ്രദ്ധിച്ചു. പിന്നെപ്പിന്നെ ആയിരക്കണക്കിനു ഹൃദയങ്ങളിൽ ആ കഥകൾ സമരാവേശം പകർന്നു.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികാലുറച്ചുനില്ക്കാൻ തുടങ്ങിയിരുന്നു. ആയിടയ്ക്കാണ് സിലോണിൽ പോയത്. അവിടെ പാർട്ടിക്കുവേണ്ടി പടവെട്ടിയിരുന്ന പത്രമായിരുന്ന നവശക്തിയുടെ പത്രാധിപസമിതിയിൽ ജോലി ചെയ്തു. അവിടെ നിന്നും എ.കെ. ജി. നിർബന്ധിച്ചു, നാട്ടിൽ വരാൻ. പറഞ്ഞു. കോഴിക്കോട് ദേശാഭിമാനിയിൽ ചേർന്നു. സംഭവബഹുലമായിരുന്ന ജീവിതത്തിന്റെ വിവിധ മുഖങ്ങളെക്കുറിച്ച് എത്രയെത്ര കഥകൾ.എറണാകുളത്തുവന്നിട്ട് അന്ന് ഡി.എം. "ഭാവന" തുടങ്ങി. രാവിലെ ഞാൻ കോളേജിൽപോകുമ്പോൾ പൊറ്റേക്കാട്ട് തിരക്കിട്ട എഴുത്തിലായിരിക്കും. വൈകീട്ട് തിരിച്ചു വരുമ്പോൾ ഒരുകൂട്ടം സുഹൃത്തുക്കളായിരിക്കും. രാത്രി ഏഴുമണിയാകുമ്പോഴേക്കും അന്നത്തെ മുഴുവൻ പത്രങ്ങളും ചുരുട്ടി കക്ഷത്തുവെച്ച് ഒരിക്കലും മായാത്ത പുഞ്ചിരിയുമായി ഒരു നിത്യസന്ദർശകൻ കടന്നുവരും. ശ്രീ. ഏരൂർ വാസുദേവ് (പ്രിയമുള്ള വാസുവേട്ടൻ, നിങ്ങൾ എവിടെ ?)

"ഭാവന" സഹോദരൻ പ്രസ്സിലാണടിച്ചിരുന്നത്. പത്രം ലാഭകരമായിരുന്നില്ല. ഇടക്കു മുടങ്ങും, വീണ്ടും തുടങ്ങും.

ആയിടയ്ക്കൊരു മോഹം, ഒരു ചിത്രം നിർമ്മിച്ച് സംവിധാനം ചെയ്താലെന്താണ്! ശ്രമങ്ങളായി. പണം ഒന്നുരണ്ടുപേർ വാഗ്ദാനം ചെയ്തു. ചിത്രം "വഴിവിളക്ക്" പരസ്യം വന്നു. പക്ഷെ നടന്നില്ല. വീണ്ടും ശ്രമങ്ങൾ-രമണനുവേണ്ടി. ഡി.എം. സ്ക്രിപ്റ്റെഴുതി.കൂടെ നിർദ്ദേശങ്ങൾക്കും സഹായങ്ങൾക്കും പി. ബി ഉണ്ണിയുണ്ട്. ആരെല്ലാം അഭിന

യിക്കണം? അയൽപക്കക്കാരനായ എൻ. ഗോവിന്ദൻകുട്ടിയുണ്ട്. എന്തിന് എത്രയെത്ര സ്നേഹിതൻമാരും കലാകാരൻമാരുമുണ്ട്. കോഴിക്കോട്ടു നിന്നു കുഞ്ഞാണ്ടിയെ വിളിക്കണം. കുഞ്ഞാണ്ടിയുടെ വിവിധ പോസുകളിലുള്ള പടമെടുത്തു. പക്ഷെ..... ഒന്നും ആരംഭിക്കാൻ കഴിഞ്ഞില്ല.

ആ ശ്രമങ്ങൾക്കിടയിലാണ് റഷ്യയിലേക്കുള്ള യാത്ര. വന്നതിനുശേഷം വീണ്ടും സിനിമക്കുവേണ്ടി ശ്രദ്ധ കേന്ദ്രീകരിക്കലായി. എഴുത്ത് ഇല്ലാതായെന്നു പറയാം.

ഒടുവിൽ ഫൈനാൻസു ശരിയായി പടം തുടങ്ങി "രമണൻ". 1958-ൽ രാഘവൻമാസ്റ്റർ ചങ്ങമ്പുഴയുടെ ഈരടികൾക്കീണം പകർന്നു. ഉദയഭാനുവും, കരിമ്പുഴ രാധയുമെക്കെ പാടി. ഒരു സെറ്റിലെ ജോലി തീർന്നു. പക്ഷെ വീണ്ടും അതുമുടങ്ങി. പ്രൊഡ്യൂസർ തെറ്റിപ്പിരിഞ്ഞു. മദിരാശിയിൽ താമസമാണ്. കോടമ്പാക്കത്ത് ഓഫീസ്.

ചങ്ങമ്പുഴയുടെ ഗ്രാമീണ വിലാപകാവ്യത്തിന്റെ അഭ്രപ്പകർപ്പിനെക്കുറിച്ചു നെയ്തു വെച്ചിട്ടുള്ള രൂപരേഖ വിവരിക്കാം.

ഇതിനിടയിൽ കൊല്ലങ്ങൾ കടന്നുപോയി. പട്ടിണിയും മോഹങ്ങളും മാത്രം ബാക്കി. ഒടുവിൽ വീണ്ടും 'രമണൻ' തുടങ്ങി. എട്ട് കൊല്ലങ്ങൾക്കു ശേഷം. അനശ്വരമായ 'പുഡോവ്ക്കിൻ' ഡി. എമ്മിന് ഹൃദിസ്ഥമായിരുന്നു. എങ്കിലും 'രമണൻ' പൂർണ്ണമായും രക്ഷപ്രാപിച്ചില്ല. എന്നിരിക്കിലും ഒരു മോഹം തളിരിട്ടു പൂചൂടി.

ചങ്ങമ്പുഴയുടെ 'കളിത്തോഴി' ആരംഭിക്കുന്നു. കൂടാതെ കേരളത്തിലെ അനവധി കുടുംബങ്ങളെ നാമാവശേഷമാക്കുന്ന ചാത്തൻ വിശ്വാസങ്ങളെ തച്ചുടക്കുന്ന ഒരു ചിത്രം നിർമ്മിക്കുന്നു. സിലോണിൽ കോവൂരുമായി കഥയ്ക്ക് വേണ്ടിയുള്ള രൂപം തയ്യാറാക്കാൻ എഴുത്തു കുത്തുകൾ നടന്നു. എം.സി.ജോസഫിനോടു സംസാരിക്കണമെന്ന് എന്നെ ഏല്പിച്ചു. മൂന്നു കൊല്ലം കൊണ്ട് ഒരുവിധത്തിൽ 'കളിത്തോഴി' തുടങ്ങി പുറത്തു വന്നു. ചിത്രം പ്രതീക്ഷക്കൊത്ത് ഉയർന്നില്ല.

ഏതായാലും ഈ ക്ഷീണമൊക്കെ ഒന്ന് തീർക്കണം. അതിനുവേണ്ടിയുള്ള ശ്രമത്തിലായിരുന്നു അപ്പോൾ...

ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു കത്ത്. – സാബുവിന്റെ – ഡി.എം. ആശുപത്രിയിൽ. വയറ്റിൽ ഓപ്പറേഷൻ കഴിഞ്ഞു. ബയോസ്പി റിസൾട്ട് – ക്യാൻസർ !

രാത്രി ഞാൻ കാര്യാട്ടിനെ വിളിച്ചു. ശരിയാണ്. കുഴപ്പവുമാണ്.

പിറ്റേദിവസം സ്റ്റാൻലി ആശുപത്രിയിലെ പോസ്റ്റോപ്പറേഷൻ വാർഡിൽ ഞാൻ ചെല്ലുമ്പോൾ നിറഞ്ഞ കണ്ണുകളുമായി മരുമകൻ രാജൻ കട്ടിലിനു പിറകിൽ, തളർന്ന ജേഷ്ഠൻ, കഴുത്തു വരെ മൂടിയ വെള്ളപ്പുതപ്പ്, പാറിപ്പറന്ന തലമുടി, അവിടവിടെ വളർന്നുനിൽക്കുന്ന താടിരോമങ്ങൾ, കുഴിഞ്ഞ കവിളത്ത് കുരുണ്ടുപോയ കണ്ണുകൾ ചിമ്മിയടച്ചു ഡി.എം കിടക്കുന്നു.

കട്ടിലിന്നരികിൽ സ്റ്റൂളിൽ ഇരുന്ന് ഞാൻ വിളിച്ചു: "ഡി.എം !"

മെല്ലെ തുറന്ന കൺപോളകൾക്കു കീഴിൽ പകുതിയുള്ള ജീവൻ നഷ്ടപ്പെട്ട വലിയ കണ്ണുകൾ പിന്നെ......... നിമിഷങ്ങൾ.......... കവിളിലൂടെ............ എഴുന്നുനിൽക്കുന്ന രോമങ്ങളിലൂടെ കണ്ണീർക്കണങ്ങൾ അടർന്നുവീണു. പുതപ്പിനിടയിൽ നിന്ന് ഞാൻ കൈകൾ എടുത്തു. ശോഷിച്ച വിരലുകളിൽ തിരുമ്മി.

ചെവിയിൽ മന്ത്രിച്ചു:

"എന്റെ കൈവിരലുകളൊന്നും ശരിക്കു മടങ്ങുന്നില്ല മോനേ ........." കടിച്ചമർത്തിയ വേദനയുമായി ഞാൻ മൂളിക്കേട്ടു. ഇത്തിരി കഞ്ഞി കുടിക്കാനുള്ള ദാഹം. വിതുമ്പലുകൾ... മണിക്കൂറുകൾ കടന്നുപോയി. സമാശ്വസിപ്പിക്കൽ....എല്ലാം വേഗം ഭേദമാകും ഡി.എം.... അർദ്ധരാത്രിയിൽ കൊച്ചിൻ എക്സ്പ്രസ്സിന്റെ ഡീസൽ എഞ്ചിൻ ശബ്ദമുണ്ടാക്കിക്കൊണ്ട് കുതിച്ചുപായുന്നു. അകന്നുപോകുന്ന വെളിച്ചവും നിഴലുകളും കണ്ടുകൊണ്ട് ഞാൻ ജനലിലൂടെ വിദൂരതയിൽ കണ്ണുനട്ടുകൊണ്ടിരുന്നപ്പോൾ 'പ്രേമപൂജ' യെഴുതിയ ഡി. എമ്മിനെക്കുറിച്ച് ഓർക്കുകയുണ്ടായിരുന്നു. ചോരപ്പൂക്കളും, രക്തസാക്ഷിക്കലു...വുമെന്നിലുയർത്തിയിട്ടുള്ള വികാരങ്ങളെക്കുറിച്ച് ഞാൻ കോരിത്തരിപ്പോടെ

ചിന്തിക്കുകയായിരുന്നു. ഡി. എം ന്റെ 'കന്നിമണ്ണ്' കേരളത്തിലെ ജനതക്ക് പകർന്നുകൊടുത്ത ആവേശമെന്തായിരുന്നുവെന്ന് ഞാൻ ഓർമ്മിക്കാൻ ശ്രമിച്ചു. ആദ്യപ്രേമവും അപരാധിനിയും രംഗപൂജയും നെയ്തെടുത്ത പ്രിയപ്പെട്ട ഡി. എം. ഇനി എന്തെങ്കിലും എഴുതുമോ എന്ന് ഞാൻ സംശയിച്ചു.

മൂന്നു മാസങ്ങൾക്കുശേഷം ഇന്നലെയതു സംഭവിച്ചു. പ്രതീക്ഷിച്ചിരുന്നതുതന്നെ. പക്ഷേ അത് വിശ്വസിക്കുവാൻ ആത്മാവു സമ്മതിക്കുന്നില്ല.

മരിക്കുന്നതിന് അഞ്ചുമിനിട്ടു മുമ്പു ഡി.എം സംസാരിച്ചു. "നിങ്ങൾ കടലാസ്സെടു ക്കൂ... എനിക്കു കത്തെഴുതണം, എ. കെ. ജി. ക്കും നസീറിനും". ഒരു വെളുത്ത കടലാസ്സുതുണ്ട് ആ ശോഷിച്ചു ബലമില്ലാത്ത കൈകളിലിരുന്നു വിറച്ചു. പേന പിടിക്കാനുള്ള കരുത്താ കൈകൾക്കുണ്ടായിരുന്നില്ല. കൈകളിൽ നിന്ന് വാങ്ങിയ കടലാസ്സുതുണ്ട് അരികിൽ വാങ്ങിവച്ചു, അഞ്ചുനിമിഷങ്ങൾക്കുള്ളിൽ ഡി.എം. ഞങ്ങളെ വിട്ടുപോയി.

ഇന്ന് കത്തിയെരിയുന്ന ചിതയിൽ നിങ്ങളുടെ ജഡം ഉരുകിതീരുമ്പോൾ ഞാൻ, നിശ്ചലനായി നില്ക്കുന്നു, തെങ്ങിൻ തൈകൾക്കിടയിലൂടെ നടന്നുപോരുന്നു. നിറകണ്ണുകളുമായി നിങ്ങളുടെ മൂത്ത സഹോദരനും ഏങ്ങലടികളോടെ നിങ്ങളുടെ നാലു സഹോദരിമാരും സംസാരിക്കാനാകാത്ത ഒരേയൊരു അനിയനും തളർന്നിരിക്കുമ്പോൾ ഡി.എം, ഞാൻ പോരുന്നു. ഇനി ഞാനെന്നങ്ങയെ കാണും? **നിങ്ങളെവിടെയാണ് ഡി.എം, നിങ്ങളെവിടെയാണ്.............?**

സിനിരമ 28-11-1971




Since 1969
# ലക്ഷ്മി ജ്വല്ലറി
GOLD....DIAMONDS..... BIRTHSTONES

**ഗോൾഡ് സൂപ്പർ മാർക്കറ്റ്**

**തെക്കേ നട, കൊടുങ്ങല്ലൂർ.**
**ഫോൺ: 802750, റെസി: 802765**
Visit us: www.LakshmiGold.com,
Email-Business @ LakshmiGold.com

**സ്വർണ്ണതിളക്കമുള്ള 31 സേവന വർഷങ്ങൾ**

HOTEL Dream Land

TRIPRAYAR JN. P.O NATTIKA
Ph : 0487 391288, 392656, 393085

**A DELUXE HOTEL**
**WITH MULTI CUSINE RESTAURANT**

**Introducing free Home delivery**

# പത്മപ്രഭ വിമൻസ് കോളേജ്

**പ്ലസ് ടു, ബി.എ, ബി.കോം**
**കോഴ്സുകൾ**

**എല്ലാ വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ പഠനസൗകര്യം**

പത്മപ്രഭ ഓഡിറ്റോറിയം ബിൽഡിംഗ്
തൃപ്രയാർ അമ്പലനട, തൃപ്രയാർ, ഫോൺ : 394383

**പെൺകുട്ടികൾക്ക് മാത്രം**

# Viking travels

Govt. Approved

Govt. of India. Ministry of Labour Recruitment
Licence. No. 000176 / KER / PART / 1000 + / 3 / 1511 / 84

**Triprayar, Nattika - 680 566. Thrissur, Kerala, India.**
**Tel : 0487 - 392449, 391249, Fax : 0487 - 391349**

**Admn. Off : Round West, Thrissur - 680 001, Kerala, India. Phone : 0487 - 335318, 335532**

**Viking Travels**

Foreign currency/Travellers Cheque Exchange

# ഒരു ജ്യേഷ്ഠന്റെ വേർപാട്

## എ.സി സാബു

എനിക്ക് പതിനാലുവയസ്സുള്ള കാലത്ത് , അന്നൊരു കമ്മ്യൂണിസ്റ്റ് പാർട്ടിപ്പത്ര വിതരണവുമായി കഴിയുന്നകാലത്ത്, ഒരിക്കൽ ഒരു ഒളിവുസങ്കേതത്തിൽവെച്ച് ഞാനാദ്യമായി ഡി.എം. പൊറ്റെക്കാട്ടിനെ കണ്ടു. വലിയ വിവരമൊന്നുമില്ലാതിരുന്ന അക്കാലത്ത് ഈ സാഹിത്യകാരനായ മനുഷ്യനെ എനിക്കറിയാമായിരുന്നു. എന്നുവച്ചാൽ പേരുകേട്ടിട്ടുണ്ടെന്നർത്ഥം. (അവിടെ ആ അണ്ടർഗ്രൗണ്ട് ഷെൽട്ടറിൽ വെച്ച് എന്നെ ഡിഎമ്മിന് പരിചയപ്പെടുത്തിയ ഒരാളുണ്ട്. എനിക്കിഷ്ടമില്ലാത്ത ആ അവസരവാദിയുടെ പേരുപോലും ഇവിടെ കുറിക്കാൻ ഞാനാഗ്രഹിക്കുന്നില്ല.) അന്നുള്ള പരിചയം പടിപടിയായുയർന്നു. ജീവിതത്തിന്റെ പല മേഖലകളിലുംവെച്ച് ഞാൻ ഡി. എമ്മിനെ കണ്ടിട്ടുണ്ട്. ഞാൻ വളർന്നു ശാരീരികമായും മറ്റും. പക്ഷെ ഡി. എം പൊറ്റേക്കാട്ടിന് ഒരു മാറ്റവുമില്ലായിരുന്നു അതേരൂപം, അതേ കണ്ണട, അതേ പുഞ്ചിരി , അതേ സംസാരരീതി. ഒരു ഒറ്റയാനെപ്പോലെ അദ്ദേഹം കഴിഞ്ഞു കൂടി.

സിനിമയിൽ വന്ന ഡി. എം പൊറ്റേക്കാട്ടിനെക്കുറിച്ച് ഞാനടക്കം അദ്ദേഹത്തിന്റെ നല്ല സുഹൃത്തുക്കൾക്ക് ദു:ഖമുണ്ടായിരുന്നു. ആ സാഹിത്യകാരൻ, കഥാകൃത്ത്, നോവലിസ്റ്റ്, ആ ഡി. എമ്മിനെ നമ്മൾ ഇന്നും ആരാധിച്ചുപോരുന്നു. പാകമാകാത്ത ഒരു കുപ്പായമായിരുന്നു ഡി.എമ്മിന് സിനിമ. ഈ സിനിമയ്ക്കുവേണ്ടി അദ്ദേഹം ദീർഘകാലം തപസുചെയ്തു. രണ്ടു ചങ്ങമ്പുഴക്കൃതികൾ വെള്ളിത്തിരയിലാക്കി സംവിധായകനായ തൊഴിച്ചാൽ അസാധാരണമായി എന്തെങ്കിലും ചെയ്ത് മേൽവിലാസമുണ്ടാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

രോഗിയായ ഡി. എം-ന്റെ സ്ഥിതി അടുത്തറിയാവുന്നരിൽ ഒരാളായിരുന്നു ഞാൻ. രാമുകാര്യാട്ടിനും (ബാല്യകാലസുഹൃത്തുക്കളാണിവർ) അറിയാമായിരുന്നു. സിനിമാരംഗത്തെ പലർക്കും അറിയാമായിരുന്നു. അവരൊക്കെ പലപ്പോഴായി അദ്ദേഹത്തെ ആശുപത്രിയിൽപ്പോയി കണ്ടിരുന്നു, ഞാൻ പലപ്പോഴും.

ഡി. എം-ന്റെ കട്ടിലിനടുത്തുപോകു മ്പോൾ സ്റ്റാൻലി ഹോസ്പിറ്റലിലെ ഡോക്ടർ പി രാമമേനോനും എന്നോടൊപ്പമുണ്ടായിരുന്നു. അന്ന് ഡോക്ടർ രോഗത്തെക്കുറിച്ച്, അതിന്റെ ഭീകരതയെക്കുറിച്ച് എന്നോടുപറഞ്ഞപ്പോൾ, ഞാനാ വിവരം കാര്യാട്ടിനോട് പറഞ്ഞപ്പോൾ ഞങ്ങളിൽ നടുക്കമാണുണ്ടായത്.

കഴിഞ്ഞ അഞ്ചാംതീയതി രാവിലെ കാര്യാട്ടെന്നെ ഫോണിൽ വിളിച്ചുപറഞ്ഞു:

നമ്മുടെ ഡി. എമ്മിന് വളരെ സീരിയസ്സാണെന്നുപറഞ്ഞ് ഫോൺ വന്നിരുന്നു. ഞാൻ കാറു കൊടുത്തയക്കാം നീ പോയോന്ന് അന്വേഷിക്ക്.

ഞാൻ പെട്ടെന്ന് സ്റ്റാൻലിയിൽ പോയി കണ്ടു. ആ രൂപം ഞാനെങ്ങിനെ പത്തുനിമിഷം കണ്ടു നിന്നു? എനിക്കതു ഓർക്കാൻപോലും കഴിയുന്നില്ല...........

തളർന്ന മനസ്സും ദ്രുതഗതിയിൽ സ്പന്ദിക്കുന്ന ഹൃദയവുമായി നില്ക്കുന്ന എന്നോട് ഡി. എം ഇത്രയും പറഞ്ഞു:

"അല്പം കൺഫ്യൂഷനായി."

ഞാൻ പെട്ടെന്നു കിടക്കയുടെ അരികിൽ നിന്നു മാറി ഡി.എമ്മിന്റെ ജേഷ്ഠ്യൻ ശ്രീ. രാമനുണ്ണിയുമായി കുറേനേരം സംസാരിച്ചു ഒരിക്കലും തന്റെ അനുജനെക്കുറിച്ച് കണ്ണു നിറഞ്ഞിട്ടില്ലാത്ത ആ ജ്യേഷ്ഠൻ അന്ന് സംസാരിച്ചത് കരഞ്ഞുകൊണ്ടാണ്. മരണം അനുജന്റെ ജീവൻ ഏതു സമയവും അപഹരിക്കുമെന്നദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു........

അവസാനം അതുതന്നെ സംഭവിച്ചു! ഡി.എം. പൊറ്റേക്കാട്ടു മരിച്ചു! ആത്മാവിലും ദൈവത്തിലും വിശ്വാസമില്ലാതിരുന്ന പൊറേറക്കാട്ടിന് ഞാൻ നിത്യശാന്തി നേരുന്നില്ല.........

ഒരു അനുജനെപ്പോലെ എന്നെ സ്നേഹിച്ചിരുന്ന എന്റെ പ്രിയപ്പെട്ട ഡി.എം എന്നെ വിട്ടുപിരിഞ്ഞ ദു:ഖം മനസ്സിനെ നൊമ്പരപ്പെടുത്തുന്നു.

കവിത

# ഡി.എം എന്നാൽ ...

സലിം രാജ് . പി

പറങ്കിമാവുകൾ പന്തലിടുന്നൊരു
മണപ്പുറത്തെ മണൽത്തരി സാക്ഷി.
കടലും പുഴയും താലോലിയ്ക്കും
തെങ്ങിൻനിരയുടെ തീരം സാക്ഷി.

സർദാറിന്റെ പ്രാണനിൽ മുളച്ച
ചെങ്കൊടികളിലെ ചിഹ്നം സാക്ഷി.
പടവാളുകളുടെ പാട്ടിന്നൊപ്പം
തുടികളിണക്കും മനസ്സുകൾ സാക്ഷി.

കഥയുടെ വജ്രഖഡ്ഗമുയർത്തി
വാക്കിന് ഉരുക്കുധമനികൾ നല്കി
മനുഷ്യവിമോചന മഹാകാശങ്ങളിൽ
ഡി.എം - പ്രഭാതനക്ഷത്രം.

സംഗരചിത്രപതംഗം പോലെ
രണഭൂമികളിൽ പറന്നു പാടി
നവയുഗചേതന ഊർജ്ജം നേടാൻ
ഡി.എം - സ്വപ്നസ്രോതസ്സായി.

ആരുടെ മുന്നിലും തല താഴ്ത്താതെ
പ്രമാണിവർഗ്ഗഭരണം തുരത്താൻ
സാഹിത്യത്തിലെ സമരനിലങ്ങളിൽ
ഡി.എം - പാർട്ടിക്കായുധമേകി.

'മാർക്സിസ'മെന്ന മഹാവൃക്ഷത്തെ
തായ്‌വേരോടെ പിഴുതെറിയാനായ്
ജന്മിക്കോയ്മകൾ കച്ചമുറുക്കി
ഒരുമ്പിട്ടിറങ്ങിയ കാലത്ത്

അവരുടെ വേട്ടപ്പട്ടികളെങ്ങും
പോലീസിന്റെ തൊപ്പിയുമിട്ട്
മാമലനാട്ടിൽ നരനായാട്ടിന്
കാശിനു കുരച്ച നാളുകളിൽ

കമ്മ്യൂണിസ്റ്റ് കഥാനായകരെ
കണ്ടെത്താനായ് കമഴ്ന്ന് കിടക്കും
കരിയില പോലും ഉയർത്തി നോക്കി
സെർച്ചിനിറങ്ങിയ പാതിരയിൽ

ഓരോരോ 'ഷെൽട്ടർ' തോറും
തോക്കുകൾ ചൂണ്ടി കയ്യേറുമ്പോൾ
പിടിനല്കാതെ സഖാക്കൾ മുങ്ങും
ജലത്തിലൊളിക്കും മത്സ്യം മാതിരി !!

(ഒരു ജനതതിയുടെ കരളിന്നുള്ളിൽ
ഒളിവിൽ പാർക്കും വീരൻമാരെ
ഏതൊരു ദൈവം തമ്പ്രാനാണ് ...
.. കുടിയിറക്കാൻ വ്യാമോഹിച്ചത് .. ?!)

ഇടിവണ്ടികളീ ഇടവഴിതോറും
ഇരമ്പി കയറിമറിഞ്ഞിട്ടും
ഇവിടെ പൂത്തൊരു പുല്ക്കൊടി പോലും
ഇളകിയുലഞ്ഞിട്ടില്ലല്ലോ ....

ബയണറ്റുകൾ ചുരമാന്തുമ്പോൾ
തീവെടിയുണ്ടകൾ ചീറുമ്പോൾ
ഒരു തലമുടിയുടെയിഴ പോലും
പൊഴിഞ്ഞു വീണിട്ടില്ലല്ലോ ....

രാജ്യസ്നേഹികൾ തൂക്കുമരങ്ങളിൽ
പുഞ്ചിരി വിടരും പൂവുകളായ്.
അയിത്തപ്പുറ്റുകൾ തച്ചുതകർക്കാൻ
സത്യാഗ്രഹികൾ മുന്നേറി.

"കണ്ടാൽ കരിച്ചു കൊല്ലേണ്ടുന്നൊരു
കിരാതരാണീ ' കമ്മു ' ക്കൾ ..."
കോൺഗ്രസ്സ്കാരുടെ ഉച്ചഭാഷിണി
ഒച്ചകൾ വച്ച് തിമർത്തിട്ടും

നെഞ്ചൂക്കിന്റെ കോട്ടകൾ കെട്ടി
പ്രിയസഖാക്കളെ കാവലിരുന്ന
ദരിദ്രജനത ചങ്കൂറ്റത്താൽ
ചരിത്രമുഖങ്ങൾ ചുവപ്പിച്ചു.

അടിമ കിടക്കും പൗരൻമാരുടെ
കുടിലുകൾ തോറും സംഘാവേശം
തുടലുകളറുത്ത് ഉയിർത്തെഴുന്നേറ്റു
സമൃദ്ധകേരള സൃഷ്ടിക്കായ് –

ആയൊരു പൈതൃകധാരയ്ക്കൊഴുകാൻ
ഡി.എം – സ്വന്തം തൂലികമുനകൾ
ചുടുചോരയുടെ മഷിപ്പാത്രത്തിൽ
ചാലിച്ചെഴുതീ നാട്ടിതിഹാസം.

ധീരതയാർന്ന വികാരം പകർത്തി
ഡി.എം – തന്റെ അക്ഷരമുദ്രയിൽ
പൊരുതും ഹൃദയസ്ഫുരണം കൊളുത്തി
തലമുറകൾക്ക് ജ്വലിപ്പിയ്ക്കാൻ.

ജീവിത സർവ്വകലാശാലകളിൽ
ഡി.എം – മോചനനിഘണ്ടു തീർത്തു.
വിപ്ലവമെന്നൊരു സുന്ദരപദത്തെ
നാനാർത്ഥങ്ങളിൽ വ്യാഖ്യാനിച്ചു.

ജനകീയതയുടെ പ്രശ്നം പറയാൻ
ഡി.എം – ഭാഷയെ പുനർനിർമ്മിച്ചു.
നേരും നുണയും കലഹിയ്ക്കും വരെ
നിലകൊള്ളും ആ പുതുമലയാളം.

പരിശുദ്ധ സ്വർണ്ണത്തിന്റെ പരിപൂർണ്ണ രൂപം
സോന പാർക്ക്
ഗോൾഡ് സൂപ്പർമാർക്കറ്റ്
ബസ് സ്റ്റാന്റ് തൃപ്രയാർ Ph : 39 72 11
E-mail : sonapark@rediffmail.com

DHANYA FABRICS
Vatanappally
Telephone: 0487 - 630599

# ഡി. എം. പൊറ്റേക്കാട്:
# എനിക്ക് ആഹ്വാനവും താക്കീതും

അശോകൻ ചരുവിൽ

ഞാൻ ഡി. എം. പൊറ്റേക്കാടിനെ കണ്ടിട്ടില്ല. പക്ഷേ എന്റെ സാഹിത്യജീവിതത്തിൽ ഒരു പ്രചോദനവും താക്കീതുമായി ഡി. എം എന്നും ഉണ്ടായിരുന്നു. കുട്ടിക്കാലം മുതലേ ഞാൻ അദ്ദേഹത്തെപ്പറ്റി കേട്ടുകൊണ്ടിരുന്നു. ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകനായിരുന്ന എന്റെ അച്ഛൻ (പരേതനായ സി.എ.രാജൻ മാസ്റ്റർ) തന്റെ സുഹൃത്തായ ഈ സാഹിത്യകാരനെക്കുറിച്ച് വീട്ടിൽ കൂടെക്കൂടെ പറയുമായിരുന്നു. അച്ഛന്റെ ചികിത്സാർത്ഥം ഞങ്ങൾ കുറച്ചുകാലം കുടുംബസമേതം മദിരാശിയിലുണ്ടായിരുന്നു. അക്കാലത്ത് കുറച്ചുനാൾ സോവിയറ്റ്ലാന്റ് പത്രാധിപസമിതിയിലെ ശ്രീ. എ.കെ തങ്കപ്പന്റെ വീട്ടിൽ താമസിച്ചു. അന്ന് അവിടത്തെ ചർച്ചകളിൽ മുഖ്യകഥാപാത്രം ഡി.എം ആയിരുന്നു. അന്ന് ഡി.എം കഥയെഴുത്തുകാരനായ സിനിമാസംവിധായകനാണ്.

പിന്നീട് ഞാൻ അല്പസ്വല്പം കഥകളെഴുതാൻ തുടങ്ങിയ കാലത്ത് എന്റെ നാട്ടിലെ മുതിർന്ന സഖാക്കളും സുഹൃത്തുക്കളും വലിയ ആവേശത്തോടെ എന്നെ ഓർമ്മിപ്പിച്ചു: എഴുതുകയാണെങ്കിൽ ഡി. എം .പൊറ്റേക്കാടിനെപ്പോലെ എഴുതണം, പൊള്ളുന്ന വാക്കുകളിൽ എഴുതണം, പേന ആയുധമാക്കണം. അക്കാലത്ത് ഞങ്ങൾ ഒത്തുകൂടാറുള്ള സ്ഥലം കാട്ടൂരങ്ങാടിയിലെ എം.പി.യുടെ ബീഡിപ്പീടികയിലായിരുന്നു. അവിടത്തെ ചർച്ചകളിലും പ്രധാന കഥാപാത്രം ഡി.എം. ആയിരുന്നു.

ഇടതുപക്ഷപാർട്ടി പ്രവർത്തകനായിരിക്കെ ഉണ്ടായ ഒരു ലഘുരൂപാന്തരം മൂലമാണ് ഞാൻ കഥയെഴുത്തുകാരനായത്. എഴുത്തുമായി ബന്ധപ്പെട്ട വേദികളിലും സംഭാഷണങ്ങളിലും വെച്ച് പണ്ഡിതരും, വിമർശകരും മുതിർന്ന എഴുത്തുകാരും എന്നെ താക്കീത് ചെയ്തു. നിങ്ങൾ ഡി.എം. പൊറ്റേക്കാടിനെപോലെ എഴുതി നശിക്കരുത്. രണ്ടുതരത്തിൽ ഡി.എം. സാഹിത്യത്തിലെ വ്യവസ്ഥാപിത കേന്ദ്രങ്ങളിൽ നിന്നുള്ള വിമർശനം ഏറ്റുവാങ്ങിക്കൊണ്ടിരുന്നു. ഒന്ന് പാർട്ടിക്കു വേണ്ടി എഴുതി നശിച്ചു. മറ്റൊന്ന് പാർട്ടി പൊക്കിപ്പിടിച്ചതുകൊണ്ടാണ് ഡി.എം. അറിയപ്പെട്ടത്.

ഇങ്ങനെ ഡി.എം. എന്റെ മനസ്സിൽ ഒരു ചോദ്യചിഹ്നമായി ഉയർന്നുനിന്ന കാലത്ത് ഞാൻ അദ്ദേഹത്തിന്റെ കഥകളൊന്നും വായിച്ചിരുന്നില്ല. ഡി. എം. അക്കാലത്ത് കഥകളെഴുതിയിരുന്നില്ല. പഴയ പുസ്തകങ്ങൾ കിട്ടാനുണ്ടായിരുന്നില്ല. പിന്നീട് അദ്ദേഹത്തിന്റെ മരണത്തിനു ശേഷം, തൃശ്ശൂരിലെ ദേശാഭിമാനി സ്റ്റഡിസർക്കിൾ ജില്ലാകമ്മറ്റി ഒരു കഥാസമാഹാരം പുറത്തിറക്കി. അന്ന് ജില്ലാ സെക്രട്ടറിയായിരുന്ന മുല്ലനേഴിയാണ് അതിനുവേണ്ടി അശ്രാന്തപരിശ്രമം ചെയ്തത്. അവസാനം പ്രസ്സിലെ കാശു കൊടുത്തത് അദ്ദേഹം സ്വന്തം പി.എഫിൽ നിന്നു കടമെടുത്തിട്ടാണ്.

പ്രൊഫ. വി.അരവിന്ദാക്ഷൻ മാസ്റ്റർ അവതാരികയെഴുതിയ ആ പുസ്തകം ഞാൻ വളരെ ആവേശത്തോടെ വായിച്ചു. അത് വെച്ച് ഡി.എമ്മിനെ മനസ്സിൽ വിലയിരുത്തുകയും, പ്രതിബദ്ധനായ ഒരെഴുത്തുകാരന്റെ രചനാപ്രതിസന്ധിയെക്കുറിച്ച് ആലോചിക്കുകയും ചെയ്തു. പക്ഷേ അധികം വൈകാതെ ആ കഥാസമാഹാരം ഡി.എമ്മിന്റെ പല നല്ല കഥകളേയും ഉൾക്കൊള്ളുന്നില്ല എന്ന് ഞാൻ മനസ്സിലാക്കി.

അതിനുകാരണം മലയാളത്തിലെ ഏറ്റവും അനുഗ്രഹീതകഥാകാരനായ സി.വി. ശ്രീരാമനാണ്. തന്നെ കഥയെഴുത്തുകാരനാക്കിയത് ഡി.എം. പൊറ്റേക്കാടാണെന്ന് ശ്രീരാമൻ ഇടക്കിടയ്ക്ക് പറയും. പ്രസംഗവേദിയിലും സുഹൃദ്സംഭാഷണങ്ങളിലും അദ്ദേഹം ഡി.എമ്മിന്റെ പല കഥകളെപ്പറ്റിയും വിവരിക്കാറുണ്ടായിരുന്നു. ഞാൻ പരിശോധിച്ചു നോക്കിയപ്പോൾ ശ്രീരാമൻ പരാമർശിക്കുന്ന ഒറ്റ കഥയും ഞാൻ വായിച്ച കഥാപുസ്തകത്തിൽ കണ്ടില്ല. ചോരയും ചുവപ്പും വാക്കുകളിലൂടെ ആവർത്തിക്കുന്ന കുറച്ചു കഥകൾ മാത്രമാണ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

കഥയെഴുത്തുകാരനായ ഡി.എം.പൊറ്റേക്കാട് ജീവിച്ചിരിക്കുമ്പോഴും, മരിച്ചശേഷവും അഭിമുഖീകരിക്കുന്ന മുഖ്യപ്രതിസന്ധി ഇതാണ്. ചോരയും, ചുവപ്പും, തീയും, പുകയും, മർദ്ദനവും, ചുമയും വാക്കുക

ളിലൂടെ മുഴക്കുന്ന ഒരു കഥാകൃത്തായി മാത്രം അദ്ദേഹത്തെ വെളിപ്പെടുത്തുവാൻ എല്ലായ്പ്പോഴും അദ്ദേഹത്തിന്റെ സഖാക്കൾ ആഗ്രഹിച്ചു. അങ്ങനെ ഒരു കള്ളിയിൽ വിഭജിച്ചു നിർത്തി വിലയിരുത്തി അവഗണിക്കുവാൻ പണ്ഡിതലോകവും അക്കാലത്ത് ശ്രദ്ധിച്ചു.

മലയാളത്തിൽ കഥയ്ക്കും, കവിതയ്ക്കും, നാടകത്തിനും ജനകീയ പ്രതിരോധത്തിന് ആയുധമാക്കുക എന്ന ദൗത്യം നിർവ്വഹിക്കേണ്ട ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ജനങ്ങൾ തങ്ങളുടെ ഭൗതികവും ആത്മീയവുമായ പ്രതിസന്ധിയെ മറികടക്കാൻ കഥാസാഹിത്യത്തെ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി പ്രചാരണത്തെ ലക്ഷ്യം വെച്ചുള്ള നിരവധി കഥകൾ അത്തരം ഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട്. നമ്പൂതിരി സമുദായത്തിലെ പരിഷ്കാരത്തിന് വി.ടി ഉപയോഗിച്ചത് കഥകളും നാടകങ്ങളുമാണ്. 'രജനീരംഗ' ത്തിലെ വി.ടി.യുടെ കഥകൾ വായിച്ചുനോക്കിയാൽ എത്ര മാത്രം ഉദ്ദേശ്യപൂർണ്ണമായിട്ടാണ് അവ രചിക്കപ്പെട്ടത് എന്നുകാണാം. എന്നാൽ അവയിൽ പലതും കാലത്തെ അതിജീവിച്ചു.

ഡി.എമ്മും തന്റെ കഥാസാഹിത്യത്തെ തന്റെ ചുറ്റുമുള്ള ജനങ്ങളുടെ ജീവിത പോരാട്ടത്തിൽ ആയുധമായി ഉപയോഗിച്ചു. പക്ഷേ അവയെ അപ്പാടെ വെറും പ്രചരണസാഹിത്യമായി തള്ളിക്കളയുകയാണ് പില്ക്കാല സഹൃദയലോകം ചെയ്തത്. അക്കൂട്ടത്തിൽ എല്ലാ കാലത്തേക്കും മികച്ച രചനകൾ ഉണ്ടോ എന്ന് പരിശോധിക്കാനുള്ള ക്ഷമ അവർ പ്രകടിപ്പിച്ചില്ല. വി.ടി. ഭട്ടതിരിപ്പാടിന്റെ കഥകളും, നാടകവും അവയുടെ കലാസുഭഗതയുടെ പേരിലാണ് പിന്നീട് വാഴ്ത്തപ്പെട്ടത് അവയുടെ ചരിത്രദൗത്യത്തെ പരിഗണിച്ചിട്ടായിരുന്നു. വി.ടിയുടെ ചരിത്രദൗത്യത്തെ പിൽക്കാല കേരളം അംഗീകരിച്ചുവെന്നും, ഡി.എമ്മിന്റെ ദൗത്യത്തെ അംഗീകരിച്ചിട്ടില്ല എന്നുമാണോ മനസ്സിലാക്കേണ്ടത്? അതോ നമ്പൂതിരി സ്ത്രീകളുടേയും, അഫ്ഫന്മാരുടേയും ജീവിത പുരോഗതി, ചകിരി തൊഴിലാളികളുടെ ജീവിത പുരോഗതിയേക്കാൾ ശ്രേഷ്ഠമാണ് എന്നുള്ളതുകൊണ്ടോ ?

## മഞ്ഞ് പിന്നെയും പെയ്യുന്നു

നമ്മുടെ സാഹിത്യ ചർച്ചകൾ കേവലം സൗന്ദര്യാനുഭൂതിയിലേക്ക് മടങ്ങുന്ന കാലമാണിത്. കാലത്തിന്റെ ഭൗതികവും ആത്മീയവുമായ പ്രതിസന്ധികളെ കണ്ടെത്താനാവാതെ അനുദിനം മാറുന്നു. പായുന്ന ലോകത്തിന്റെ പിന്നാലെ വേച്ചും, വിയർത്തും നടന്നു കിതക്കുകയാണ് സാഹിത്യകാരൻ. ഉപരിപ്ലവമായ കാഴ്ചയുടെ സൗന്ദര്യത്തിലാണ് അവൻ അഭിരമിക്കുന്നത്.

ഇത്തരം പരിതസ്ഥിതിയിൽ ഡി.എം.നെ മറന്നുകളയേണ്ടത് അത്യന്താപേക്ഷിതമാണ്. ഇന്ന് പുരോഗമന സാഹിത്യത്തിന്റെ വേദികളിൽ പോലും ഡി. എം. പൊറ്റേക്കാട് ചർച്ച ചെയ്യപ്പെടുകയില്ല. ഡി.എം. പൊറ്റേക്കാട് തങ്ങൾക്കു പറ്റിയ ഒരു പഴയ കൈത്തെറ്റാണെന്ന് അവർ തുറന്ന് സമ്മതിച്ചു. രാഷ്ട്രീയ പ്രവർത്തനം പോലും അരാഷ്ട്രീയമാവുന്ന കാലത്ത്, കലയുടെ അരാഷ്ട്രീയവത്ക്കരണം എത്ര വേഗം നടക്കുമെന്ന് നമുക്കറിയാം.

എന്നാൽ അത്തരം കലാസൗന്ദര്യ പക്ഷപാതികളുടെ മുമ്പാകെ എനിക്ക് ഡി.എം. പൊറ്റെക്കാടിന്റെ ഒരു കഥ ചൂണ്ടിക്കാണിക്കാനുണ്ട്. 'പിന്നെയും മഞ്ഞ് പെയ്യുന്നു' എന്നാണ് അതിന്റെ പേര്.

ദേശാഭിമാനി സ്റ്റഡിസർക്കിൾ 1975ൽ പുറത്തിറക്കിയ 'ഡി.എം. പൊറ്റേക്കാട്ടിന്റെ കഥകൾ' എന്ന പുസ്തകത്തിൽ ഈ കഥ ഉണ്ടായിരുന്നില്ല. പക്ഷെ ഈ കഥയെക്കുറിച്ചാണ് സി.വി.ശ്രീരാമൻ ഏറ്റവും അധികം പറഞ്ഞുകൊണ്ടിരുന്നത്. അതുകൊ ണ്ട് ഈ കഥ വായിക്കണമെന്ന് ഞാൻ വളരെയേറെ ആഗ്രഹിച്ചു.

പക്ഷെ വളരെ വർഷങ്ങൾക്ക് ശേഷമാണ് അത് ഞാൻ വായിച്ചത്. തൃശ്ശൂരിലെ അക്കാദമി ലൈബ്രറിയിൽ വെച്ച്. വളരെയേറെ അന്വേഷിച്ച് പരതിയതിന്ശേഷം ആ കഥയുടെ വായനാവേളയിൽ ഞാനനുഭവിച്ചതുപോലെ ഒരു ആത്മീയ ഔന്നത്യം വളരെ അപൂർവ്വം സന്ദർഭങ്ങളിലേ ഉണ്ടായിട്ടുള്ളൂ. എന്റെ മുമ്പാകെ ഒരു പുതിയ ഡി.എം. പൊറ്റേക്കാട് ഉയർന്ന് വരികയായിരുന്നു.

ഈ കഥ രാഷ്ട്രീയ വിമുക്തമായ ഒന്നാണെന്നുള്ള ധാരണ വേണ്ട. അടിമുടി രാഷ്ട്രീയം തന്നെയാണ് അതിലെ പ്രമേയം. ഒളിച്ചു നടക്കുന്ന ഒരു കമ്മ്യൂണിസ്റ്റ് രാഷ്ട്രീയ പ്രവർത്തകന്റെ ജീവിതം തന്നെ വിഷയം. അവിചാരിതമായി അയാൾ ചെന്ന് പെടുന്ന ഒരിടം. അഭയം നൽകിയ ഒരു സ്ത്രീ. അവളുടെ പിൽക്കാല ജീവിതം. വർഷങ്ങൾക്കുശേഷം ആ രാഷ്ട്രീയ പ്രവർത്തകന്റെ സന്ദർശനം. അവളുടെ നിസ്സംഗമായ പ്രതികരണം. അയാളുടെ നിസ്സഹായമായ തിരിച്ചു

പോക്ക്. മലയാളകഥയിൽ ഇത്രമാത്രം ശക്തമായ സ്ത്രീ സാന്നിദ്ധ്യം ഞാൻ അനുഭവിച്ചിട്ടില്ല. ടോൾസ്റ്റോയിയുടെ 'ഉയർത്തെഴുന്നേൽപ്പി'ലെ മാസ്ലോവയെ ഓർമ്മിക്കുന്ന പോലെ ദരിദ്രയായ ഈ മലയാളി സ്ത്രീയെ ഞാനോർമ്മിച്ചുകൊണ്ടിരിക്കും.

സമ്പന്നമായ മലയാള കഥാസാഹിത്യത്തിലെ ഏറ്റവും മികച്ച പത്ത് കഥകളെടുക്കാൻ ആവശ്യ പ്പെട്ടാൽ, ഒട്ടും മോശക്കാരനല്ലാത്ത ഒരു കഥാവായനക്കാരനെന്ന നിലയിൽ ഈ കഥ അഭിമാനപൂർവ്വം ഞാൻ ഉൾപ്പെടുത്തും.

## നൂറുവർഷം നൂറുകഥ

എം.കുട്ടികൃഷ്ണൻ സെക്രട്ടറിയായിരിക്കെ കേരളസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'ഡി.എം. പൊറ്റെക്കാടിന്റെ കഥകൾ' എന്ന പുസ്തകത്തിൽ (ഭാഗ്യത്തിന്) ഈ കഥ ചേർത്തിട്ടുണ്ട്. അതിനു മുമ്പ് കഥയുടെ ശതാബ്ദി ആഘോഷവുമായി ബന്ധപ്പെട്ട് ഡി.സി.ബുക്ക് പ്രസിദ്ധീകരിച്ച നൂറുകഥകളുടെ സമാഹാരത്തിൽ ഈ കഥ ഇല്ല. എന്നു മാത്രമല്ല, ഡി.എം. പൊറ്റെക്കാടിന്റെ ഒറ്റക്കഥയുമില്ല. മലയാളത്തിലെ നൂറുകഥാകൃത്തുകളിൽ ഒരാളായി ഡി.എം. പൊറ്റെക്കാടിനെ ഉൾപ്പെടുത്താൻ ആ പുസ്തകത്തിന്റെ അഭിവന്ദ്യരായ എഡിറ്റർമാരായിരുന്ന ഡോ.അയ്യപ്പപണിക്കർ, എം.കെ. സാനു, കെ.പി.അപ്പൻ, ആർ.നരേന്ദ്രപ്രസാദ് എന്നിവർ തയ്യാറായില്ല.

എനിക്ക് എക്കാലത്തും അഭിമാനപൂർവ്വം ഓർമ്മിക്കാവുന്ന ഒരു എളിയ ഇടപെടലിന്റെ കാര്യം കൂടി പറഞ്ഞുകൊണ്ട് ഇത് അവസാനിപ്പിക്കാം. പുനരുദ്ധരിക്കപ്പെട്ട സാഹിത്യപ്രവർത്തക സഹകരണ സംഘം പുതിയ നൂറ്റാണ്ട് പിറക്കുന്നതിന്റെ ഭാഗമായി 'കഥയുടെ നൂറ്റാണ്ട്' എന്നൊരു പുസ്തകം പ്രസിദ്ധീകരിക്കാൻ നിശ്ചയിച്ചു. എന്റെ കഥകൾ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എനിക്ക് കത്ത് ലഭിച്ചു. ആ പുസതകത്തിന്റെ ജനറൽ എഡിറ്റർ എം.എൻ.വിജയൻ ആയിരുന്നതുകൊണ്ട് ഡി.എം. പൊറ്റെക്കാട് വിട്ടുപോകുകയില്ല എന്ന് എനിക്കുറപ്പുണ്ടായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ ഏത് കഥയായിരിക്കും ഉൾപ്പെടുത്തുക എന്നറിയാനുള്ള ആകാംക്ഷ എനിക്കുണ്ടായി.

ആ പുസ്തകത്തിന്റെ എഡിറ്റർമാരിൽ ഒരാളായ ഇ.പി. രാജഗോപാലനോട് സ്നേഹത്തിന്റെ ബലത്തിലുള്ള സ്വാതന്ത്ര്യം ഉപയോഗിച്ച് ഞാൻ ചോദിച്ചു, ഡി.എമ്മിന്റെ ഏതു കഥയാണ് ഉൾപ്പെടുത്തുന്നത്? ഉടനെ മറുപടി വന്നു. കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്. "രക്തസാക്ഷിക്കലു-" ഉൾപ്പെടുത്താനാണ്, ആ കഥ സമ്പാദിച്ചു കഴിഞ്ഞു.

സാഹിത്യപ്രവർത്തക സഹകരണസംഘത്തിൽ ഒരു പ്രാഥമികഅംഗം പോലുമല്ലാത്ത ഞാൻ കുറേ കൂടി സ്വാന്ത്ര്യം എടുത്തുകൊണ്ട് രാജഗോപാലനോട് അപേക്ഷിച്ചു. ആ തീരുമാനം മാറ്റണം. മഞ്ഞ് പിന്നെയും പെയ്യുന്നു എന്ന കഥ ഉൾപ്പെടുത്തണം. ആലോചിക്കാം എന്നദ്ദേഹം മറുപടി തന്നു. പക്ഷെ പിന്നീട് എന്നെ വിളിച്ചറിയിച്ചു. ആ കഥ വളരെ ദൈർഘ്യമുള്ളതാണ്. 150 കഥകൾ ഉൾപ്പെടുന്ന ഒരു പുസ്തകത്തിൽ അത്ര വലിയ കഥ ചേർക്കുന്നതിൽ സാങ്കേതികപ്രശ്നമുണ്ട്.

ഞാൻ ഈ പ്രശ്നം മറ്റൊരു എഡിറ്ററായ വി.രമേഷ്ചന്ദ്രന്റെ മുമ്പാകെ അവതരിപ്പിച്ചു. വിജയൻ മാഷോടും, സി.വി.ശ്രീരാമനോടും പറഞ്ഞു. ഇ.പി. രാജഗോപാലൻ ആ കഥ അതിനിടെ വായിക്കാനിടയായി. അവസാനം 'മഞ്ഞു പിന്നെയും പെയ്യുന്നു' എന്ന കഥ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

അങ്ങനെ മലയാളി വായനാസമൂഹത്തിന്റെ മുമ്പാകെ ഇന്ന് ആ കഥ ഉണ്ട്. അഭിവന്ദ്യരായ സൗന്ദര്യശാസ്ത്രവിശാരദന്മാരെ, കഥയുടെ കുലപതികളെ, കഥയുടെ രാജശിൽപികളെ, കഥക്ക് ആദ്യമായി വയലാർ അവാർഡ് പൊരുതി നേടിയ ബഹുമാന്യനായ ശ്രീ ടി.പത്മനാഭൻ അവർകളെ (ഞങ്ങളുടെ പ്രിയപ്പട്ട പപ്പേട്ടൻ) വിനയപുരസരം ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. ഡി.എം. പൊറ്റെക്കാടിന്റെ 'പിന്നെയും മഞ്ഞ് പെയ്യുന്നു' എന്ന കഥ നീങ്ങളൊന്നു വായിക്കണം. അത്രമാത്രം.





വയലാർ രാമവർമ്മയും ഡി. എം. പൊറ്റേക്കാടും

# ഓർമ്മകളിലെ പൊറ്റേക്കാട്

## പി. യു. ഗംഗാധരൻ

നവംബർ 11 ഡി.എം പൊറ്റേക്കാടിന്റെ 13-ാം ചരമവാർഷികമാണ്. സാഹിത്യത്തിന്റെ ഉന്നതശ്രേണിയിൽ എത്തുംമുമ്പെ അകാലത്തിൽ പൊലിഞ്ഞുപോയ ഡി. എം. പൊറ്റേക്കാടിനെ ഇന്നത്തെ തലമുറക്ക് ഏറെക്കുറെ അജ്ഞാതമാണ്. കെ.പി.ജി, വയലാർ, നടരാജൻ, പുതുശ്ശേരി എന്നിവരുടെ സമശീർഷനായ ഡി. എം പൊറ്റേക്കാട് കേരളത്തിന്റെ കഴിഞ്ഞപോയ സാംസ്ക്കാരിക സാഹിത്യമുന്നേറ്റത്തിന്റെ വസന്തകാലഘട്ടത്തിൽ രചിച്ച രചനകൾ ഏറെ ചലനങ്ങൾ സൃഷ്ടിച്ചതാണ്.

ചെറുപ്രായത്തിൽ സിലോണിൽ പോയിരുന്ന പൊറ്റേക്കാട് അന്ന് നിരോധിക്കപ്പെട്ടിരുന്ന ചങ്ങമ്പുഴയുടെ 'രമണന്റെ' ഒരു കൈയെഴുത്തു കോപ്പിയുമായുമായാണ് നാട്ടിൽ തിരിച്ചെത്തിയത്. സമകാലികനായ യുവാക്കളുടെ ഇടയിൽ ഈ പുസ്തകം ഒരു ഹരമായിമാറി. നാട്ടിൽ ഇടതുപക്ഷ സോഷ്യലിസ്റ്റ് - ദേശീയ പ്രസ്ഥാനങ്ങൾ നാമ്പിട്ടുവരുന്ന കാലം രമണൻ വായിച്ച് ആസ്വദിക്കാനും അതു പകർത്തിയെടു ക്കാനും ചെറുപ്പക്കാർ അനുദിനം അദ്ദേഹത്തിനുചുറ്റും കൂടാറുണ്ടായിരുന്നു. പൊറ്റേക്കാടിന്റെ പിൽക്കാലത്തെ സാഹിത്യ- സാംസ്ക്കാരിക - കലാപ്രവർത്തനത്തിനു ആ കൂടിച്ചേരലുകൾ സഹായകമായിത്തീർന്നിട്ടുണ്ട്. അങ്ങനെയാണ് 1945 ൽ നാട്ടിക മണ്ഡലത്തിൽ ആദ്യമായി ഒരു ജനകീയ നാടകസംഘം രൂപമെടുത്തത്. ടിക്കറ്റ് വെച്ച് ഏങ്ങണ്ടിയൂർ, തളിക്കുളം തുടങ്ങിയ സ്ഥലങ്ങളിൽ വിജയകരമായി പ്രദർശിപ്പിച്ച 'പ്രേമാഞ്ജലി' എന്ന ഡി. എമ്മിന്റെ നാടകം സുപ്രസദ്ധമാണ്. ജോസഫ് ആന്റണി, രാമു കാര്യാട്ട്, ചന്ദ്രശേഖരൻ വന്നേരി എന്നീ പ്രമുഖനടന്മാർക്ക് പുറമെ, പള്ളിക്കും പട്ടക്കാരനും വെല്ലുവിളികൾ ഉയർത്തി രംഗത്തുവന്ന കുമാരി ത്രേസ്യ, ഒരു യാഥാസ്ഥിതിക നായർ കുടുംബത്തിൽ നിന്നുവന്ന സരസു എന്നിവരെ പരിശീലിപ്പിച്ചു രംഗത്ത് അവതരിപ്പിക്കുകയെന്നത് ശ്രമകരമായൊരു പണിയായിരുന്നു അക്കാലത്ത്. 'ഭക്തദാസി' എന്ന മറ്റൊരു നാടകവും അരങ്ങേറുന്നതിനു സജ്ജമാക്കിയിരുന്നു. കൂടാതെ പല നല്ല നാടകങ്ങളും പൊറ്റേക്കാട് എഴുതിയിട്ടുണ്ട്. പാർട്ടിയോഗങ്ങളിൽ കേരളത്തിൽ അങ്ങോളമിങ്ങോളം അവതരിപ്പിച്ചിട്ടുള്ള 'അടുത്ത തെരഞ്ഞടുപ്പ്' അതിലൊന്നാണ്.

സിലോണിലും നാട്ടിലുണ്ടായിരുന്ന അനേകം പ്രസംഗ പരിശീലന - സാഹിത്യ-കലാസമിതികളിൽ ഡി. എം പങ്കെടുത്തിട്ടുണ്ട്. ആ അറിവും അനുഭവങ്ങളും തന്റെ സൃഷ്ടിയിലേക്ക് പകർത്താനും, നല്ലൊരു വാഗ്മിയായി ഉയരാനും കഴിഞ്ഞു.

ക്വിറ്റിന്ത്യാ സമരത്തോടനുബന്ധിച്ച് നേതാക്കൾ അറസ്റ്റ് ചെയ്യപ്പെട്ടതിനു വലപ്പാട് വെന്നിക്കൽ മൈതാനത്തിൽ ഒരു വമ്പിച്ച പ്രതിഷേധയോഗം നടക്കുന്നു.അധ്യക്ഷൻ ഇ കെ രാമാനുജം ആയിരുന്നു. പ്രാസംഗികൻ ഡി എം പൊറ്റേക്കാടും- സമ്മേളനത്തിനു ചുറ്റും ലാത്തിചുഴറ്റി കണ്ണുരുട്ടി കവാത്തുനടത്തുന്ന പോലീസ് സംഘം. ബ്രിട്ടന്റെ ആ ചോറ്റുപടയുടെ ദുഷ്ചെയ്തികളെ കർക്കശമായി തൊലിയുരിച്ചു കശക്കി; ജനങ്ങളുടെ സടകുടഞ്ഞുള്ള മുന്നേറ്റത്തിൽ സാമ്രാജ്യത്വം അറബിക്കടലിൽ മുങ്ങിപ്പോകുമെന്ന പ്രവചനം പിന്നെ ഒരു ആഹ്വാനം, ജപ്പാൻ പടിക്കലെത്തുന്നേ, സൂക്ഷിക്കണം, ഫാസ്റ്റിസ്റ്റ് ജപ്പാനെയും തകർക്കണം! ആ വാക്ധോരണി ഒരു പ്രവാഹമായിട്ടാണ് അനുഭവപ്പെട്ടത്.

അനുദിന രാഷ്ട്രീയ പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്ന ഡി എമ്മിനെ പോലീസ് അക്കാലത്ത് പല കേസ്സുകളിലുംപെടുത്തിയിരുന്നു. നിരോധിച്ച ചെങ്കൊടി ഏന്തി ജാഥ നയിച്ചു എന്നത് അതിലൊന്നാണ്. അപ്പോളെല്ലാം പൊലീസിനു പിടികൊടുക്കാതെ സഖാവ് ഒളിവിൽ കഴിഞ്ഞു. ജാപ്പ് വിരുദ്ധയുദ്ധത്തിൽ ഫലപ്രദമായി രാജ്യത്തെ സേവിക്കാൻ പാർട്ടിയുടെ നിർദ്ദേശമനുസരിച്ച് പൊറ്റേക്കാട് എയർഫോഴ്സിൽ ചേർന്നു. യുദ്ധം അവസാനിച്ചപ്പോൾ പിരിഞ്ഞുപ്പോന്നു. വീണ്ടും സാഹിത്യസപര്യയിലും രാഷ്ട്രീയത്തിലും സജീവമായി. ആയിടെയാണ് 'പടയാളി' എന്നൊരു സമാഹാരം പ്രസിദ്ധീകരിച്ചത്.

ഡി എം പൊറ്റേക്കാട് വീണ്ടും സിലോണിലേക്ക് പോയി. ദേശാഭിമാനിക്കു ഫണ്ട് സമാഹരിക്കുന്നതിനു എ കെ ജിയും സിലോണിലെത്തി. മലയാളികൾ ആ ദ്വീപിൽ കൂട്ടമായി താമസിക്കുന്ന സ്ഥലത്തെല്ലാം

ഫണ്ടുപിരിവ് സംഘടിപ്പിക്കാനും എ കെ ജിയുടെ പരിപാടികൾ ആസൂത്രണം ചെയ്യാനും ഡി എം മുൻനിന്നു പ്രവർത്തിച്ചു. ചുറുചുറുക്കോടെ കാര്യങ്ങൾ നീക്കാനും എഴുതാനും കഴിവുള്ള ചെറുപ്പക്കാരൻ എന്ന നിലയിൽ പൊറ്റേക്കാടിനെ എ കെ ജിക്ക് ഇഷ്ടപ്പെട്ടു. ഡി എമ്മിനെ ദേശാഭിമാനി സ്റ്റാഫായി നിയമിച്ചു. അങ്ങനെയാണ് അദ്ദേഹം ദേശാഭിമാനിയിൽ എത്തിയത്.

ആദ്യം ദേശാഭിമാനിയുടെ സ്റ്റാഫ് ലേഖകനായി എ കെ ജിയുടെ കൂടെ സഞ്ചരിച്ച്, എ കെ ജിയുടെ പ്രസംഗങ്ങളും പരിപാടികളും റിപ്പോർട്ടു ചെയ്യുന്ന ചുമതലയാണ് കിട്ടിയത്. കൂടാതെ ചില ലേഖനങ്ങളും കഥകളും പത്രത്തിൽ എഴുതിക്കൊണ്ടിരുന്നു, ദേശാഭിമാനിയുടെ പത്രാധിപൻമാരെ കൂട്ടത്തോടെ ഗവർമെണ്ട് ഒരിക്കൽ അറസ്റ്റ് ചെയ്തു ജയിലിൽ അടച്ചപ്പോൾ പൊറ്റേക്കാടിനു ദേശാഭിമാനിയുടെ പത്രാധിപസമിതി അംഗമെന്ന നിലയിലും പ്രവർത്തിക്കേണ്ടി വന്നു. ദേശാഭിമാനി നിരോധിച്ചപ്പോൾ തൃശ്ശൂരിൽ നിന്നിറങ്ങിയ 'റിപ്പബ്ലിക്ക്' ദിനപത്രത്തിലും സഖാവ് പ്രവർത്തിച്ചു. പിന്നീട്, എറണാകുളത്തുനിന്നു ആരംഭിച്ച ഒരു സായാഹ്നപ്പത്രത്തിന്റെ എഡിറ്ററായിരുന്നു.

തന്റെ സുഹൃത്തുക്കളായിരുന്ന പി ഭാസ്കരനും രാമുകാര്യാട്ടും സിനിമയിൽ വിജയത്തിൽ നിന്ന് വിജയത്തിലേക്ക് കുതിക്കുന്ന കാലമായിരുന്നു അത്. ഡി എം പൊറ്റേക്കാട് സാഹിത്യവേദി വിട്ടു സിനിമയിലേക്ക് കുടിയേറി . പക്ഷേ, മടിശ്ശീലക്ക് കനമില്ലാത്തവർക്ക് പടം പിടിക്കൽ അത്ര എളുപ്പമാണോ? പണം ഉള്ളവർ കന്നിക്കാരനായ ഒരാളെ സിനിമാ നിർമ്മാണത്തിനു സഹായിക്കുമോ?എങ്കിലും സിനിമാതാരങ്ങളും, തൊഴിലാളികളും പൊറ്റേക്കാടിന് നല്ല സഹകരണങ്ങളും പ്രോത്സാഹനങ്ങളും നൽകി. ചില സുഹൃത്തുക്കളുടെ സാമ്പത്തിക സഹായങ്ങളും ആശീർവാദവും ചേർന്നപ്പോൾ ഡി എമ്മിന്റെ പ്രഥമചിത്രം 'രമണൻ' പുറത്തിറങ്ങി. അതൊരു വിജയമായിരുന്നു. തുടർന്നു ചങ്ങമ്പുഴയുടെ 'കളിത്തോഴി' യും പൊറ്റേക്കാട് ചലചിത്രമാക്കി.

സോവിയറ്റ് പര്യടനത്തിനുശേഷം ഡി എം പൊറ്റേക്കാട് മറ്റൊരു ചിത്രത്തിന്റെ കടലാസ് പണികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നതിടയിലാണ് രോഗം ബാധിച്ച് മദ്രാസ് ആശുപത്രിയിൽ 1971 നവംബർ 11-ാം തിയ്യതി നിര്യാതനായത്.

നാടകങ്ങൾക്കു പുറമേ 'പ്രേമപൂജ' ',ദേശഭക്തിഗാനങ്ങൾ' (കവിതാ സമാഹാരങ്ങൾ)എന്നിവയും പടയാളി, മുക്തിയുദ്ധം, ചോരപ്പൂക്കൾ, രക്തസാക്ഷിക്കലു........, ഏഴു ദിവസങ്ങൾ എന്നീ ചെറുകഥാ സമാഹാരങ്ങളും പുസ്തകരൂപത്തിൽ ഡി എമ്മിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'മരിക്കാൻ മേലാ'തുടങ്ങിയ തില സിനിമാ തിരക്കഥകളും മുദ്രണം ചെയ്തിട്ടുണ്ട്. സർദാർ ഗോപാലകൃഷ്ണന്റെ രക്തസാക്ഷിത്വ മുഹൂർത്തത്തെ വിവരിക്കുന്ന 'പേന പറഞ്ഞ കഥ' മുതൽ പല കഥകളും സമാഹരിക്കാതെ കിടപ്പാണ്. പാർട്ടി പ്രവർത്തനം നിരോധിച്ചിരുന്ന കാലഘട്ടത്തിൽ തിരുവിതാംകൂർ ഭാഗത്തുനിന്ന് ഇറങ്ങിയിരുന്ന വാരികകളിലും മാസികകളിലും ഡി എമ്മിന്റെ ചെറുകഥകൾ അനേകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ, അതൊക്കെ പുസ്തക രൂപത്തിലാക്കിയിട്ടുണ്ടോ എന്നറിയില്ല.

ഡി. എം. പൊറ്റേക്കാട് അന്തരിച്ചിട്ട് പതിമൂന്നു വർഷമായി. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താൻ സ്ഥിരമായ ഏർപ്പാടുകളൊന്നും ഇനിയും ഉണ്ടായിട്ടില്ല. രാഷ്ട്രസേവനത്തിനു സർവവും സമർപ്പിക്കുകയും വ്യക്തിമുദ്രകൾ പതിപ്പിക്കുകയും ചെയ്ത ഡി.എം. പൊറ്റേക്കാടിനെ കേരളജനത മറന്നുകളയുമോ ?.

**സ്മരണാഞ്ജലി**

ഐ.കെ. നാരായണൻ
വാടാനപ്പള്ളി


സേവനത്തിന്റെ ഏഴാം വർഷത്തിലേക്ക്

**അമ്മ ഹോം നഴ്സിങ്ങ്**

**തെക്കേ നട, കൊടുങ്ങല്ലൂർ - 680 664**

**Tel : 0488 - 804080 (0) 803070 (R)**

**Branches : -**

**(1) N. പറവൂർ Tel :0484 - 446300**

**(2) കോഴിക്കോട് Tel :0495 - 760003**

ജനുവരി 15 – 1978 ദേശാഭിമാനി വാരിക

# ബഹുമുഖ പ്രതിഭക്ക് പരിമിതമായ ഒരു സ്മാരകം



ഡി. എം. പൊറ്റെക്കാട്

## പുസ്തകനിരൂപണം

**കെ. പി. മോഹനൻ**

കഥാസാഹിത്യത്തിന്റെ നൂതന ശൈലികളും, സങ്കേതങ്ങളുമായി ബന്ധപ്പെട്ടു കഴിഞ്ഞിട്ടുള്ള മലയാളത്തിലെ വായനക്കാർക്ക് ഇന്ന് ഒരുപക്ഷേ ഡി. എം. പൊറ്റെക്കാടിന്റെ കഥകൾ ഒരു മെലോഡ്രാമയുടെ അരോചകത്വം ഉളവാക്കിയെന്നു വരാം. എന്നിട്ടും സാഹിത്യത്തിലെ നൂതനചിന്താധാരകൾക്കു വേണ്ടി നിരന്തരം വാദിക്കുന്ന ദേശാഭിമാനി സ്റ്റഡിസർക്കിളിന്റെ ആഭിമുഖ്യത്തിൽ വീണ്ടും എന്തിന് ഡി എമ്മിന്റെ കഥകൾ സമാഹരിച്ച് പുനഃപ്രകാശനം ചെയ്തു? കാലികമായ പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ, ഒരെഴുത്തുകാരന്റെ ശക്തിയും ദൗർബല്യവും അനാവരണം ചെയ്യുന്ന ഏതൊന്നും കഥകൾ എന്ന നിലയ്ക്ക് പുതിയ എഴുത്തുകാർക്ക് മാർഗദർശനം നൽകത്തക്കതായി എന്തെങ്കിലുമുണ്ടോ ഈ സമാഹാരത്തിൽ എന്നതാണ് നാം ശ്രദ്ധിക്കേണ്ടതു്. കെടാമംഗലവും ഡി. എം. പൊറ്റെക്കാടും മറ്റും തുറന്നടിച്ച പ്രചരണം നടത്താൻ സാഹിത്യമെന്ന മാധ്യമത്തെ ഉപയോഗപ്പെടുത്തി. കലാസാഹിത്യനിർമ്മിതിക്ക് വേണ്ട ഉപാധികളിലൂടെ തുറന്നടിച്ച പ്രചാരണം നടത്തുക എന്നതു് ആശാസ്യമോ അംഗീകാര്യമോ ആയ ഒരു കാര്യമല്ലെന്നും, അതു സാഹിത്യത്തിനു അപകർഷമണയ്ക്കുകയേ ഉള്ളൂ എന്നും ഏംഗൽസടക്കമുള്ള മാർക്സിയൻ ആചാര്യന്മാരെല്ലാം രേഖപ്പെടുത്തിവെച്ചിട്ടുണ്ട്. എന്നാൽ ഡി.എം. പൊറ്റെക്കാടും, കെടാമംഗലവും കെ പി ജി യും മറ്റും സാഹിത്യരചനയിലേർപ്പെട്ട കാലത്തു കാലിക സാമൂഹ്യ പ്രശ്നങ്ങളൊഴികെ മറ്റെന്തും തുറന്നടിച്ച് പറയാമെന്നും, അതു് പറയുമ്പോൾ വാക്കുകൾക്കുള്ള പന്തവും ഗന്ധവുമല്ലാതെ മറ്റൊന്നും തന്നെ ശ്രദ്ധിക്കേണ്ടതായിട്ടില്ലെന്നും വിശ്വസിക്കാൻ പലരും നിർബന്ധിക്കപ്പെട്ട കാലമായിരുന്നു. പ്രസ്ഥാനങ്ങളേയും പ്രവണതകളേയും എതിർക്കേണ്ടിവന്നപ്പോഴെല്ലാം, എതിർക്കപ്പെട്ട വസ്തുതയുടെ അപരധ്രുവത്തിൽ ചെന്നെത്തി നിൽക്കുക എന്ന ഒരുഗതികേട് സാഹിത്യത്തിലുണ്ടായിട്ടുണ്ട്. സങ്കേതബദ്ധമായ ക്ലാസിസത്തോട് കാല്പനികതയ്ക്കുണ്ടായിരുന്ന പ്രതിഷേധം, അതിരുകടന്ന ഒരു ഉച്ഛൃംഖലതയിൽപോയി പര്യവസാനിച്ചതു്, സംസ്കൃത ബഹുലതയ്ക്കെതിരെയുള്ള പ്രതിഷേധം പച്ചമലയാളപ്രസ്ഥാനത്തിൽ പോയി അവസാനിച്ചതു് അങ്ങനെ എത്രയോ ഉദാഹരണങ്ങൾ ഇക്കാര്യത്തിൽ നമുക്ക് എടുത്തുകാണിക്കാൻ കഴിയും. അതുപോലെ സാഹിത്യത്തിൽ രൂപഭംഗികൾക്കു കൂടുതൽ പ്രാധാന്യം കല്പിച്ചിരുന്ന ഒരു കാലത്തു് ഉള്ളടക്കത്തിന്റെ പ്രാധാന്യം ആവർത്തിച്ചുറപ്പിക്കുമ്പോൾ പ്രശ്നത്തിന്റെ മറുകോണിൽ ചെന്നു നില്ക്കേണ്ട ഒരു സാഹചര്യം നമുക്കുണ്ടായി എന്നും,

ഇന്ന് നാം ആ പഴയ കാഴ്ചപ്പാടിൽ വന്ന തെററ് തിരുത്തിക്കൊണ്ടിരിക്കുകയാണെന്നും, ശൂപക്ഷത്രതാവാദത്തെ ഓർമ്മിച്ചുകൊണ്ട് പറയാൻ കഴിയും. പ്രമേയാവിഷ്കരണത്തിന്റെ കാര്യത്തിൽ ഒട്ടൊരു അമിതാവേശവും തൽഫലമായ അനൗചിത്യവും ഉണ്ടെങ്കിലും, ഇന്ന് നാം വിഭാവനം ചെയ്യുന്ന തരത്തിൽ നവഭാവരൂപ സംയുക്തമായ ഒരു ആധുനികതക്ക് ആവിഷ്കരണം കൊടുക്കുന്നതിൽ പരോക്ഷമായെങ്കിലും ഈ പൂർവ്വകാലപാർടി സാഹിത്യകാരന്മാർ ഒരു വലിയ സംഭാവന നൽകിയിട്ടുണ്ടെന്ന് എടുത്തു പറഞ്ഞേ തീരൂ. പ്രത്യേകിച്ച് ഉള്ളടക്കം സമകാലികപ്രസക്തിയുള്ളതും സോദ്ദേശ്യവുമാകണം എന്ന കാര്യം ഊന്നിപ്പറയുന്ന കാര്യത്തിൽ ഡി. എം. പൊററക്കാടിനെപ്പോലുള്ള വർക്കുള്ള പങ്ക് എടുത്തുപറയാതിരിയ്ക്കാനാവില്ല. പുരോഗമനസാഹിത്യത്തിന്റെ വികാസത്തിന്റെ ഒരുസവിശേഷദശാസന്ധിയിൽ അതിനുണ്ടായിരുന്ന ശക്തികളും ദൗർബല്യങ്ങളുമെന്തായിരുന്നു എന്നു മനസ്സിലാക്കാൻ തീർച്ചയായും ഈ കൃതികൾ നമ്മെ സഹായിക്കുന്നു. അന്ന് ചെയ്യാൻ കഴിയാതെ പോയ ചില കടമകളുടെ കടം വീട്ടുകയാണ് പ്രസ്തുതകൃതിയുടെ പ്രകാശനം വഴി നാം സാധിക്കുന്നത് എന്നുകൂടി പറയേണ്ടിയിരിക്കുന്നു. കലാസാംസ്കാരികരംഗത്ത് സ്ഥിരോത്സാഹിത്വം എന്നോ, അമിതാവേശം എന്നോ വിശേഷിപ്പിക്കത്തക്ക തരത്തിലുള്ള ഒന്നായിരുന്നു ഡി എമ്മിന്റെ വ്യക്തിത്വം. അദ്ദേഹത്തിന്റെ ശ്രദ്ധപതിയാത്ത സാംസ്കാരിക മേഖലകളുണ്ടായിരുന്നില്ല എന്നു തന്നെ പറയാം. ഇരുപതാംനൂററാണ്ടിന്റെ ദൃശ്യമാധ്യമം എന്നു വിശേഷിപ്പിക്കാവുന്ന സിനിമയുടെ രംഗത്തുപോലും തന്റെ പ്രതിഭയെ വ്യാപരിപ്പിക്കണമെന്ന് അദ്ദേഹത്തിനാഗ്രഹമുണ്ടായിരുന്നു. എല്ലാത്തിനേയും നേടാനുള്ള അമിതമായ ആവേശത്തിൽ നേടാനാഗ്രഹിച്ച പലതും പൂർണ്ണരൂപത്തിൽ നേടാനാവാതെ പോയ നിർഭാഗ്യവാനായിരുന്നു ഡി. എം. പൊററക്കാട് എന്നുകൂടി പറയേണ്ടിയിരിക്കുന്നു. ചെറുകഥയുടെ രംഗത്തും തന്റെമോഹങ്ങളെ പൂവണിയിക്കാനോ ഫലസിദ്ധിയിലെത്തിക്കാനോ പൂർണ്ണരൂപത്തിൽ ഡി എം.പൊററക്കാടിനുകഴിഞ്ഞില്ല. വ എമ്മിനെപ്പോലെ ഫൂംടൈമർ എന്ന വിശേഷിപ്പിക്കാൻ കഴിയാത്തതപോലും, ഡി എം അവതരിപ്പിയ്ക്കാൻ ഗ്രഹിച്ച കാര്യങ്ങളെ കൂടുതൽ സമർത്ഥമായി അവതരിപ്പിക്കുകയുണ്ടായ അവരിൽ പലരുടെയും ആത്മാർത്ഥ കാലം തെളിയിച്ചു. 'നാളെയുടെ പാടിയ' സാഹിത്യനായകന്മാർ ഇന്ന് 'നാണയങ്ങാം' പകരം ചോദിക്കുന്നു ആപേക്ഷികമായി നോക്കുമ്പോൾ അല്ല വിഭവനെങ്കിലും, ഡി. എം. പൊററെ



ഡി. എം, ഇ. എം. എസിനോടൊപ്പം

ക്കാടിന്റെ ആത്മാർത്ഥതയും ആർജ്ജവവും ഈ സമാഹാരത്തിലെ കഥകളിൽ തുളുമ്പിനിൽക്കുന്നു.

ഡി. എം പൊററക്കാടിന്റെ പ്രസ്തുത സമാഹാരത്തിലെ എട്ടുകഥകളും പൊലീസ് മർദ്ദനത്തിനെതിരെ ചെറുത്തുനിൽക്കുന്ന തൊഴിലാളിവർഗ ബോധത്തിന്റെ കഥകളാണെന്നു പറയാം. ഈ സാമാന്യപ്രസ്താവനക്ക് ഒരു അപവാദം എന്നു പറയാവുന്നത് രാജ്യം പുരോഗമിക്കുകയാണ് എന്ന കഥ മാത്രമാണ്. മററെല്ലാ കഥകളും പൊലീസ് മർദ്ദനങ്ങളെ വീറോടെ ചെറുത്തുനിൽക്കുന്ന സ്ത്രീത്വത്തിന്റേയോ കൗമാരത്തിന്റേയോ യുവത്വത്തിന്റേയോ കഥകളാണ്. ഉയരുന്ന മുഷ്ടി എന്ന ആദ്യത്തെ കഥ അക്രമത്തിനും അനീതിക്കുമെതിരെ ലാവവമിച്ച് പുകഞ്ഞടങ്ങിയ ഒരു അഗ്നിപർവ്വതത്തിന്റേതാണ്. ഇട



ഡി. എം, വയലാറിനോടൊപ്പം

ശ്ശീടെ ബോധംകെട്ട്, രക്തംഛർദ്ദിച്ച്, ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്ന ആ സ്വാതന്ത്ര്യപ്പോരാളിയെ സ്വതന്ത്ര ഇന്ത്യയിലെ പൊലീസ് രാജ്യരക്ഷയുടെ പേരിൽ മരണശയ്യയിൽ നിന്ന് അറസ്റ്റ് ചെയ്തുകൊണ്ടുപോകുന്നതിന്റെ ചിത്രമാണ് പ്രസ്തുതകഥയിൽ. പൊലീസ് വണ്ടിയിലേക്കു കയറുന്ന ആ അവസാനനിമിഷത്തിൽ ശൂന്യമായ കണ്ണുകളോടെ തിരിഞ്ഞുനോക്കുന്ന ആ പിതാവിന്റെ ദൃഷ്ടി, ചുരുട്ടിയ മുഷ്ടികളുമായി ലാൽസലാം പറഞ്ഞുനിൽക്കുന്ന കൊച്ചുമകന്റെ മുഖത്താണ് പതിയുന്നത്. തലമുറകളിൽനിന്ന് തലമുറകളിലേക്ക് കൈമാറുന്ന പുരോഗമനസന്ദേശത്തിന്റെ ദീപ്തമുഖമായ വശം ചിത്രീകരിച്ചുകൊണ്ട് പ്രസ്തുതകഥ അവസാനിക്കുന്നു. തൊഴിലവസരങ്ങാം നിഷേധിക്കുന്ന, കൂലികൂടുതൽ ചോദിച്ചാൽ തിരിഞ്ഞടിക്കുന്ന മുതലാളിത്തത്തിനുനേരെ തൊഴിലാളിവർഗം ക്രമേണ ചെറുത്തുനിൽപ്പ് സംഘടിപ്പിക്കുന്നതിന്റെ ചിത്രമവതരിപ്പിക്കാനാണ് ഏഴുദിവസങ്ങാം എന്നകഥയിലൂടെ എഴുത്തുകാരൻ ശ്രമിക്കുന്നത്. ചകിരിതൊഴിലാളിയായ ഗോപാലന്റെ നിശ്ചയദാർഢ്യത്തിന്റേയും, അവകാശബോധത്തിന്റേയും മുമ്പിൽ മുതലാളിത്തത്തിന്റെ മുട്ടുമടങ്ങുന്നതും, തൊഴിലാളിവർഗത്തിന്റെ ശിരസ്സുനിവരുന്നതും പ്രസ്തുതകഥയിലൂടെഡി.എം. പൊററക്കാട് ചിത്രീകരിക്കുന്നു. മൃത്യുവിനെ മധുരീകരിക്കുന്ന ധീരോദാത്തമായ ഒരു രക്തസാക്ഷിത്വത്തിൽ നിന്ന് ആവേശംകൊണ്ട് കാക്കിയഴിച്ചെറിയുന്ന ഭരണകൂടത്തിന്റെ കാവല്ലാരനെ അവതരിപ്പിക്കുകയാണ് മരണത്തിന്റെ മാധുര്യം എന്ന കഥയിലൂടെ. മാനവവർഗത്തിന്റെ മോചനത്തിനുവേണ്ടി പോരാടുന്ന രക്തസാക്ഷിയെ കൊല്ലുമ്പോാം, താൻ തന്നെ തന്നെയാണ് കൊല്ലുന്നത് എന്ന ബോധം ആ പൊലീസുകാരനുണ്ടാകുന്നു. കഠക്കികുള്ളിലെ ഹൃദയത്തെപ്പോലും സ്വാധീനിക്കാൻ കഴിയുന്ന രക്തസാക്ഷിത്വത്തെ പ്രസ്തുത കഥയിലൂടെ ഡി എം അവതരിപ്പിക്കുന്നു. മർദ്ദനയന്ത്രത്തിനെതിരെ സധീരം പോരാടാൻ വരുന്ന സ്ത്രീത്വത്തിന്റേയും ബാല്യത്തിന്റേയും കഥയാണ് ഓണനിലാവിൽ. വിയത്നാം ചെറുത്തുനിൽപുകളും അതിൽ അന്നാട്ടിലെ സ്ത്രീകാംക്കുള്ള പങ്കും അറിയുന്ന നാം ഇന്ന് ഓണനിലാവിലെ മാധവിയെ കൂടുതൽ അടുത്തറിയുന്നു.

'രാജ്യം പുരോഗമിയ്ക്കുകയാണ്' എന്ന കഥ, കുത്തഴിഞ്ഞ കോൺഗ്രസ് ഭരണം നാട്ടിലുണ്ടാക്കിയ പട്ടിണിയും പരിവട്ടവും, കുത്തഴിഞ്ഞ എത്താനും ജീവിതങ്ങളുടെ ചിത്രീകരണത്തിലൂടെ ഭംഗ്യന്തരേണ അവതരിപ്പിക്കുന്നു. കളവു പറഞ്ഞു പററിയ്ക്കാനും, വ്യഭിചരിയ്ക്കാനും, അവ

സാനം അപമാനത്തിൽ നിന്നു മോചനമെന്ന നിലയിൽ ആത്മഹത്യ ചെയ്യാനും നമ്മെ പ്രേരിപ്പിക്കുന്ന കയ്പേറിയ ഭൗതിക യാഥാർത്ഥ്യങ്ങളുടെ അനാവരണത്തിലൂടെ, സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ നിരാശകളുടെയും മോഹഭംഗങ്ങളുടെയും ചിത്രം അവതരിപ്പിക്കുകയാണ് 'രാജ്യം പുരോഗമിക്കുകയാണ്' എന്ന കഥ. 'മുക്തിയുദ്ധം' ഏതാനും ശിഥില ചിത്രങ്ങളുടെ അവതരണമാണ്. പഞ്ഞത്തിനു നടുവിൽ പൂഴ്ത്തിവെപ്പിനെതിരെ കലാപം സംഘടിപ്പിക്കുന്ന തൊഴിലാളികളുടെ ചിത്രം, ഇരുമ്പഴികൾക്കകത്തും മർദ്ദനത്തിനെതിരെ സ്വാതന്ത്ര്യദാഹവുമായി കഴിഞ്ഞുകൂടുന്ന ആത്മാവുകളുടെ ചിത്രം, പാപബോധം വേട്ടയാടുന്ന പൊലീസുകാർ പരസ്പരം പോരാടുന്നതിന്റെ ചിത്രം— അങ്ങനെ ഏതാനും ശിഥില ചിത്രങ്ങളുടെ ഏകീകരണമാണ് മുക്തിയുദ്ധം എന്ന കഥ. കൂട്ടത്തിൽ ഏററവും ആവേശോജ്വലമായ കഥയെക്കുറിച്ച് അവസാനം പറയട്ടെ—'രക്തസാക്ഷികളല്ലേ', എന്ന കഥയെപ്പററി. സ്വാതന്ത്ര്യദാഹം പൂണ്ട ഒരു ജനതയെ ഭരണകൂടം ഒന്നടങ്കം കശാപ്പുചെയ്ത ഒരു രണഭൂമിയിൽ ചിതറിക്കിടക്കുന്ന ശവക്കൂനകൾക്കരികിലൂടെ എഴുത്തുകാരനും സുഹൃത്തും നടക്കുന്നു. അന്നാ കലാപത്തിൽ പങ്കാളിയായ സുഹൃത്ത്, ആവേശപൂർണ്ണമായ ഒരു ബാല്യത്തിന്റെ സ്മരണ അയവിറക്കുന്നു. വെടിവെപ്പിൽ മരിച്ചവരുടെയും, പാതിമരിച്ചവരുടെയും ശരീരങ്ങൾ വാരിക്കൂട്ടി പെട്രോളൊഴിച്ചു ചുടുന്ന പൊലീസുകാർക്കിടയിൽ നിന്ന് പാതി ജീവനുമായവശേഷിക്കുന്ന രക്തസാക്ഷികളെ തിരഞ്ഞു കണ്ടുപിടിച്ച് ക്യാമ്പിലെത്തിക്കാൻ നിയുക്തനായ ഒരു ബാലന്റെ കഥ—രക്തസാക്ഷികളുടെ വിരിമാറിലൂടെ കടന്നുപോകുന്ന റോഡിലെ അവസാനത്തെ കലുങ്കിന്റെ നിർമ്മാണം പൂർത്തിയാക്കിയ ദിവസം സിമന്റുണങ്ങാത്ത ആ കലുങ്കിൽ തന്റെ വികലമായ കൈപ്പടയിൽ അവനെഴുതിയിട്ടു—'രക്തസാക്ഷികളല്ലേ'. ആ എഴുത്ത് പൂർത്തിയാക്കാൻ കഴിയുന്നതിനുമുമ്പ് ആ ബാലൻ പട്ടാളത്തിന്റെ തോക്കിനിരയായി. ചൈതന്യോജ്വലമായ ഈ രക്തസാക്ഷിത്വത്തിന്റെ കഥ പ്രസ്തുത സമാഹാരത്തിലെ ഏററവും നല്ല കഥയായി എനിക്കു തോന്നുന്നു.

എന്തെല്ലാം ന്യൂനതകളുണ്ടെങ്കിലും, ഡി എം പൊറേറക്കാടിന്റെ കഥകളിലെ തുളുമ്പിനിൽക്കുന്ന ആത്മാർത്ഥതയ്ക്ക് അനുവാചകന്റെ ആദരം പിടിച്ചു പററാനുള്ള കഴിവുണ്ട്. ഒരു നിമിഷം നമ്മുടെ മനസ്സിനെ പിടിച്ചുനിർത്തി കടന്നുപോകുന്ന ശരാശരി കഥകൾ എന്ന് നമുക്കീ സമാഹാരത്തെ വിശേഷിപ്പിക്കാം. മരണാനന്തരം പ്രസിദ്ധീകൃതമാകുന്ന പ്രസ്തുത കൃതിക്കുവേണ്ടി കഥകൾ തെരഞ്ഞെടുത്തവരെക്കുറിച്ചുകൂടി ഒരു വാക്ക് പറയാതെ ഇതു് അവസാനിപ്പിക്കാനാവില്ല. ആവർത്തനത്തിന്റെ അരോചകത്വം ഉളവാക്കുന്ന തരത്തിൽ സദൃശപ്രമേയങ്ങളായ ഏതാനും കഥകൾ നിരത്തിവെച്ചു വഴി, തെരഞ്ഞെടുപ്പൊന്നും നടത്തിയില്ലെന്നും മാത്രമല്ല, ഡി എം പൊറേറക്കാടിന്റെ ബഹുമുഖമായ പ്രതിഭയുടെ വിവിധ വശങ്ങളെ അനാവരണം ചെയ്യുന്നതിൽ പരാജയപ്പെടുക വഴി ആ പ്രതിഭയോടു നേരിയൊരു അനാദരവ് അവർ കാണിച്ചിട്ടുണ്ടെന്നു കുററപ്പെടുത്തുകകൂടി ചെയ്യേണ്ടിയിരിക്കുന്നു. എന്തൊക്കെ പരിമിതികളുണ്ടെങ്കിലും ഒരു മോഹത്തിന്റെ സാക്ഷാത്കാരമാണ് പ്രസ്തുത കൃതി. വർഷങ്ങൾക്കു മുമ്പ് ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെ തൃശ്ശൂർ ജില്ലാസമ്മേളനം തൃപ്രയാറിൽവെച്ചു സംഘടിപ്പിച്ച കാലത്ത് മനസ്സിലുണ്ടായിരുന്ന . ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരം. ഒരു കാലഘട്ടത്തിന്റെ സ്മരണയ്ക്ക് ഈ കൃതികൂടി നമുക്കു സൂക്ഷിക്കാം.

---

കവിത

# സ്മരണാഞ്ജലി

## പുഷ്പൻ ചെമ്മാപ്പിള്ളി

തനതുശൈലി തൻ ഉടമയാം
നാനാർത്ഥസൃഷ്ടിതൻ ശക്തിയാം
'ഡി യം പി' യെന്നതുല്യപ്രതിഭ തൻ
ഓർമ്മയ്ക്കു മുന്നിൽ നമിയ്ക്കുന്നു കാലം.
അക്ഷരപ്പൂക്കൾ പെറുക്കിയടുക്കി
കോർത്തു നീയെത്ര പനിനീർപ്പൂമാലകൾ.
കനകങ്ങളെത്ര വിതച്ചുകൊയ്തു, നീ
കൈവെച്ച കർമ്മപഥങ്ങളിലൊക്കെ
നിന്റെ കീർത്തികൾ എന്നും മലയാൺമ തൻ
മാനസത്തിൽ തുടിച്ചു നിൽക്കവെ
സ്മരിപ്പൂ ഞാനും പ്രിയ പൊറ്റേക്കാടേ
നമിപ്പൂ നിൻ സദ്പ്പെരുമയ്ക്കുമുന്നിൽ

# ഡി.എം. പൊറ്റെക്കാടിന്റെ കഥകൾ

## എം. കുട്ടികൃഷ്ണൻ

പുതിയ തലമുറക്ക് ഡി.എം. പൊറ്റെക്കാട് ഏറെ പരിചിതനായിരിക്കില്ല. എന്നാൽ അദ്ദേഹം കഥയെഴുതിയിരുന്ന കാലത്ത് പലർക്കും അദ്ദേഹം ഒരത്ഭുതവും ആവേശവുമായിരുന്നു. മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകൃത്തുകളിലൊരാളായ ശ്രീ. എൻ. മോഹനനെപ്പോലുള്ളവർ പലപ്പോഴും ഇത് തുറന്ന് പറഞ്ഞിട്ടുണ്ട്. മലയാള സാഹിത്യത്തിന്റെ ചുവന്ന ദശകങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന കാലഘട്ടത്തിലാണ് ഈ കഥകളുടേയും പിറവി. ഉറച്ച കമ്മ്യൂണിസ്റ്റ് സഹയാത്രികനായിരുന്ന ഡി.എം. പൊറ്റെക്കാടിന്റെ കഥകളേറെയും രാഷ്ട്രീയ കഥകളാണ്. അല്ലാത്ത ഒന്നാന്തരം കഥകളും ഡി.എം. എഴുതിയിട്ടുണ്ട്. താൻ കണ്ടും അനുഭവിച്ചുമറിഞ്ഞ ജീവിതത്തിന്റെ സ്പന്ദനങ്ങൾ ഇവയിലെല്ലാം കാണാം.

ഡി.എം. പൊറ്റെക്കാടിന്റെ കഥകൾ പുറത്തുവന്ന കാലഘട്ടത്തിലെ രാഷ്ട്രീയാവസ്ഥയ്ക്കും ജീവിതത്തിനും ഏറെ മാറ്റം വന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ ചിലർക്ക് ഈ കഥയിലെ അനുഭവങ്ങൾ അവിശ്വസനീയമായി തോന്നാം. എന്നാൽ ആ കാലത്ത് ജീവിച്ചിട്ടുള്ള ആർക്കും ഡി.എം. ആവിഷ്കരിച്ചിട്ടുള്ള അനുഭവങ്ങളും വികാരങ്ങളും ആത്മാർത്ഥവും സത്യസന്ധവുമാണെന്നറിയാം. തൊഴിലാളിവർഗ്ഗപ്രസ്ഥാനം ഒരു തീച്ചൂളയിൽ ഉരുകിത്തെളിഞ്ഞുകൊണ്ടിരുന്ന കാലത്താണ് ഡി.എം. പൊറ്റെക്കാട്ട് കഥകളെഴുതിയത്. ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിയോടെ തങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാനാവുമെന്നായിരുന്നു നിസ്വരും നിരാലംബരുമായ ജനകോടികളുടെ വിശ്വാസം. പക്ഷേ അനുഭവം മറിച്ചായിരുന്നു. സ്വാതന്ത്ര്യതാൽപ്പരമുള്ള സാഹചര്യങ്ങൾ, ഒരുപക്ഷേ പലപ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കാത്ത വിധവുമായിരുന്നിരിക്കാം. എങ്കിൽ കൂടി ഭരണപക്ഷത്തുനിന്ന് നിരവധി വാഗ്ദാനങ്ങൾ നൽകപ്പെട്ടു. ആ വാഗ്ദാനങ്ങളും ദരിദ്രകോടികളുടെ അനുഭവങ്ങളും തമ്മിലുള്ള അകലം വളരെയായിരുന്നു. വലിയ അസന്തുഷ്ടിക്കും അമർഷത്തിനും ചൈതന്യപൂർണ്ണമായ സമരരൂപം നൽകാൻ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മുന്നോട്ട് വന്നതോടെ ഭരണകൂടത്തിന്റെ മർദ്ദനസംവിധാനമാകെ പൈശാചികമായി രംഗത്തുവന്നു. വർദ്ധിത വീര്യത്തോടെ വിപ്ലവപ്രസ്ഥാനത്തിലേക്കു കുതിച്ചെത്തിയവർക്ക് ഏൽക്കേണ്ടിവന്ന പീഡനങ്ങളും കഷ്ടപ്പാടുകളും വിവരണാധീതമായിരുന്നു. എന്തും പരിത്യജിക്കാനുള്ള സന്നദ്ധതയും നിർഭയത്വവും സഹനശക്തിയും ഉള്ളവർക്കുമാത്രമേ പിടിച്ചുനിൽക്കാൻ കഴിയുമായിരുന്നുള്ളു. ഈ അവസ്ഥയുടെ ഊഷ്മളത ഡി.എം. പൊറ്റെക്കാടിന്റെ കഥകളിലുണ്ട്. സഹനവും ചെറുത്തുനില്പും സർവ്വാതിശായിയായ ധീരതയും ആവശ്യപ്പെടുന്ന ആ പോരാട്ടങ്ങളിൽ ആബാലവൃദ്ധം ജനങ്ങൾ പങ്കാളികളായിരുന്നുവെന്ന് 'ഉയരുന്ന മുഷ്ടി' 'രക്തസാക്ഷിക്കല്ലു' തുടങ്ങിയ കഥകൾ വ്യക്തമാക്കുന്നു.

ധീരമായ ഈ ചെറുത്തുനിൽപ്പിൽ പലരും തളർന്നു വീണു. ചിലർക്ക് ഏറെക്കാലം പിടിച്ചു നിൽക്കാനായില്ല. എന്നിട്ടും തോക്കിനു മുമ്പിൽ വിരിമാറു കാട്ടി ആ സംഗ്രാമഭൂമികൾ രുധിരസിക്തമാക്കിയ രക്തസാക്ഷികളുണ്ടായി. ഇതിലെല്ലാം പങ്കാളിയായിരുന്നു ഡി.എം. പൊറ്റെക്കാട്. ഈ പോരാട്ടങ്ങളിൽ പങ്കെടുക്കുന്ന പോലെത്തന്നെ അപകടകരമായിരുന്നു അവയെക്കുറിച്ചു പറയുന്നതും എഴുതുന്നതുമെല്ലാം. അത്തരമൊരു ഭീകരാവസ്ഥയിൽ പോലും അക്ഷരാർത്ഥത്തിൽ തന്നെ തൂലികയെ പടവാളാക്കി ഈ കഥാകൃത്ത്. കഥകൾ മാത്രമല്ല കവിതകളും നാടകങ്ങളും ആ അമുഗ്രഹീത തൂലികയിലൂടെ ജന്മം കൊണ്ടു. തന്റെ ജന്മനാടിന്റെ നിഷ്കളങ്കജീവിത്തതിലേക്ക് മലബാർ സ്പെഷ്യൽപോലീസിന്റെ കനത്ത ബൂട്ടുകൾ ആഞ്ഞു പതിച്ചപ്പോൾ, കുടിലുകളിൽ കയറി ആ കാട്ടാളപ്പട ബലാൽക്കാരം നടത്തിയപ്പോൾ, തന്റെ സഹോദരങ്ങളുടേയും സഖാക്കളുടേയും നെഞ്ചിൽ ബയനറ്റുകൾ കുത്തിയിറക്കിയപ്പോൾ അമർഷത്തിന്റേയും പ്രതികാരത്തിന്റേയും തീയെരിയുന്ന ഡി.എമ്മിന്റെ മനസ്സ് നിന്ന് ഉരുവം കൊണ്ടവയാണ് അദ്ദേഹത്തിന്റെ കഥകളും നാടകങ്ങളും കവിതകളുമെല്ലാം.

കേവലം രാഷ്ട്രീയകഥകളായി മാറ്റിനിർത്താൻ വയ്യാത്ത എല്ലാവരും ഇഷ്ടപ്പെടുന്ന ഒന്നാന്തരം കഥകളും ഈ കഥാകൃത്തിന്റേതായിട്ടുണ്ട്. ശുദ്ധരിൽ ശുദ്ധരായ ഗ്രാമീണ ജനതയുടെ മോഹത്തിന്റേയും മോഹഭംഗത്തിന്റേയും സ്നേഹത്തിന്റേയും സ്നേഹശൂന്യതയുടേതുമായ ആ കഥകളും ഈ സമാഹാരത്തിൽ സഹൃദയർക്ക് കണ്ടെത്താം. ഋജുവായും സരളമായും വികാരത്തോജകമായും കഥപറയുക എന്നതാണ് ഡി.എം. പൊറ്റെക്കാടിന്റെ ശൈലി. ഇന്ന്



രംഗപൂജ – 'കളിത്തോഴി' യിൽനിന്ന്



ഡി.എം. സംവിധായകന്റെ കുപ്പായത്തിൽ

മലയാളകഥ പ്രമേയത്തിലും പ്രതിപാദനത്തിലുമെല്ലാം ഈ ശൈലിയിൽ നിന്ന് ഏറെ മാറിപ്പോയിട്ടുണ്ട്. നമ്മുടെ കഥാസംവേദന ശീലവും അതിനൊത്തു വളർന്നിരിക്കുന്നു.എന്നാൽ പോലും ഡി.എം. പൊറ്റെക്കാടിന്റെ കഥകളെ നമുക്ക് മറക്കാനോ തിരസ്കരിക്കാനോ കഴിയില്ല. മലയാള കഥ കടന്നുപോന്ന രഥ്യയിലെ ദീപയഷ്ടികളായി അവ നിലനില്ക്കും.

ഒരു കാലത്ത് തിളങ്ങിനില്ക്കുകയും പിന്നീട് വിസ്മൃതരാവുകയും ചെയ്ത സർഗ്ഗധനരായിരുന്ന എഴുത്തുകാരെ സഹൃദയസമക്ഷം അവതരിപ്പിക്കുകയെന്നത് അക്കാദമിയുടെ വിനീതമായ ലക്ഷ്യങ്ങളിലൊന്ന്. ഒരുതരം രാഷ്ട്രീയ പരിഗണനകളും അതിനു തടസ്സമാവരുതെന്നും ആഗ്രഹമുണ്ട്. ഡി.എം. പൊറ്റേക്കാടിന്റെ കഥകൾ അക്കാദമി മുൻകൈയെടുത്ത് പ്രസിദ്ധീകരിക്കണമെന്ന് അദ്ദേഹത്തിന്റെ ആരാധകരിൽ പലരും അക്കാദമിക്കെഴുതി. പഴയ പുസ്തക ശേഖരങ്ങൾ പലതും പരതിയാണ് ഇത്രയും കഥകളെങ്കിലും കണ്ടെടുക്കാനായത്. പ്രധാനപ്പെട്ട പലതും എന്നിട്ടും കിട്ടാതെ പോയിട്ടുണ്ട്. ഒരു കാലത്ത് നക്ഷത്രശോഭയോടെ നിരവധി പേർക്ക് മാർഗ്ഗദീപമായി വർത്തിച്ച ഡി.എം. പൊറ്റേക്കാടിന്റെ ഈ കഥാസമാഹാരം കേരള സാഹിത്യഅക്കാദമി സഹൃദയസമക്ഷം സമർപ്പിക്കുന്നു.

(കേരള സാഹിത്യ അക്കാദമി പുറത്തിറക്കിയ 'ഡി. എം: പൊറ്റേക്കാടിന്റെ കഥകൾ ' എന്ന ഗ്രന്ഥത്തിന് എഴുതിയ മുഖവുര)



ഇ.എം.സും ഡി.എം പൊറ്റേക്കാടും

# ഡി.എം – ഒരെത്തിനോട്ടം

**അജയകുമാർ പാടത്തിപ്പറമ്പിൽ**

കവിയായി കഥാകാരനായി
വിപ്ലവവാഗ്മിയായി
ചരിത്രമെഴുതി തിരുത്തിയ
സാഹിത്യാചാര്യനായി
കാലം കനിഞ്ഞരുളിയ കാരുണ്യാത്മാവേ
വന്ദിച്ചിടട്ടെ ചൂഷിതർ ഞങ്ങളിനിയും.
അകലത്തിലൊരു വെള്ളി നക്ഷത്രമായി
തിളങ്ങും നിൻമുഖം വീണ്ടുമെൻ
മനസ്സിന്റെ തീരത്തിലോർമ്മയായിന്നും
മധുരഗീതമായ് അഭ്രപാളിയിലുയരും
ഒരു 'രമണന്റെ' പ്രതിച്ഛായപോലെ,
ജ്വലിക്കുമാമുഖം മറക്കില്ലൊരിക്കലും !
കാലം തിരുത്തിയ കരുത്തേറിയതൂലികയാൽ
നാടകാചാര്യനും തിരക്കഥാകൃത്തും
കവിയുമായി പട്ടിണിക്കെതിരെ പോരാടി
'വിപ്ലവം ജയിക്കട്ടെ'
കാഹളം ജനഹൃത്തിലെത്തിച്ച മഹാരഥാ
വഴിത്താരയിൽ മൊട്ടിട്ടു
വിടരുമീരക്തപുഷ്പങ്ങളിന്നു
വീണ്ടും നമിക്കുന്നു ഡി.എമ്മിന്റെ
പേരുച്ചരിക്കുമ്പോൾ !
നാടിനും നാട്ടാർക്കും വേണ്ടി,
ഇന്ത്യതൻയോദ്ധാവായ
വിപ്ലവാത്മാവേ, തുടിക്കും
സിരകൾതന്നാവേശം
യുവാക്കളിൽ പകർന്നു,
അലതല്ലുംതിരമാലകളാക്കി
പട്ടിണിപാവങ്ങൾക്കായി പടവാളെടുത്ത്
അങ്കംകുറിച്ച ധീരസഖാവേ
പിന്നെയും നൊമ്പരം ബാക്കി
എവിടെയൊളിച്ചിരിപ്പു, ഒരുവട്ടം കൂടി
മാർഗ്ഗദർശനമേകാൻ
എന്നിനി വരുമിങ്ങു, ഞങ്ങൾ തൻ
ഡി.എം. വീണ്ടും ?
കാത്തിരിക്കാം വൃഥാ ജന്മാന്തരങ്ങളിൽ
അന്യോന്യം കണ്ടുമുട്ടാനാകുമോ ?

# സ്മരണിക യാഥാർത്ഥ്യമാക്കിയവർ

| | | |
|---|---|---|
| ലുലു സെന്റർ | – | അബുദാബി |
| ഒളിംബസ് ട്രാവത്സ് | – | എറണാകുളം |
| ഒമേഗ ട്രാവത്സ് | – | എറണാകുളം തൃപ്രയാർ |
| അഭിലാഷ് ജ്വല്ലറി | – | തൃപ്രയാർ |
| ശ്രീവത്സം കാറ്ററിംഗ് യൂണിറ്റ് | – | തൃപ്രയാർ |
| ബ്ലിസ്സോട്ടൽ | – | തൃപ്രയാർ |
| സഞ്ജീവനി ആയുർവേദിക്സ് | – | കൂരട |
| അജിത ചിറ്റ്ഫൈനാൻസ് ലിമിറ്റഡ് | – | തൃപ്രയാർ |
| പത്മപ്രഭ വിമൻസ് കോളേജ് | – | തൃപ്രയാർ |
| ശ്രീ. പി.കെ. ജയൻ | – | തൃശ്ശൂർ |
| ശ്രീ. എ.കെ. നാരായണൻ | – | വാടാനപ്പള്ളി |
| വൈക്കിംഗ് ട്രാവത്സ് | – | തൃപ്രയാർ |
| സിദ്ധജീവാമൃതം | – | വലപ്പാട് |
| ധന്യ ഫേബ്രിക്സ് | – | വാടാനപ്പള്ളി |
| ഫെയർ ഫേബ്രിക്സ് | – | തൃപ്രയാർ |
| സോന പാർക്ക് | – | തൃപ്രയാർ |
| മുഗൾ ജ്വല്ലറി | – | തൃപ്രയാർ |
| ലക്ഷ്മി ജ്വല്ലറി | – | കൊടുങ്ങല്ലൂർ |
| അമ്മ ഹോം നഴ്സിങ്ങ് | – | കൊടുങ്ങല്ലൂർ |
| ഹോട്ടൽ ഡ്രീംലാന്റ് | – | തൃപ്രയാർ |
| ചുള്ളിപറമ്പിൽ ഏജൻസീസ് | – | വാടാനപ്പള്ളി |
| മത്സ്യഫെഡ് | – | നാട്ടിക |
| ഹരിശ്രീ ഇന്റസ്ട്രീസ് | – | കോതകുളം |

# ഡി. എം. ഒരു ഓർമ്മക്കുറിപ്പ്

പി. ഗോവിന്ദപ്പിള്ള.

**(2000 നവംബർ 11 ന് നടന്ന ഡി. എം. പൊറ്റേക്കാട്ടിനെക്കുറിച്ചുള്ള ചർച്ചാ സമ്മേളനത്തിന്റെ സംഘാടകർക്ക് പി. ഗോവിന്ദപ്പിള്ള അയച്ച കുറിപ്പ്)**

എന്റെ ആത്മസുഹൃത്തും പ്രശസ്ത വിപ്ലവകാരിയുമായിരുന്ന ഡി. എം. പൊറ്റേക്കാട്ടിന്റെ കലാലോകത്തെക്കുറിച്ച് നവംബർ 11 ന് ഒരു ചർച്ചാ സമ്മേളനം നടക്കുന്നതായി നിങ്ങളുടെ അറിയിപ്പിൽ നിന്നും മനസ്സിലാക്കുന്നു.

പൊറ്റേക്കാട്ട് 1950 കളുടെ അവസാനം എറണാകുളത്ത് പാർട്ടിയുടെ ജില്ലാകമ്മിറ്റി ആഫീസുമായി ബന്ധ പ്പെട്ട് ഒരു സായാഹ്നദിനപ്പത്രം ഇറക്കിക്കൊണ്ടിരുന്നു. അക്കാലത്താണ് ഒരു ചലച്ചിത്രത്തെക്കുറിച്ചുള്ള ആശയം ഉയർന്നു വന്നത്. പൊറ്റേക്കാട്ടും ഞാനും അന്നു ഞങ്ങളോടൊപ്പമുണ്ടായിരുന്ന കവിയും സാഹിത്യകാരനുമായ പി.എസ്. ദാമോദരനും മറ്റും ഒഴിവു സമയങ്ങളിൽ പാർട്ടി ആഫീസിലിരുന്ന് ആ ചലച്ചിത്ര പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യാറുണ്ടായിരുന്നു.

അർഹമായ അളവിൽ ഡി.എം. പൊറ്റേക്കാട്ട് ആദരിക്കപ്പെടുന്നില്ല എന്ന നിങ്ങളുടെ വിമർശനം ശരിയാണ്. കൂട്ടം തെറ്റി മേയുന്നവർക്കും, വിപ്ലവകാരികൾക്കും പലപ്പോഴും ഉണ്ടാവാറുള്ള അനുഭവമാണിത്. എന്നാൽ എന്നേയും നിങ്ങളേയും പോലുള്ള അനേകരുടെ ഹൃദയങ്ങളിൽ ഒരിക്കലും മങ്ങാതെ ഡി.എം പൊറ്റേക്കാട്ടിന്റെ സ്മരണ നിലനിൽക്കും.

PG Library & Research Center

സ്നേഹപൂർവ്വം,
പി. ഗോവിന്ദപ്പിള്ള.

# OMEGA TRAVEL & TOURIST AGENCY

**Post box No. 2395, Warriam Road, cochin - 682016, Kerala, India**

**Ph: 3738317, 380417, 381017, Fax: 91484 - 370417**

**Branch: South Jn. Thriprayar - 680566**

**Phone : 0487 - 392079, Fax: 0487 - 393768**

**Chennai - 044 - 8272242**

**E-mail:- omegatta@satyam.net.in.**

**OUR SERVICES:-**

Man power Recruitment, Air ticket, Passport,
Visa Processing, Emigration, Certificate Attestation,
Embassy Formalities.



**മണവാട്ടിയുടെ മനം നിറയുന്ന മംഗല്യ സ്വപ്നം ! പുതുമയാർന്ന**
**സ്വർണ്ണ സങ്കല്പങ്ങൾ മനം കവരുന്ന ശില്പ ഭംഗി!!**
**എല്ലാം നിങ്ങൾക്കായി ഒരുക്കിക്കൊണ്ട്**

# അഭിലാഷ്

**ജ്വല്ലറി**

**ഗോൾഡ് സൂപ്പർ മാർക്കറ്റ്**

തൃപ്രയാർ 391399, (Jn) 391421

**കൊല്ലം, കണ്ണൂർ, ഷാർജ**
**740042, 701564, 5745073**

**നിങ്ങളുടെ ജന്മനക്ഷത്രങ്ങൾക്കനുയോജ്യമായ**
**ഭാഗ്യരത്നങ്ങൾ തിരഞ്ഞെടുക്കുവാൻ പ്രത്യേക സെക്ഷൻ**

അനുയോജ്യമായ ഭാഗ്യരത്നങ്ങൾ തിരഞ്ഞെടുക്കുവാൻ
ജെമോളജിസ്റ്റിന്റെ സേവനം ലഭ്യമാണ്.



മികവിന്റെ മങ്ങാത്ത തിളക്കം
EMKE
GROUP
Emke Stores
Emke Supermarket & Dept. Store
Al Tayeb Cold Stores
Al Tayeb Meat Est.
Asif Jewellery
Al Falah Plaza, Abu Dhabi, Al Ain
Emke General Trading
Childhood 0-12, Abu Dhabi, Al Ain, Dubai, Doha
Emirates General Market, Abu Dhabi, Ruwais
Syscoms Information Technology, Abu Dhabi, Al Ain, Dubai
Gulf Star Garments Est.
Fair Exports (India) Pvt. Ltd.
Emke Garments Kenya Ltd.
PTEK Prima Ekspor, Indonesia
EK Prima Exports, Thailand
EK Prima Exports Hong Kong Ltd.
Y-TEX Fashions S.C.P., Spain
Emke Tanzania Ltd., Tanzania
ലുലു സെൻറർ. നിസ്തുല വിജയത്തിന്റെയും കിടയറ്റ പാരമ്പര്യത്തിന്റെയും പ്രതീകമായി നിലനിൽക്കുന്നു. മെച്ചപ്പെട്ട ഉത്പന്നങ്ങളും മിതമായ വിലയും അതുല്യമായ സേവനവും ചേർന്ന് ഉപഭോക്താക്കൾക്കു കൂടുതൽ മൂല്യം, അതാണ് ലുലു സെൻററിന്റെ വിശ്വാസപ്രമാണം. അതുതന്നെയാണ് ഇന്നത്തെ വളർച്ചക്കെല്ലാം നിദാനവും.
കാരണം, എവിടെയും ലുലു സെൻറർ എന്നാലർത്ഥം ശ്രേഷ്ഠമായ മൂല്യം എന്നാണല്ലോ.
LuLu center
A DIVISION OF EMKE GROUP
Middle East's Favourite Department Store Chain
U.A.E.: DUBAI - KARAMA, TEL: 3351415, FAX: 3353354 ABU DHABI - HAMDAN STREET, TEL: 6272828, FAX: 6273536, SALAM STREET, TEL: 6771616, FAX: 6780708
AL AIN - MURABBA ROUNDABOUT, TEL: 7667979, FAX: 7667978 SHARJAH - ROLLA, TEL: 5521133, FAX: 5521551
SULTANATE OF OMAN: SALALAH - TEL: 288133, FAX: 288144. QATAR: DOHA - TEL: 4322442, 4324324, FAX: 4363434